അരിമ്പൂർ ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണം

# സമഗ്ര വികസന രേഖ



1996 നവംബർ 30

# വിഷയവിവരം


1. ആമുഖം
2. ചരിത്രം
3. കൃഷി ജലസേചനം
4. മത്സ്യബന്ധനം
5. വിദ്യാഭ്യാസം
6. ആരോഗ്യം - കുടിവെള്ളം
7. വ്യവസായം
8. ഗതാഗതം - ഊർജ്ജം
9. ഭവനനിർമ്മാണം - ക്ഷേമപ്രവർത്തനം
10. സംസ്ക്കാരം
11. വനിത
12. സഹകരണം
13. പട്ടികജാതി - പട്ടികവർഗ്ഗം
14. വിഭവസമാഹരണം

86-2

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

ഒമ്പതാം പദ്ധതി നമ്മുടെ പദ്ധതി

# അരിമ്പൂർ ഗ്രാമപഞ്ചായത്ത്

ഗ്രാമപഞ്ചായത്ത് വികസന സെമിനാർ

# സമഗ്ര വികസന രേഖ

# അരിമ്പൂർ ഗ്രാമപഞ്ചായത്ത്

## ഭരണം സംബന്ധിച്ച വിവരങ്ങൾ

| | | |
|---|---|---|
| 1. | പഞ്ചായത്തിൽ ഉൾപ്പെടുന്ന വില്ലേജുകൾ | 1. എറവ്<br>2. പരയ്ക്കാട്<br>3. വെളുത്തൂർ<br>4. മനക്കൊടി |
| 2. | വിസ്തീർണ്ണം | 5598.92 ഏക്ര<br>(14 Sq. M.) |
| 3. | ജനസംഖ്യ | 23829 - 1991-ലെ സെൻസസ്<br>28482 - 1996-ലെ കണക്ക് |
| 4. | വാർഡുകൾ | 10 വാർഡുകൾ |
| 5. | സംവരണ വാർഡുകൾ ഏതെല്ലാം | 2, 5, 7, 8, 9 |
| 6. | വനിതാ വാർഡുകൾ | 2, 7, 8, 9 |
| 7. | പട്ടികജാതി/പട്ടികവർഗ്ഗം വാർഡ് | 5 |
| 8. | സ്വന്തമായി ഓഫീസ് കെട്ടിടം ഉണ്ടോ? | ഉണ്ട് |
| 9. | പഞ്ചായത്ത് ഓഫീസ് ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ച വിവരങ്ങൾ | 8 പേർ |
| 10. | ഭരണ ചെലവ് എത്ര? | Rs. 509313/ |
| 11. | വരുമാനത്തിൻെറ എത്ര ശതമാനം? | 40 % |

# മുൻകാല സാരഥികൾ

1. റവ: ഫാ. പത്രോസ്
2. ചെറുവള്ളി തിരുമേനി
3. കുണ്ടിൽ ശങ്കരൻ നമ്പിടി
4. പഴയേടത്ത് നാരായണൻ നമ്പൂതിരി
5. മാരാത്ത് ശങ്കരമേനോൻ
6. എൻ. ഐ. ദേവസ്സിക്കുട്ടി
7. സി. വി. വാസുദേവൻ നമ്പൂതിരി
8. എ. ചന്ദ്രശേഖരൻ മാസ്റ്റർ



പഴയേടത്ത് നാരായണൻ നമ്പൂതിരി



മാരാത്ത് ശങ്കരമേനോൻ



എൻ. ഐ. ദേവസ്സിക്കുട്ടി

"മോഹമുണ്ടാമുഖം കാണുവാൻ, വന്നാലും,
സ്നേഹാത്മൻ ദേവസ്സിക്കുട്ടിയിപ്പോൾ
വന്നൊന്നനുഗ്രഹിച്ചീടുമീ റിപ്പോർട്ട്
നന്നായിത്തീരുവാൻ, കൈക്കൂപ്പുന്നു."



സി. വി. വാസുദേവൻ നമ്പൂതിരി



എ. ചന്ദ്രശേഖരൻ മാസ്റ്റർ

# ത്രിതല പഞ്ചായത്ത് സാരഥികൾ



കെ.കെ.പ്രഭാകരൻ മാസ്റ്റർ
ജില്ലാ പഞ്ചായത്ത് മെമ്പർ



പി. ഉണ്ണികൃഷ്ണൻ മാസ്റ്റർ
ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്



എൻ.ഐ. ജോസ്മർ
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ



ലതിക രാധാകൃഷ്ണൻ
ഗ്രാമപഞ്ചായത്ത് സ്റ്റാ.ക.ചെയർമാൻ



പി.എ. അന്തോണി
ഗ്രാമപഞ്ചായത്ത് വൈ.പ്രസിഡണ്ട്



കെ.എ. ജോസഫീന
ഗ്രാമപഞ്ചായത്ത് മെമ്പർ



സി. ചന്ദ്രൻ
ഗ്രാമപഞ്ചായത്ത് മെമ്പർ



കെ.കെ. ചാക്കോ
ഗ്രാമപഞ്ചായത്ത് മെമ്പർ



പി.കെ. വിജയൻ
ഗ്രാമപഞ്ചായത്ത് മെമ്പർ



ഐഷാ വാസുദേവൻ
ഗ്രാമപഞ്ചായത്ത് മെമ്പർ



സി.എൽ. ജോൺസൺ
ഗ്രാമപഞ്ചായത്ത് മെമ്പർ



കെ. തങ്കമണി അമ്മ
ഗ്രാമപഞ്ചായത്ത് മെമ്പർ

# അരിമ്പൂർ ഗ്രാമപഞ്ചായത്ത്

| | | |
|---|---|---|
| വില്ലേജുകൾ | : | എറവ്, പരയ്ക്കാട്, വെളുത്തൂർ, മനക്കൊടി |
| താലൂക്ക് | : | തൃശൂർ |
| ജില്ല | : | തൃശൂർ |
| ബ്ലോക്ക് | : | പുഴയ്ക്കൽ |
| ലോകസഭാമണ്ഡലം | : | തൃശൂർ |
| ലോകസഭാംഗം | : | ശ്രീ. വി. വി. രാഘവൻ |
| നിയമസഭാമണ്ഡലം | : | മണലൂർ |
| നിയമസഭാംഗം | : | ശ്രീമതി റോസമ്മ ചാക്കോ |
| ജില്ല പഞ്ചായത്ത് | : | തൃശൂർ - അയ്യന്തോൾ ഡിവിഷൻ |
| ജില്ലാ പഞ്ചായത്തംഗം | : | ശ്രീ. കെ. കെ. പ്രഭാകരൻ മാസ്റ്റർ |
| ബ്ലോക്ക് പഞ്ചായത്ത് | : | പുഴയ്ക്കൽ - അരിമ്പൂർ ഡിവിഷൻ |
| ബ്ലോക്ക് പഞ്ചായത്തംഗം | : | ശ്രീ. എൻ. ഐ. ജോസ്മർ |
| ഗ്രാമപഞ്ചാത്ത് | : | അരിമ്പൂർ |

| | ഗ്രാമപഞ്ചായത്തംഗങ്ങൾ | : | | വാർഡ് |
|---|---|---|---|---|
| 1. | പി. ഉണ്ണികൃഷ്ണൻ മാസ്റ്റർ | - | പ്രസിഡണ്ട് | 1 |
| 2. | കെ. എ. ജോസഫീന | - | മെമ്പർ | 2 |
| 3. | സി. ചന്ദ്രൻ | - | മെമ്പർ | 3 |
| 4. | കെ. കെ. ചാക്കൊ | - | മെമ്പർ | 4 |
| 5. | പി. കെ. വിജയൻ | - | മെമ്പർ | 5 |
| 6. | പി. എ. അന്തോണി | - | വൈ. പ്രസിഡണ്ട് | 6 |
| 7. | ഐഷ വാസുദേവൻ | - | മെമ്പർ | 7 |
| 8. | ലതിക രാധാകൃഷ്ണൻ | - | സ്റ്റാ. ക. ചെയർമാൻ | 8 |
| 9. | കെ. തങ്കമണി അമ്മ | - | മെമ്പർ | 9 |
| 10. | സി. എൽ. ജോൺസൺ | - | മെമ്പർ | 10 |
| | കെ. ശങ്കരനാരായണൻ | - | സെക്രട്ടറി | |

## ഒമ്പതാം പദ്ധതി ജനകീയ പദ്ധതി
## ഒമ്പതാം പദ്ധതി നമ്മുടെ പദ്ധതി

നമ്മുടെ പദ്ധതിക്ക് രൂപം കൊടുക്കുവാനുള്ളവർ നമ്മൾ തന്നെ ഗ്രാമീണ ജനതയുടെ ഉൾത്തുടിപ്പുകളിൽ നിന്ന് ഉദയംകൊണ്ട ആശയങ്ങളും അഭിലാഷങ്ങളും, ആഗ്രഹങ്ങളും ആവശ്യങ്ങളും ഉൾക്കൊണ്ട ഗ്രാമസഭ തീരുമാനങ്ങൾ എത്രയെത്ര കർമ്മപരിപാടികൾക്ക് രൂപം കൊടുക്കുവാൻ പോകുന്നു.

വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് ജനാഭിലാഷങ്ങളെ ക്രോഡീകരിക്കുന്നതിന് വിളിച്ചുകൂട്ടിയ നാട്ടുകൂട്ടത്തിന്റെ നടുവിൽ നിൽക്കുമ്പോൾ അധികാരിവർഗ്ഗം വികസനത്തിന് വേണ്ടി ചർച്ചകളിലൂടെയും തേർച്ചകളിലൂടെയും രൂപപ്പെടുത്തിയ നിർദ്ദേശങ്ങൾ കേൾക്കുമ്പോഴും, രേഖപ്പെടുത്തുമ്പോഴും എളിയ ഞങ്ങളെപ്പോലുള്ള ജനപ്രതിനിധികൾ ഉൾക്കുളിരാർന്ന ആഹ്ലാദത്തോടുകൂടി ജനതതിയിൽ ലയിച്ച് നിന്ന ആ സന്മുഹൂർത്തം എന്നും മധുരിമയോടെ നിലനില്ക്കുന്നു.

ഒന്ന് മുതൽ പത്ത് വരെ വാർഡുകളിൽ ചേർന്ന ഗ്രാമസഭകൾ ഒന്നിനൊന്ന് മെച്ചം തന്നെ. ഉദ്യോഗസ്ഥവൃന്ദങ്ങൾ ഉത്തരവാദിത്വം നിറവേറ്റുന്നതിന് ജനങ്ങളോടൊത്ത് പ്രവർത്തിക്കാനും, സഹായിക്കാനും ഒരുമ്പെട്ട് വന്ന് സഭകളിൽ സാന്നിദ്ധ്യം ഉറപ്പാക്കിയത് അധികാരവികേന്ദ്രീകരണം ഫലവത്തായതിന്റെ പശ്ചാത്തലത്തിലാണ്. റിസോഴ്സ് പേഴ്സൺസ് നാടിന്റെ നട്ടെല്ലുകളാണ്. പറയാനും പഠിപ്പിക്കാനും വികസനപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാനും ലഭിച്ച പരിശീലനക്ലാസുകളിൽ നിന്ന ഉദയംകൊണ്ട ആത്മധൈര്യവും, അറിവും ജനങ്ങളിലേക്ക് പകർന്ന് പകർന്ന് ആബാലവൃദ്ധം ജനങ്ങളും സ്വയാധികാരകേന്ദ്രങ്ങളായി തീർന്നുതുടങ്ങി എന്നത് വികസനത്തിന്റെ വിജയത്തിന് മാറ്റ് കൂട്ടുന്നു.

അനുകരണവും, അനുസരണവുംകൊണ്ട് വികസന റിപ്പോർട്ട് ഗ്രാമപഞ്ചായത്തിന്റെ അമൂല്യസമ്പത്താക്കി മാറ്റാൻ എല്ലാ കഴിവുകളും സമർപ്പിച്ചുകൊണ്ട് വിവിധ തുറകളിലെ ജനങ്ങൾ അഹമഹമികയാ മുന്നോട്ട് വന്നിട്ടുള്ളത് വളരെയധികം സഹായം ചെയ്യുന്നുണ്ട്. ഇനി ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ വികസനറിപ്പോർട്ടിന്റെ ആമുഖത്തിലേക്ക് പ്രവേശിക്കട്ടെ.

# ആമുഖം

അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ ആസ്ഥാനം കേരളത്തിന്റെ സാംസ്ക്കാരിക ജില്ലയായ തൃശൂരിൽ, തൃശൂർ താലൂക്കിൽ എറവ്, പരയ്ക്കാട്, വെളുത്തൂർ, മനക്കൊടി എന്നീ 4 വില്ലേജുകളിൽ ഉൾപ്പെട്ട പ്രകൃതിമനോഹരമായ ഭൂപ്രദേശമാണ്. നാലുപാടും മനക്കൊടിക്കായലിലെ കോൾപാടങ്ങളാൽ ചുറ്റപ്പെട്ടു കിടക്കുന്ന ഒരു പൌരാണിക രമണീയ ദ്വീപാണ് അരിമ്പൂർ. മുൻകാലങ്ങളിൽ അരിമ്പൂർ പഞ്ചായത്ത് എറവ് പഞ്ചായത്ത് എന്നാണ് അറിയപ്പെട്ടിരുന്നത്. എറവ്, മുനയം ചാൽ ഉൾപ്പെട്ട കോൾപടവുകളും തൊട്ടുകിടക്കുന്ന കരപ്രദേശങ്ങളുമാണ് എറവ് വില്ലേജിൽ ഉൾപ്പെട്ടു കിടക്കുന്നത്.

പുരാതനകാലത്ത് പരാശരമുനി തപസ്സ് ചെയ്തിരുന്ന കാടാണ് പരയ്ക്കാട്. ആ പരയ്ക്കാട് പ്രദേശങ്ങളും തൊട്ടടുത്ത കോൾപാടങ്ങളും ചേർന്നതാണ് പരയ്ക്കാട് വില്ലേജ്. മനക്കൊടികായലിൽ വഞ്ചി ഗതാഗതത്തിന്നും രാത്രികാലങ്ങളിൽ ദിശയറിയാൻ വേണ്ടി വിളക്കുമാടം സ്ഥാപിച്ച സ്ഥലത്തിന് വിളക്കുമാടം എന്നു പറഞ്ഞു വരുന്നു. കൊച്ചി മഹാരാജാക്കന്മാർ കേവ്വഞ്ചിയിൽ എറണാകുളത്തുനിന്നു തൃശൂർക്ക് വരുമ്പോൾ കരാഞ്ചിറ വഴി കൊക്കാലയിലേക്ക് മനക്കൊടികായലിൽ കൂടിയുള്ള യാത്രയിൽ രാത്രിയായാൽ വഴിതെറ്റിപോകാതിരിക്കാൻ മഹാരാജാവിന്റെ പ്രത്യേക കല്പന പ്രകാരമാണ് വിളക്കുമാടം സ്ഥാപിച്ചത്. ഒരു ഇത്തിരി തുരുത്തായ വിളക്കുമാടം വടക്കേ ഭാഗത്തെ കരയോടുബന്ധപ്പെടാൻ ഒരു ചെറിയ ബണ്ട് ഉണ്ട്. ഈ വിളക്കുമാടവും വടക്കുള്ള കരപ്രദേശങ്ങളും ചുറ്റുമുള്ള കോൾപാടങ്ങളും ചേർന്നതാണ് വെളുത്തൂർ വില്ലേജ്. മനക്കൊടി കായലിന്റെ സർവ്വസംരക്ഷക പരാശക്തിയായ ശ്രീധർമ്മശാസ്താവ് കുടികൊള്ളുന്ന പ്രദേശവും ചുറ്റുമുള്ള കോൾപാടങ്ങളും ചേർന്നതാണ് മനക്കൊടി വില്ലേജ്.

മനക്കൊടി കായലിലുള്ള കോൾപാടങ്ങളിൽ മുൻകാലത്ത് മകരത്തിൽ തിരുവോണഞാറ്റുവേലയിൽ കൃഷിയിറക്കി വിഷുപ്പിറ്റെ മുതൽ മേടമാസത്തിൽ കൊയ്തു കേറുകയായിരുന്നു പതിവ്. ഹൈക്കോർട്ട് ജഡ്ജിയായിരുന്ന ശ്രീ സുബ്രഹ്മണ്യയ്യർക്ക് മനക്കൊടിയിൽ കളവും കയ്യാലയും കൃഷ്ണൻകോട്ട പടവിൽ കൃഷിയുമുണ്ടായിരുന്നു. കൃഷ്ണൻകോട്ടയിൽ നിന്നു കൊയ്തുകേറി മെതിച്ച് ആളും കയ്യും ഉയരത്തിൽ സുബ്രഹ്മണ്യയ്യരുടെ കയ്യാലയിൽ നെല്ല് കരംചേർത്ത് കൂട്ടിയിടുന്നത് അക്കാലത്ത് ഉത്സവം പകരുന്ന കാഴ്ചയായിരുന്നു. ഇടക്കുന്ന വാരിയന്മാരുടെ വക കളവും കയ്യാലയും വാരിയം പടവിലെ കൃഷിയും കോളുകൊണ്ടതായിരുന്നു. നെല്ലിൻ കൂമ്പാരങ്ങൾ വാരിയന്മാരുടെ കയ്യാലകളിൽ കൂട്ടിയിട്ടിരിക്കുന്നതു കണ്ടാൽ അതിശയം തോന്നിയിരുന്നു. വിളക്കുമാടം പടവ് കൊയ്തു ചിറയിൽ കർത്താവിന്റെ കയ്യാലയിൽ കൂട്ടിയിടാറുള്ള നെല്ലിൻകരം കൗതുകം തോന്നിക്കുന്നതായിരുന്നു. എറവിൽ തോട്ടുപുര കയ്യാലയിൽ തോട്ടുപുര 1000 പറക്ക് പടവ് കൊയ്ത് നെല്ല് മെതിച്ച് കൂട്ടിയിടുന്നതും പതമ്പ് അളക്കുന്നതും ഒരു കൊയ്തുത്സവത്തിന്റെ ഹരം പകർന്നിരുന്നു. അവണാമനവക എറവ് മഠത്തിൽ കൊടയാട്ടിൽ പടവ് കൃഷിക്കാർ പാട്ടം അളന്നുകൂട്ടുന്ന നെല്ലിൻകൂമ്പാരം പൊലിമയാർന്നതായിരുന്നു. രജമുട്ടുപടവ് കൊയ്ത് മഞ്ഞളായിനായരുടെ കളത്തിൽ കൂട്ടിയിടുന്ന നെല്ലിൻകുന്നുകൾ കണ്ണിന്ന് ആനന്ദമായിരുന്നു. ഭരണിക്കുണ്ടൻ കോർ ജഡ്ജിയും സാഹിത്യകാരുമായിരുന്ന ശ്രീ. പുത്തേഴത്ത് രാമൻമേനോന്റെതായിരുന്നു. രാമാരാമം എന്ന പേരിലാണ് എറവിൽ അദ്ദേഹത്തിന്റെ കയ്യാല അറിയപ്പെട്ടിരുന്നത്. അവിടെ കൊയ്ത്ത് കാലത്ത് നെല്ല് കൂട്ടി ശേഖരിച്ച് അദ്ദേഹം അത്യാഹ്ലാദം പൂണ്ടിരുന്നു. കുട്ടിമുറി കോളിലെ നെല്ലും പുത്തൻകോളിലെ വാരപ്പാട്ടവും കൂടി നടക്കാവുകാരൻ ഈനാശു അവർകളുടെ കയ്യാല ഒരു വൻനെല്ലറ തന്നെയായിരുന്നു. കൂടാതെ നിരവധി വൻകർഷകരും കൊയ്തുവെച്ച് നെല്ല് കൂട്ടിയിരുന്നത് പഴയ എറവ് പഞ്ചായത്ത് പ്രദേശത്ത് തന്നെയായിരുന്നു. ഇവിടെ ഏതാനും കർഷകരും ഒട്ടേറെ കുടുംബങ്ങളും കോൾകൃഷിയിൽ ഏർപ്പെട്ടിട്ടുള്ളവരായിരുന്നു. എല്ലാവീട്ടിലും നെല്ല് സംഭരിച്ചുകൊണ്ട് ഐശ്വര്യത്തിന്റെയും അഭിവൃദ്ധിയുടേയും സങ്കേതങ്ങളായി തീർന്നിരുന്ന കാഴ്ച ആനന്ദസന്ദായകമായിരുന്നു. അങ്ങിനെ

*എവിടെ തിരിഞ്ഞൊന്നു നോക്കിയാലും*

*അവിടെല്ലാം നെല്ലുപുര നെല്ലു തന്നെ*

അപ്പോൾ ധാരാളം ധാരാളമായി നെല്ല് ശേഖരമുള്ള ഈ പഞ്ചായത്തിൽ അരിക്ക് യാതൊരു ക്ഷാമവുമുണ്ടായിരുന്നില്ലെന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ. അങ്ങിനെ അരിപുരമായിത്തീർന്ന എറവ് പഞ്ചായത്തിനെ അരിമ്പൂർ

പഞ്ചായത്തെന്ന് പുനർനാമകരണം ചെയ്തു. ഇപ്പോൾ അരിമ്പൂർ ഗ്രാമപഞ്ചായത്ത് നിലവിൽ വന്നിരിക്കുന്നു.

മുമ്പു ശ്രീ. കെ. കരുണാകരൻ, ശ്രീ. കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട്, ശ്രീ. ജോസഫ് മുണ്ടശ്ശേരി, ശ്രീ കെ. പി. പ്രഭാകരൻ, ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി, ശ്രീ. വി. എം. സുധീരൻ എന്നീ പ്രഗത്ഭമതികളാൽ പ്രതിനിധാനം ചെയ്തിരുന്നതും ഇപ്പോൾ ആരാദ്ധ്യയായ ശ്രീമതി റോസമ്മ ചാക്കോ പ്രതിനിധാനം ചെയ്യുന്നതുമായ മണലൂർ നിയോജകമണ്ഡലത്തിൽപ്പെട്ടതാണ് അരിമ്പൂർ ഗ്രാമപഞ്ചായത്ത്. ലോകസഭാ നിയോജകമണ്ഡലം തൃശൂർ തന്നെ. വി. വി. രാഘവനാണ് തൃശൂർ ലോകസഭാംഗം. നാലതിര് - കിഴക്ക് അയ്യന്തോൾ പഞ്ചായത്തും, പടിഞ്ഞാറ് അന്തിക്കാട്, മണലൂർ പഞ്ചായത്തുകളും വടക്ക് വെങ്കിടങ്ങ്, അടാട്ട് പഞ്ചായത്തുമാണെന്നുള്ളത് സന്തോഷത്തിനു വക നൽകുന്നു. നാലുപുറവും വെള്ളത്താൽ ചുറ്റപ്പെട്ട അരിമ്പൂർ ഗ്രാമപഞ്ചായത്തിലെ മനക്കൊടിയും അയ്യന്തോൾ ഗ്രാമപഞ്ചായത്തിലെ ചേറ്റുപുഴയുംകൂടി ബന്ധിപ്പിക്കുന്നത് ചേറ്റുപുഴപാലം വഴിയുള്ള പി. ഡബ്ലിയു.ഡി.ബണ്ടു റോഡാണ്. അതുപോലെ അരിമ്പൂർ ഗ്രാമപഞ്ചായത്തിലെ എറവും മണലൂർ ഗ്രാമപഞ്ചായത്തിലെ കാഞ്ഞാണിയും കൂടി കൂട്ടിയിണക്കുന്നത് പെരുമ്പുഴ പാലം വഴിയുള്ള PWD റോഡുമാണ്. ചേറ്റുപുഴ നിന്നു പെരുമ്പുഴ വരെ അരിമ്പൂർ ഗ്രാമപഞ്ചായത്തിൻെറ ഹൃദയഭാഗത്തുകൂടി അരിമ്പൂരിലെ 4 വില്ലേജുകളേയും തൊട്ടുതലോടിക്കൊണ്ടു P.W.D. റോഡ് നീണ്ടുനിവർന്നു കിടക്കുന്നു. അങ്ങിനെ തൃശൂർ നിന്ന് കാഞ്ഞാണിവഴിയുള്ള ബസ്സ് റൂട്ട് അരിമ്പൂരിൽ കൂടി കടന്നുപോകുന്നു. തൃശൂർ നിന്ന് പടിഞ്ഞാറൻ മേഖലകളിലേക്കും പടിഞ്ഞാറൻ മേഖലകളിൽ നിന്ന് തൃശൂർക്കുമുള്ള പ്രധാന റോഡുഗതാഗതമാർഗ്ഗം അരിമ്പൂരിൽ കൂടിയാണെന്നത് പ്രത്യേകം എടുത്തുപറയാവുന്നതാണ്. തൃശൂർ നിന്നു കാഞ്ഞാണി വഴിയുള്ള ഏതു ബസ്സിൽ കയറിയാലും നിഷ്പ്രയാസം അരിമ്പൂരിലെത്താം.

അരിമ്പൂരിൻെറ മുൻകാല സാരഥികളായി റവ: ഫാ. പത്രോസ്, ചെറുവള്ളി തിരുമേനി, കുണ്ടിൽ ശങ്കരൻ നമ്പിടി, പഴയേടത്ത് നാരായണൻ നമ്പൂതിരി, മാരാത്ത് ശങ്കരമേനോൻ, എൻ. ഐ. ദേവസ്സിക്കുട്ടി, സി. വി. വാസുദേവൻ നമ്പൂതിരി, എ. ചന്ദ്രശേഖരൻ മാസ്റ്റർ എന്നിവർ ചെയ്തിട്ടുള്ള സേവനങ്ങളെ നന്ദിയോടെ സ്മരിക്കുന്നു. അരിമ്പൂരിൻെറ പുരോഗതിക്ക്, ദീർഘകാലം പ്രസിഡണ്ടും മണലൂർ എം.എൽ.എ.യുമായിരുന്ന ദിവംഗതനായ ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി ചെയ്ത നിസ്തുല സേവനം നിസ്സീമമാണ്. അദ്ദേഹത്തോട് അരിമ്പൂർ പഞ്ചായത്ത് എന്നും കടപ്പെട്ടിരിക്കുന്നു.

അരിമ്പൂർ ഗ്രാമപഞ്ചായത്തിൻെറ കരഭൂമിയുടെ വിസ്തൃതി 8 $^{3}/_{4}$ സ്ക്വയർ മൈൽസ് ആകുന്നു. നാലുപുറവും പച്ചപിടിച്ച നെൽപാടങ്ങളാൽ ചുറ്റപ്പെട്ട വിളഞ്ഞ കതിരണിപാടങ്ങളുടെ നടുവിൽ നില്ക്കുന്ന അരിമ്പൂരിനെ പീതാംബരധാരിണിയായ പ്രകൃതി മാതാവിൻെറ പരിപൂതമായ സ്മരണയാണുണ്ടാവുക. കരപ്രദേശങ്ങളുടെ കമനീയത കണക്കിലെടുത്താൽ പലതും വിസ്മയമുളവക്കുന്നതാകുന്നു. അരിമ്പൂരാകുന്ന വലിയ ദ്വീപിൽ വിളക്കുമാടമെന്ന ഒരു കൊച്ചുദ്വീപുണ്ട്. എറവിനും വെളുത്തൂരിനും കൈപ്പിള്ളിക്കുമിടക്ക് എറവ് കൈപ്പിള്ളി അകംപാടമുണ്ട്. എറവിനെയും കൈപ്പിള്ളിയേയും യോജിപ്പിക്കുന്ന ഒരു ബണ്ട് റോഡ് അകംപാടത്തിൻെറ തെക്കേ അറ്റത്ത് നേർവരപോലെ കിടക്കുന്നു. മനക്കൊടിക്കും വെളുത്തൂരിനുമിടക്ക് മനക്കൊടി വെളുത്തൂർ അകംപാടമുണ്ട്. കൈപ്പിള്ളിയിൽ അതിപുരാതനമായ പൂതിരിക്കുന്നുണ്ട്. മണ്ണെടുത്ത് നാമാവശേഷമായി കൊണ്ടിരിക്കുകയാണ് ഇപ്പോൾ. മനക്കൊടിയിലെ മാരാത്ത് കുന്നിൻെറ സ്ഥിതിയും ഇത് തന്നെ. കുന്നത്തങ്ങാടി പരിഷ്ക്കരിച്ച് വികസനത്തിൻെറ പാതയിൽ നാഴികക്കല്ലായി നില്ക്കുന്നു. വെളുത്തൂർ അകംപാടത്തുള്ള കരിവന്തല കുഴിയിൽ കുടിവെള്ളലഭ്യതക്ക് കുളംകെട്ടി മോട്ടോർ വെച്ച് ടാങ്കിലേക്ക് വെള്ളം അടിച്ചുകൊടുത്തിരുന്ന സംവിധാനം ഇപ്പോൾ നാശമോശമായിക്കിടക്കുന്നതു കാണാം.

എറവിൽ പൊന്നത്തുപാറയെന്നു വിളിക്കുന്ന വെട്ടുകൽ പാറയുണ്ട്. കല്ലുവെട്ടികുറെ കുഴിയായികിടക്കുന്നു. പരയക്കാടിൽ ഉള്ള ഓളംതല്ലിപ്പാറ കരിങ്കൽ പാറയാണ്. അത് വെടിവെച്ച് പാറപൊളിച്ച് കുളമായി തീർന്നിട്ടുണ്ട്. ഇതുകൂടാതെ പരയക്കാട് കരിങ്കൽ പൊളിച്ചെടുത്ത ഒരു പാറക്കുളമുണ്ട്. കറ്റംപാറ, വലിയപാറ എന്നും ഉണ്ട്.

വർഷക്കാലത്ത് നിറയെ വെള്ളവും വേനലായാൽ വറ്റിവരണ്ടുപോകുന്ന കുളങ്ങൾ വേറെയുമുണ്ട്. മനക്കൊടിയിലെ ഊമക്കുളം, വെളുത്തൂരിലെ വില്ലുകുളം, കോതകുളം, ചാലുകുളവും അത്തരത്തിൽപ്പെട്ടതാണ്. എറവിലെ അണ്ടിക്കുളം, കരിവാലിക്കുളം, ചെടയൻകുളം എന്നിവയും അതുപോലെത്തന്നെ പരക്കാട് പുത്തൻ കുളവുമുണ്ട്. മറ്റു കരപ്രദേശങ്ങൾ ഏതാണ്ട് തട്ടുതട്ടുകളായി നിരന്നു പരന്നുകിടക്കുന്നതാണ്. അരിമ്പൂരിൻെറ

നടുവിൽ കൂടി ഏതാണ്ട് കിഴക്ക് പടിഞ്ഞാറായി കിടക്കുന്ന പി. ഡബ്ലിയു. ഡി. റോഡ് അരിമ്പൂരിനെ തെക്കും വടക്കുമായി രണ്ടായി വിഭജിച്ചിരിക്കുന്നതായി കാണാം.

ഇവിടുത്തെ ജനങ്ങൾ സമാധാനപ്രിയരാണ്. ശാന്തശീലരാണ്. വിദ്യാഭ്യാസവും വിവേകവും ഉള്ളവരാണ്. കർഷകരും കർഷകതൊഴിലാളികളുമാണ്. സ്നേഹസമ്പന്നരാണ്. ഹിന്ദുക്കളും, കൃസ്ത്യാനികളുമാണ് ഭൂരി പക്ഷം. നാമമാത്രമായ മുസ്ലീം കുടുംബങ്ങളുമുണ്ട്. ഏകോദരസഹോദരന്മാരെപ്പോലെ കഴിയുന്നു. ഇപ്പോൾ വീടുകളിൽ കഴിയുന്ന സദ്യകളിലും വിരുന്നുകളിലും കല്ല്യാണങ്ങളിലും ആണ്ടറുതികളിലും ആഘോഷങ്ങളിലും പെരുന്നാളുകളിലും പൂരങ്ങളിലും മറ്റും എല്ലാവരും ഒത്തുചേർന്ന് ഇടപഴകി സഹായിച്ചും സഹകരിച്ചും ഒരുമയോ ടെ കഴിയുന്നു. ആരാധനാലയങ്ങളിലും ദേവാലയങ്ങളിലും മതപരമായ ചടങ്ങുകളിലും മറ്റും അന്യോന്യം ആദരി ച്ചും ബഹുമാനിച്ചും ആചാരമര്യാദകൾ ചിട്ടയോടെ എല്ലാവരും ഒരുമയോടെ കൊണ്ടാടുന്നത് ഐക്യത്തി ൻേറയും സാഹോദര്യത്തിൻേറയും മകുടോദാഹരണമാണ് അദ്ധ്യാത്മിക ചൈതന്യത്തിൻെറ ഉറവിടം പ്രധാനമാ യും ആരാധനാലയങ്ങൾ തന്നെ. പുരാതനമായ അഞ്ച് ഹൈന്ദവ മഹാക്ഷേത്രങ്ങളാണ് അരിമ്പൂരിലുള്ളത്. എറവിലുള്ളത് പരിപാവനമായ വിഷ്ണുക്ഷേത്രം. അവണാമനയും ചിറ്റൂരുമനയും കൂടിയായിരുന്നു ഊരായ്മ. എടവമാസം 5ാം തിയതിയായിരുന്നു വേല. പറയർ കളി, പൂതം തുള്ളൽ, കുതിര, കാളകളികൾ എന്നിവ വേലയു ടെ പ്രത്യേകതകളായിരുന്നു. മനക്കാരിൽ നിന്നു ഊരായ്മ എറവ് എൻ. എസ്. എസ്. ഏറ്റുവാങ്ങി. ഇപ്പോൾ പഞ്ചാവാദ്യവും അഞ്ചാനകളുമായി മേടത്തിലെ അവിട്ടം നാളിൽ ഉത്സവം കൊണ്ടാടുന്നു. പരാശരമുനിവര്യനാൽ പരിപൂതമാക്കപ്പെട്ട പരക്കാട് ക്ഷേത്രത്തിൽ ഉത്സവവും ചടങ്ങുകളും അനുസ്യൂതം കൊണ്ടാടിവരുന്നു. ചെറുളി മനയിൽ നിന്നു പരക്കാട് എൻ. എസ്. എസ്. ഊരായ്മ ഏറ്റെടുത്ത് നടത്തിവരുന്നു. മനക്കൊടി അയ്യപ്പൻകാവിൽ ശാസ്താപ്രീതിക്കുവേണ്ടതായ ആഘോഷങ്ങൾ നടത്തിവരുന്നതാണ്. വെളുത്തൂർ നമ്പോർകാവിലമ്മ തിരുവടി തട്ടകത്തമ്മയാണ്. പെരുമയാർന്ന പൂരവും ആനപ്പുറത്തെഴുന്നള്ളിപ്പും ഉത്സവത്തിമർപ്പോടെ കൊണ്ടാടുന്നു. പുലയൻ കളി, നമ്പോർ കളി, കുതിരകളി, കാളകളി, പൂതംകളി എന്നിവയും ആർഭാടപൂർവ്വം നടക്കുന്നു. നമ്പിടി മാരുടെ ഊരായ്മയിലാണ് ക്ഷേത്രം. പതിനാറാം മകത്തിൻ നാൾ പോത്തോട്ടമത്സരം മതാചാരചടങ്ങായിത്തന്നെ നടന്നുവരുന്നു. പോത്തങ്ങളെ ഓടിച്ചുകൊണ്ടു ചെന്ന് വലയംവെക്കുന്നതിൻെറ ആസ്ഥാനം നമ്പോർകാവിൽ പരിസരത്താണ്.

കൂട്ടാലെ ശ്രീമഹാവിഷ്ണുക്ഷേത്രം അരിമ്പൂരിൻെറ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്നു. ഇത് കൊച്ചിൻ ദേവസ്വംവകക്ഷേത്രമാണ്. നാട്ടുകാരുടെ കമ്മറ്റിയാണ് പൂരാഘോഷങ്ങൾ കേമമായി നടത്തിവരുന്നത്. കൂട്ടാ ലെ പൂരവും നമ്പോർകാവുപൂരവും തലേന്നും പിറ്റേന്നുമായി വരുന്നത് സാധാരണയാണ്. കൈപ്പിള്ളി പുത്തിരി കുന്നിൻെറ തെക്ക് താഴ്വരയിൽ ഒരു കളരിക്ഷേത്രമുണ്ട്. കൊടുങ്ങല്ലൂർ ഭരണിനാളിൽ തന്നെയാണ് ഇവിടേയും ഭരണിവേല നടത്തുന്നത്. ഇതിന്നും പുറമെ കുന്നത്തങ്ങാടിയുടെ പടിഞ്ഞാറു ശ്രീ സുബ്രഹ്മണ്യൻ കോവിൽ ഉണ്ട്. അതിഗംഭീരമായ കാവടിയാട്ടവും പൂരവും നടത്തിവരുന്നു. എല്ലാ ദേശക്കാരും പ്രത്യേകം പ്രത്യേകം കാവടി ആട്ടം ആഘോഷപരമായി കൊണ്ടാടുന്നു.

കൃസ്തുവർഷത്തിൻെറ 9-ാം ശതകത്തിൽ സ്ഥാപിതമായ അരിമ്പൂർ സെൻറ്. ആൻറണീസ് പള്ളി മഹൽ ദേവാലയമാണ്. ഈ പള്ളിയുടെ കീഴിലുള്ള വിശുദ്ധ ഗീവറുഗീസ് സഹദായുടെ തീർത്ഥകേന്ദ്രത്തിലെ തിരു നാൾ നാനാജാതിമതസ്ഥർ ഒത്തുകൂടുന്ന ആഘോഷങ്ങളിൽ ഒന്നാണ്. എറവിൽ ഉണ്ടായിരുന്ന പുരാതന പള്ളി യുടെ സ്ഥാനത്ത് ഇന്ന് കപ്പലിൻെറ ആകാരസുഷമയിൽ രൂപംകൊണ്ട പള്ളി ഇന്നൊരു തീർത്ഥാടനകേന്ദ്രമായി വികസിച്ചുവരുന്നു.

*"കപ്പലിന്നാകാരം പള്ളിക്കലങ്കാരം*

*കൃസ്തുഭഗവാൻെറ പുണ്യക്ഷേത്രം"*

അരിമ്പൂരിൻെറ വികസനത്തിൻെറ പാതയിൽ എറവ് കപ്പൽ പള്ളി ഒരു നാഴികക്കല്ലായി തീർന്നിരിക്കുന്നു. പള്ളിയുടെ കീഴിൽ ഒരു എഡ്യുക്കേഷണൽ കോംപ്ലക്സ് നടത്തുന്നു. അരിമ്പൂർ ഹൈസ്ക്കൂൾ ഇന്ന് പള്ളിയുടെ വകയാണ്.

കൃസ്തുദേവൻ കനിഞ്ഞനുഗ്രഹിച്ചുകൊണ്ടിരിക്കുന്ന നവചൈതന്യമുൾക്കൊള്ളുന്ന അരിമ്പൂർ സെൻറ് ആൻറണീസ് പള്ളി അരിമ്പൂരിനെ അനുഗ്രഹിച്ചുകൊണ്ടു പുതുമയാർന്ന് നില്ക്കുന്നു. നവീന സൗകര്യങ്ങളോ

ടുകൂടിയ ഒരു ഓഡിറ്റോറിയവും അടുത്തകാലത്ത് പള്ളിവകയായി നിർമ്മിച്ചിട്ടുണ്ട്.

പുരാതനകാലത്ത് കാരേപ്പറമ്പിൽ ചാക്കു ആശാൻ തിരുമനസ്സുകൊണ്ടു അനുഗ്രഹിച്ച് ആരംഭിച്ചതാണ് എറവ് സ്ക്കൂാം. കാരേപ്പറമ്പന്റെ സ്ക്കൂാം എന്നാണ് മുൻകാലത്ത് അറിയപ്പെട്ടിരുന്നത്. കണ്ടശ്ശാംകടവ് തോട്ടുങ്ങാം ഫ്രാൻസീസ് M.L.C. ആയി തിരഞ്ഞെടുക്കുകയുണ്ടായി. പിന്നീട് അദ്ദേഹമാണ് സ്ക്കൂളിന്റെ ചുമതല ഏറ്റെടുത്ത് നടത്തിവന്നത്. അങ്ങിനെ തോട്ടുങ്ങൽ ഫ്രാൻസീസ് മെമ്മോറിയൽ സ്ക്കൂാം എന്ന പേരിലാണ് സ്ക്കൂാം നടത്തിവന്നത്. അതാണ് T.F.M സ്ക്കൂാം ആയത്.

T.F.M. സ്ക്കൂളിന്റെ ബ്രാഞ്ച് സ്ക്കൂളായി തുടങ്ങിയതാണ് അരിമ്പൂരിലെ A.P.S. പരക്കാട് എന്ന സ്ക്കൂാം T.F.M. സ്ക്കൂാം ഫ്രാൻസീസിന്റെ മരണശേഷം സ്ക്കൂാം സ്റ്റാഫ് ഏറ്റെടുത്തു. സ്റ്റാഫ് ഏറ്റെടുത്തതിനുശേഷം രണ്ടുസ്കൂളും വേറെ വേറെ സ്ക്കൂളായി അതാത് സ്ക്കൂാം സ്റ്റാഫ് നടത്തിവരുന്നു.

എറവ് T.F.M. സ്ക്കൂളിൽ 4$^1/_2$ ക്ലാസ്സ് നടത്താൻ അനുവാദം കിട്ടി. അങ്ങിനെ 4$^1/_2$ ക്ലാസ്സ് ഉള്ള സ്ക്കൂളുകാംക്ക് അപ്പർ പ്രൈമറി തുടങ്ങാൻ അനുവാദം കിട്ടി. എറവ് സ്ക്കൂളിന്നുകിട്ടിയ അനുവാദപ്രകാരമാണ് U.P.S. പരക്കാട് ശ്രീ. കെ. കുഞ്ഞുണ്ണി നമ്പിടിയുടെ മാനേജ്മെൻറിൽ തുടങ്ങാൻ ഇടവന്നത്. 4$^1/_2$ ക്ലാസ്സ് 5-ാം സ്റ്റാൻഡേർഡാക്കിയപ്പോാം എറവ് സ്ക്കൂാം 5-ാം സ്റ്റാൻഡേർഡുള്ള L.P.S. ആയി തുടരുന്നു. സെൻറ് ജെമ്മാസ് കോൺവെൻറ് നമ്മുടെ അരിമ്പൂരിൽ വിദ്യാഭ്യാസ മേഖലയിൽ വിലപ്പെട്ട സംഭാവന ചെയ്തുകൊണ്ടിരിക്കുന്നു. പഴയകാലം മുതലേ ഉള്ള സെൻറ് ജെമ്മാസ് U.P. സ്ക്കൂാം നല്ല നിലയിൽ നടന്നുവരുന്നു. ഇവരുടെ തന്നെ ഒരു പ്രൈമറി വിദ്യാലയം മനക്കൊടിയിൽ നടത്തുന്നതും സന്തോഷപ്രദം തന്നെ.

അരിമ്പൂർ ഗവ. യു. പി. സ്ക്കൂാം കുന്നത്തങ്ങാടിയിലുള്ള ഏക സർക്കാർ സ്ക്കൂളാണ്. സാമാന്യം നന്നായിത്തന്നെ നടന്നുവരുന്നു. ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടിയാണ് അരിമ്പൂർ ഹൈസ്ക്കൂളിന്റെ സ്ഥാപകൻ. അരിമ്പൂർ പഞ്ചായത്തിന്റെ പുരോഗതിക്ക് അനുസ്യൂതം സംഭാവന ചെയ്തുകൊണ്ടിരിക്കുന്ന മഹൽസ്ഥാപനമാണ് എച്ച്. എസ്. അരിമ്പൂർ. ഇപ്പോാം എറവ് പള്ളിയാണ് മാനേജ്മെൻറ് നടത്തുന്നത്. മനക്കൊടിയിൽ മുസ്ലീം ട്രസ്റ്റ് നടത്തുന്ന ഒരു സ്ക്കൂാം കൂടിയുണ്ട്.

*മറ്റു സ്ഥാപനങ്ങാം*

അരിമ്പൂർ പഞ്ചായത്തിൽ ആതുരശുശ്രൂഷാരംഗത്ത് ഫലപ്രദമായി പ്രവർത്തിക്കാൻ ഒരു പ്രൈമറി ഹെൽത്ത് സെൻറർ ഉണ്ട്. എറവിലും കൈപ്പിള്ളിയിലും മനക്കൊടിയിലും ഓരോ M.C.H. സെൻറർ ഉണ്ട്.

മൃഗസംരക്ഷണത്തിന്നും പരിപാലനത്തിന്നും ഒരു മൃഗാശുപത്രി എറവിൽ ഉണ്ട്. കുന്നത്തങ്ങാടിയിൽ ഒരു ഇൻസെമിനേഷൻ സെൻററും ഉണ്ട്.

സർക്കാർ വക ഒരു ആയുർവേദാസ്പത്രിയുണ്ട്. എറവ് പരയക്കാട് ഗ്രൂപ്പ് വില്ലേജ് ആപ്പീസിനും വെളുത്തൂർ മനക്കൊടി ഗ്രൂപ്പ് വില്ലേജ് ആപ്പീസിനും സ്വന്തമായി കെട്ടിടങ്ങാം ഉണ്ട്.

കൃഷി ആപ്പീസും പ്രയോജനപ്രദമായി പ്രവർത്തിച്ചുവരുന്നുണ്ട്.

*സാംസ്ക്കാരിക സ്ഥാപനങ്ങാം*

മഹാത്മാ ലൈബ്രറി ഉണ്ട്.

അരിമ്പൂർ പഞ്ചായത്തിന്നു പഴയതെങ്കിലും പ്രവർത്തിക്കാൻ സ്വന്തമായ കെട്ടിടമുണ്ട്. യോഗം കൂടുന്നതിനു N.I.D. മെമ്മോറിയൽ ഹാളും ഉണ്ട്. ഒരു വായനശാലയും ലൈബ്രറിയും ഉണ്ട്. ഓപ്പൺ എയർ തിയ്യറ്റർ ഉണ്ട്. കളിക്കാൻ ഗ്രൗണ്ടും ഉണ്ട്.

*സഹകരണസ്ഥാപനങ്ങാം*

കാർഷികമേഖലയിൽ പ്രവർത്തിക്കുന്ന സംഘങ്ങാം 4 എണ്ണം ഉള്ളത് സാമാന്യം പ്രവർത്തിക്കുന്നു. ഉന്നത നിലവാരം പുലർത്തിയിരുന്ന ചിലവ കടബാദ്ധ്യതയിൽപ്പെട്ടു നാശോന്മുഖമായിരിക്കുന്നു.

ക്ഷീര സംഘങ്ങൾ 2 എണ്ണം നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു.

ഫലഭൂയിഷ്ഠമായ കരപ്രദേശം സസ്യലതാദികൾക്ക് അനുഗ്രഹപ്രദമാണ്. ഏതുതരം വൃക്ഷലതാദികളും അനുസ്യൂതം വളരാൻ കഴിയുന്ന അനുഗ്രഹീതമണ്ണാണ് നമ്മുടേത്.

മാവ്, പ്ലാവ്, പുളി, തെങ്ങ്, കവുങ്ങ്, വാഴ, പലതരം പച്ചക്കറികൾ എല്ലാം തന്നെ നല്ല രീതിയിൽ കായ്ഫലമുണ്ടാകുന്നതാണ് നമ്മുടെ കര പച്ചക്കറികൾക്ക് പറ്റിയ മണ്ണുതന്നെ.

ഒന്നും രണ്ടും തവണ കൃഷിയേറ്റുന്ന കോൾപാടങ്ങളിൽ പ്രത്യേകതരം കൃഷിരീതിയാണ് അവലംബിക്കുന്നത്. വെള്ളം വറ്റിച്ച് കൃഷിയിറക്കുന്നു. വെള്ളം തുറന്നുള്ള ജലസേചനം നടത്തുന്നു. കൊണ്ടാലും കോള് കൊണ്ടില്ലെങ്കിലും കോളുതന്നെ.

നാലുപുറവും വെള്ളത്താൽ ചുറ്റപ്പെട്ട അരിമ്പൂരിലെ പ്രധാനകൃഷി നെല്ല് തന്നെ. കൃഷി രീതി പഴയതിൽ നിന്ന് വളരെയധികം വ്യത്യസ്തമായിട്ടുണ്ട്. മൊത്തം കൃഷിഭൂമി തന്നെ ചെറിയ ചെറിയ കണ്ടങ്ങളായിതീർന്നു. കൃഷിക്കാരുടെ എണ്ണവും സാമാന്യത്തിലധികമായി. കൃഷി ഉടമസ്ഥന്മാരിൽ അധികവും അന്യപഞ്ചായത്തുകളിൽപെട്ട കർഷകരായിതീർന്നു. കൃഷിയും അനുബന്ധപ്രവർത്തനങ്ങളും അരിമ്പൂരിലാണെങ്കിലും അതിൻെറ ഉടമസ്ഥരും അനുഭാവികളും അന്യപഞ്ചായത്തുകളിൽപ്പെട്ടവരായിതീർന്നു. കൃഷി സമ്പ്രദായത്തിലും എന്തെല്ലാം മാറ്റങ്ങളാണ് വന്നത്. മകരത്തിൽ തിരുവോണ ഞാറ്റുവേലയിൽ പണിതിരുന്ന കോൾപടവുകൾ വെള്ളം ലഭിക്കുന്നതിനുള്ള സൗകര്യത്തിനുവേണ്ടി മൂന്ന് മേഖലകളായി തിരിച്ചു. അങ്ങനെ വന്നപ്പോൾ മൂന്ന് തട്ടുകളിലായി കോൾപടവുകൾ തരംതിരിച്ച് കൃഷി ചെയ്യേണ്ടതായി വന്നു. അതുമൂലം തുലാമാസം മുതൽ തന്നെ അരിമ്പൂരിന് ചുറ്റും നിന്നിരുന്ന വെള്ളം വറ്റിച്ച് പോവുക കാരണം അരിമ്പൂരിൻെറ കരപ്രദേശം ഉണങ്ങി വരളാൻ ഇടയായി തുടങ്ങി. കൂടാതെ കോൾ പാടങ്ങളിൽ മുണ്ടകൻ കൃഷിയുടെ ആരംഭത്തോടുകൂടി ഏതാണ്ട് ചിങ്ങമാസം മുതൽത്തന്നെ പടവ് വറ്റിച്ച് തുടങ്ങിയപ്പോൾ കരനിലങ്ങൾക്ക് കൂടുതൽ വരൾച്ച അനുഭവപ്പെടുകയാണ് ഉണ്ടായത്. അങ്ങനെ നവീനകൃഷി സമ്പ്രദായം നിലവിൽ വന്നത് മൂലം അരിമ്പൂരിന് ചുറ്റും തളം കെട്ടിനിന്നിരുന്ന വെള്ളം വർഷക്കാലത്തുപോലും വറ്റിച്ച് പോവുക കാരണം അരിമ്പൂരിൻെറ കരപ്രദേശം ഉണക്കത്തിൻെറ ഭീഷണിയിൽപെട്ട് തുടങ്ങി. കരയിലെ കിണറുകളും കുളങ്ങളും വർഷക്കാലം അവസാനിക്കുമ്പോൾ തന്നെ വെള്ളമില്ലാത്ത അവസ്ഥയിലായി തീരുന്നു. അതുമൂലം കുടിവെള്ളക്ഷാമവും അതിരൂക്ഷമായി തീർന്നിരിക്കുകയാണ്. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിപ്രകാരം വെള്ളം അടിച്ച് കരയിലേക്ക് എടുക്കാമെന്ന് വെച്ചാൽ അതിനകം ഇറിഗേഷൻ വകുപ്പും കോൾ ഇംപ്ലിമെൻേറഷൻ കമ്മറ്റിക്കാരും തടസ്സം നില്ക്കുന്നു. കോൾ കൃഷിക്ക് വെള്ളം മതിയാകില്ലെന്നാണ് അവരുടെ അഭിപ്രായം. എന്നാൽ കോൾകൃഷി ആരംഭിച്ചാൽ നിയന്ത്രണമില്ലാതെ കടലിലേക്ക് ഒഴുക്കിക്കളയുന്ന വെള്ളം അല്പമെങ്കിലും എടുത്ത് ഉപയോഗിക്കുവാൻ അരിമ്പൂരിനെ അനുവദിക്കുകയാണെങ്കിൽ രൂക്ഷമായ കുടിവെള്ളക്ഷാമത്തിൽ നിന്നെങ്കിലും രക്ഷപ്പെടാമായിരുന്നു.

ഒരുപൂ കൃഷി എടുത്താൽ പടവുകളിൽ വെള്ളം കയറ്റി നിർത്തണമെന്നുള്ള നിബന്ധനയും പാലിക്കപ്പെടുന്നില്ല. ചിമ്മിനി മുപ്ലി കമ്മീഷൻ ചെയ്തപ്പോൾ കോളിലേക്ക് വെള്ളത്തിന് യാതൊരു ക്ഷാമവും ഉണ്ടാവുന്നതല്ല. എന്നിട്ടും കടലിൽ പാഴായിപോകുന്ന അല്പം വെള്ളം എടുക്കുന്നത് (കുടിക്കാൻവേണ്ടി എടുക്കുന്നത്) തടയുന്നവർ കാട്ടുന്നത് ക്രൂരതയല്ലേ? കരയിലെ കൃഷിയും നശിപ്പിച്ചു കുടിക്കുവാനുള്ള വെള്ളവും മുടക്കി. ഒരു കരുണ ആരുടെ ഭാഗത്തുനിന്നും ഉണ്ടാവുന്നില്ല. ഞങ്ങൾ ഒരു നിർദ്ദേശം വെക്കുന്നു. അരിമ്പൂരിൻെറ കരഭാഗത്തിന് ചുറ്റും കോൾ മേഖലകൾക്ക് മേൽപ്പുറമായി ഒരു ഹൈലവൽ കനാൽ ഉണ്ടാക്കിതരണം. അത് മെയിൻചാലിനോട് ബന്ധപ്പെടുത്തിയാൽ പുറംചാലിലെ വെള്ളം ഹൈലെവൽ കനാലിൽ ലഭിക്കുകയും കരയിലേക്ക് വെള്ളം എടുക്കുകയും ചെയ്യാം. കരയിൽ അടിക്കുന്ന വെള്ളംകൊണ്ട് കിണറ്റിൽ ഒറുവു വന്നാൽ കിടിവെള്ളക്ഷാമം പരിഹരിക്കുവാൻ സാധിക്കും. കോൾ നിലത്തിനും കരക്കും ഇടക്കുള്ള മുണ്ടകൻ കൃഷിക്ക് വെള്ളം യഥേഷ്ടം ലഭിക്കും. കോളിൻെറ മേൽപുറം ഉണക്കത്തിൽ നിന്ന് സംരക്ഷിക്കാം. കോളിൽ ഒറവു വെള്ളം വരും എന്ന സംശയമാണെങ്കിൽ പമ്പിംഗ് സംവിധാനം സ്ഥിരമായുള്ള കോൾപടവുകൾക്ക് അത് ഒരു ഭീഷണിയേ അല്ല. ഒറവു ചാമ്പാൻ ഒരു വിഷമവുമില്ല. വൈദ്യുതി ചാർജ്ജ് പോലും കോൾപടവുകൾക്ക് സൗജന്യമാണ്. ഇത്തരം സംവിധാനം വരുന്നത് വരെ തന്നെ അരിമ്പൂർ കരയിലേക്ക് അല്പം വെള്ളം എടുക്കുന്നതിന് അധികാരികളും കോൾപടവ് പ്രവർത്തകരും മാനുഷിക പരിഗണനവെച്ച് ദയാദാക്ഷിണ്യപൂർവ്വം സന്മനസ്സ് കാണിക്കണം. കാണിച്ചേ പറ്റൂ.

മേലെഴുതിയ സത്യമായ കാരണങ്ങളാൽ അരിമ്പൂർ പഞ്ചായത്തിൻെറ സംരക്ഷണത്തിന് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ജനജീവിതം ദുസ്സഹമാവാതിരിക്കാൻ ഒരു ഹൈലെവൽ കനാൽ ഉടനുടൻ അനുവദിച്ച് പ്രാവർത്തികമാക്കാൻ സാമ്പത്തീക സഹായം ലഭിക്കണം. കൂടാതെ 4-ാം വാർഡിൽ സ്ഥിതിചെയ്യുന്ന അപൂർവ്വമായി പ്രവർത്തിക്കുന്ന ലിഫ്ട് ഇറിഗേഷൻ പദ്ധതി പഞ്ചായത്തിനെ ഏല്പിച്ച് തന്ന് അതിൻെറ പ്രവർത്തന സുഗമമാക്കണം. അരിമ്പൂരിലെ പത്ത് ഗ്രാമസഭകളിലും നിന്നുണ്ടായ മുഖ്യമായ ആവശ്യം ഹൈലെവൽ കനാലിൻേറതായിരുന്നു എന്നത് ഇവിടെ പ്രത്യേകം ഓർമ്മിച്ച്കൊള്ളുന്നു. അതിനാവണം മുൻഗണനയിൽ മുൻഗണന എന്നും പ്രസ്താവിക്കുന്നു.

കോാൾമേഖലയെ പറ്റി പറയുമ്പോാൾ ഇലക്ട്രിസിറ്റിയുടെ കാര്യം പരമദയനീയം തന്നെ. വിതച്ച കോാൾപടവുകളിൽ കറൻറ് കട്ടും, കറൻറ്പോക്കും കാരണം വെള്ളം വറ്റിക്കാൻ കഴിയാതെ വിത്ത് മുളക്കാതിരിക്കുന്നത് സർവ്വസാധാരണമാണ്. ഇത് അസഹനീയമാണ്. കോാൾമേഖലയ്ക്ക് ഒരു പ്രത്യേക ഇലക്ട്രിസിറ്റി വിംഗ് അനുവദിക്കണം എന്നത് ഞങ്ങളുടെ പ്രത്യേക ആവശ്യമാണ്.

മറ്റൊന്ന് പറയുവാനുള്ളത് കോാൾ മേഖലയിൽ ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വകുപ്പുകാൾ നിരവധിയാണ്. ഇറിഗേഷൻ വകുപ്പ്, കൃഷി വകുപ്പ്, പുഞ്ച സ്പെഷൽ ഓഫീസ്, കാട, കെ. എൽ. ഡി. സി. കൂടാതെ കോാൾ ഡെവലപ്പ്മെൻറ് അതോറിറ്റി, കോാൾ ഇംപ്ലിമെൻേറഷൻ കമ്മറ്റി എന്നിവ. ഇവ ഒന്നിനൊന്ന് ആലോചിക്കാതെയും യോജിച്ച് പ്രവർത്തിക്കാതെയും ഉണ്ടാവുന്ന നിരവധി ബുദ്ധിമുട്ടുകാൾ കൃഷിക്കാർ സഹിച്ച് വരികയാണ്. വേണ്ട നേരത്തും സമയത്തും കാര്യങ്ങാൾ നടക്കാതെയുള്ള ബുദ്ധിമുട്ട് കൃഷിക്കാരെ വലയ്ക്കുന്നു. ഓരോ വകുപ്പുകളും അവരവരുടെ യുക്തിക്കനുസരിച്ച് പ്രവർത്തിക്കുന്നത് കർഷകന് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതാണ്. കോാൾ കൃഷിയുടെ കാര്യത്തിൽ ഇതെല്ലാംകൂടി കൂട്ടായി ആലോചിക്കാനുള്ള സംവിധാനം ഉണ്ടാവണം.

1995 ഒക്ടോബർ 2 വിളംബരം കഴിഞ്ഞ് 1996 ഒക്ടോബർ 2 വന്നപ്പോാൾ ഒമ്പതാം പദ്ധതിക്ക് നാം രൂപം കൊടുക്കുവാൻ തുടങ്ങുന്നു. നമ്മുടെ ഗ്രാമപഞ്ചായത്തിൻെറ ചരിത്രപശ്ചാത്തലത്തിൽ അരിമ്പൂരിൻെറ സത്യങ്ങാൾ പകർത്താൻ സാധിച്ചത് പദ്ധതിയുടെ ജനപങ്കാളിത്തത്തിൻെറ മാറ്റ് കൂട്ടുവാൻ പ്രയോജനപ്പെടും എന്നുള്ളതിൽ തർക്കമില്ല. നാം ആരാണ്, നമുക്ക് എന്തുണ്ട്, നാം എന്ത് ചെയ്യണം എന്നതിന് ഉത്തരം കിട്ടാൻ ഉത്തമസഹായികളായി മുൻപറഞ്ഞ സത്യങ്ങളിൽ അധിഷ്ഠിതമായ വസ്തുതകാൾ സഹായകമാവട്ടെ. കേട്ടറിവും നാട്ടറിവും നമ്മളെ സഹായിക്കട്ടെ. ഒമ്പതാം പദ്ധതി വമ്പിച്ച വിജയമാക്കുവാൻ നമ്മുടെ ജീവിതനിലവാരം അല്പമെങ്കിലും ഉയരാൻ അടിസ്ഥാനപരമായ വസ്തുതകളിൽ നിന്ന്വരുംതലമുറക്ക് കുതിച്ചുയരാൻ സാധിച്ചാൽ ഇതപര്യന്തമുള്ള നമ്മുടെ പ്രവർത്തനം ഫലവത്തായി എന്ന് പ്രത്യാശിക്കാം.

# കാർഷിക രംഗം

ആമുഖത്തിൽ സൂചിപ്പിച്ചതുപോലെ തൃശൂർ ജില്ലയിൽ നെൽകൃഷി മുഖ്യതൊഴിലായ പഞ്ചായത്തുകളിൽ അരിമ്പൂർ ഒന്നാം സ്ഥാനത്താണ്. 340 ഹെക്ടർ ഇരുപ്പൂവും 935 ഹെക്ടർ ഒരുപൂവുമായ കോൾ നിലങ്ങളും 30 ഹെക്ടർ മറ്റു നെൽകൃഷിമേഖലയുമാകുന്നു. 1991ലെ സെൻസസ്സനുസരിച്ച് കൃഷി മുഖ്യതൊഴിലായി സ്വീകരിച്ചവർ - ---- ആണ്. കർഷകതൊഴിലാളികൾ ഈ പഞ്ചായത്തിലെ ജനസംഖ്യയിൽ - -- ശതമാനം വരും. കടലിന്റെ ഏറ്റ ഇറക്കമനുസരിച്ച് വെള്ളം കൂടിയും കുറഞ്ഞും വരുന്ന വെള്ളറക്കുകളായ കോൾ നിലങ്ങൾ വേനൽക്കാലമാകുമ്പോൾ ചക്രം വെച്ചും മറ്റു വിധത്തിലും വെള്ളം വറ്റിച്ച് കൃഷി ഇറക്കുകയും പ്രകൃതിയുടെ അനുഗ്രഹത്തിന്റെ തണലിൽ മാത്രം കൃഷി കൊയ്തടുക്കാൻ കഴിയുകയും ചെയ്യുന്ന മേഖലയാണിത്. കിട്ടിയാൽ കോള് എന്നടിസ്ഥാനത്തിലാണ് കോൾനിലങ്ങൾ എന്ന പേരിന്റെ ഉത്ഭവം തന്നെ. ആധുനിക യന്ത്രസാമഗ്രികൾ ഇല്ലാതിരുന്ന കാലഘട്ടം മുതൽ തന്നെ ഈ മേഖലകളിൽ നെൽകൃഷി കുറെയേറെ നടത്തിയിരുന്നു. വെള്ളം വറ്റിക്കുന്നതിന് വലിയ ഇലചക്രങ്ങൾ ഉപയോഗിച്ചിരുന്നു. ഓയിൽ എഞ്ചിനുകളും മറ്റും ഉണ്ടായതിനെ തുടർന്നു കൂടുതൽ സ്ഥലങ്ങളിലേക്ക് നെൽകൃഷി വ്യാപിച്ചു.

സെറ്റിൽമെന്റ് രേഖകളനുസരിച്ച് വടക്കുന്നാഥൻ, കൂടൽമാണിക്യം, പരക്കാട് എന്നീ ദേവസ്വങ്ങളുടെ ഉടമസ്ഥതയിലായിരുന്നു. പിന്നീട് ഈ ഭൂപ്രദേശങ്ങളുടെ ആധിപത്യം സവർണ്ണ കുടുംബങ്ങളിലേക്ക് മാറുകയായിരുന്നു. പാട്ടം മിച്ചവാരം, കാണം പങ്കുവാരം എന്നിങ്ങനെ ഭൂമിയിൽ കൃഷി ചെയ്യുവാനുള്ള അവകാശം നാട്ടിലെ കർഷകർക്കു നല്കിയിരുന്നു. വിവിധ ഭൂപരിഷ്കരണ നിയമങ്ങളുടെ ഫലമായി ഭൂമിയുടെ ജന്മാവകാശത്തിൽ ഇപ്പോൾ മാറ്റം വന്നിട്ടുണ്ട്.

ഈ പഞ്ചായത്തിലെ ഏറ്റവും പ്രധാന കൃഷി നെല്ലാണ്. ഏകദേശം 1275 ഹെക്ടർ സ്ഥലത്ത നെൽകൃഷി ചെയ്യുന്നതായി കണക്കാക്കപ്പെടുന്നു. 30 ഹെക്ടർ വിരിപ്പും, 424 ഹെക്ടർ സ്ഥലത്ത് മുണ്ടകനും, 935 ഹെക്ടർ സ്ഥലത്ത് പുഞ്ചയും കൃഷി നടത്തുന്നതായണ് കണക്കാക്കിയിട്ടുള്ളത്.

628 ഹെക്ടറും തെങ്ങുകൃഷി ചെയ്യുന്നു. കാറ്റുവീഴ്ച മുതലായ രോഗങ്ങളൊന്നും തെങ്ങിനെബാധിച്ചിട്ടില്ല.

63 ഹെക്ടർ സ്ഥലത്ത് കവുങ്ങ് കൃഷി ചെയ്യുന്നതായി കണക്കാക്കിയിരിക്കുന്നു. താരതമ്യേന മെച്ചപ്പെട്ട ഉല്പാദനം കവുങ്ങിൽ നിന്നുണ്ടാകുന്നതായാണ് കണക്കാക്കിയിട്ടുള്ളത്.

93 ഹെക്ടർ സ്ഥലത്ത് നേന്ത്രവാഴകൃഷി ഉള്ളതായാണ് കണക്ക്. ഓണക്കായക്ക് പേരുകേട്ട 'മനക്കോടി കായ' അരിമ്പൂരിന്റെ പ്രത്യേകതയാണ്. കീടശല്യവും വെള്ളത്തിന്റെ കുറവും വാഴകൃഷിയെ ദോഷകരമായി ബാധിക്കുന്നുണ്ട്.'

വിവിധയിനം പച്ചക്കറികളും, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, പയറുവർഗ്ഗങ്ങൾ എന്നിവയും കശുമാവ്, ജാതി, കൊക്കോ, എന്നിവയും ഇടവിളകളായി ഇവിടെ കൃഷി ചെയ്തു വരുന്നു.

ആദ്യകാലങ്ങളിൽ കരഭൂമിയിലും, നെൽകൃഷി വ്യാപകമായി കൃഷി ചെയ്തിരുന്നുവെങ്കിലും പിന്നീട് നെൽകൃഷി ലാഭകരമല്ലാതായ സ്ഥിതിവിശേഷം നെൽകൃഷിയെ കോൾ നിലങ്ങളിൽ മാത്രമായി തളച്ചിട്ടു. കരയോട് ബന്ധപ്പെട്ട മേഖലകളിലെ മുണ്ടകൻ ഭൂമിയടക്കം ഇന്ന് കൃഷി ചെയ്യാതെ തരിശായി കിടക്കുകയാണ്. തെങ്ങുകൃഷി മുൻകാലങ്ങളിൽ നിന്നും കുറെ കൂടി വർദ്ധിച്ചതായി കാണുന്നു.

കൃഷി ഓഫീസിൽ നിന്നും ലഭ്യമായ കാർഷിക വിവരങ്ങളെ സംബന്ധിച്ച പട്ടിക ഇതോടൊപ്പം ചേർക്കുന്നു.

ജലസേചന രംഗത്ത് മുൻകാലങ്ങളിൽ 500-ാം നമ്പ് സഹകരണ സംഘം മുൻകയ്യെടുത്തു പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 8 ലിഫ്റ്റ് ഇറിഗേഷനുകൾ നടത്തിയിരുന്നു. സംഘം പ്രവർത്തനം മന്ദീഭവിച്ചതുകൊണ്ട് ആ പദ്ധതികൾ നിന്നുപോയി. കർഷകർ സ്വന്തം കിണറുകളിൽ നിന്ന് ജലസേചനം ചെയ്യുന്നതുകൂടാതെ ഇപ്പോൾ അരിമ്പൂർ പള്ളി വക ലിഫ്റ്റ് കുണ്ടിൽകടവ് ലിഫ്റ്റ് ഇറിഗേഷൻ, സർക്കാർ സഹായത്തോടുകൂടി സ്ഥാ

പിച്ച പാലക്കടവ് ലിഫ്റ്റ്, കിഴക്കുംപുറം ലിഫ്റ്റ് ഇറിഗേഷൻ, വെളുത്തൂരിൽ 2 ചെറുകിട ലിഫ്റ്റുകൾ, കയ്പ്പിള്ളിയിലെ ലിഫ്റ്റ് എന്നിവ പരിമിതമായ തോതിൽ ഈ രംഗത്തുണ്ട്. സർക്കാർ വക അരിമ്പൂർ ലിഫ്റ്റ് ഇറിഗേഷൻ ഇതുവരെ കമ്മീഷൻ ചെയ്തിട്ടില്ല. ഈ പദ്ധതി പഞ്ചായത്തിനെ ഏല്പിച്ച് സുഗമമായ പ്രവർത്തനത്തിനുള്ള സാഹചര്യം അടിയന്തിരമായി ഉണ്ടാക്കിത്തരേണ്ടത് അത്യാവശ്യമാണ്.

| | വിവരണം | | വിസ്തീർണ്ണം Hec. | ശരാശരി ഉല്പാദനം Kg | ആകെ ഉല്പാദനം |
|---|---|---|---|---|---|
| 1. | നെല്ല് | വിരിപ്പ് | 30 | | |
| | | മുണ്ടകൻJ442 | 2500 | 3517.5 | |
| | | പുഞ്ച | 935 | | |
| | | ആകെ | 1407 | | |
| 2. | തെങ്ങ് | | 600 | 45/Tree | 4,50,000 Cons. |
| 3. | കുരുമുളക് | | 63 | 18,270/No | 1,15,101 Nos |
| 4. | നേന്ത്രവാഴ | | 93 | 12,000 kg | 11,16,000 kg |
| 5. | പച്ചക്കറികൾ | | 9 | 2 Ton | 18 Ton |
| 6. | കുരുമുളക് | | 20 | 295Kg | 5900Kg |
| 7. | ഇഞ്ചി/മഞ്ഞൾ | | 7 | 2600kg | 18,200kg |
| 8. | പയറുവർഗ്ഗങ്ങൾ | | 5 | 2.2 Ton | 11 Ton |
| 9. | പയർ വർഗ്ഗങ്ങൾ, കപ്പ, മറ്റു കിഴങ്ങു വർഗ്ഗങ്ങൾ | | 5 | 9200kg | 46,000 kg |
| 10. | കശുമാവ് | | 8 | 750kg | 6 Ton |
| | | | | 2,217 He. | |

## നെൽകൃഷി

കൃഷിയുടെ കാര്യത്തിൽ നെൽകൃഷിയാണ് പ്രധാന വിള എന്നു പറഞ്ഞല്ലോ. തൃശൂരിലെ കോൾ നിലങ്ങളിൽപ്പെട്ട നിലങ്ങളിലാണ് ഇവിടെ നെൽകൃഷി കൂടുതലുള്ളത്. Dr. Vasudev കമ്മറ്റി റിപ്പോർട്ടിൻെറ ശുപാർശയനുസരിച്ച് കോൾ നിലങ്ങൾക്ക് സ്ഥിരം ബണ്ടു നിർമ്മാണം ഇന്നും പൂർത്തിയായിട്ടില്ല. സ്ഥിരം ബണ്ടു നിർമ്മാണം പൂർത്തിയാകുകയും, ചിമ്മിണി - മുപ്ലി പദ്ധതി കമ്മീഷൻ ചെയ്യുകയും ചെയ്താൽ 935 ഹെക്ടർ പുഞ്ചകൃഷി ചെയ്തുവരുന്നതിൽ 340 ഹെക്ടർ മാത്രമായി ഒതുങ്ങി നില്ക്കുന്ന ഇരിപ്പൂ കൃഷി മുഴുവൻ മേഖലകളിലേക്കും വ്യാപിപ്പിക്കാൻ കഴിയും. ഏകദേശം 600 ഹെക്ടർ ഒറ്റപ്പൂവ് കൃഷിയിടങ്ങൾ രണ്ടു പൂവ്വാക്കാൻ കഴിയുമെന്നതാണ് ഇതിൻെറ നേട്ടം.

നല്ലതരം വിത്തിനങ്ങൾ കർഷകർക്ക് എത്തിച്ചുകൊടുക്കുക, വളം, കീടനാശിനികൾ എന്നിവ സൗജന്യ നിരക്കിൽ പാടശേഖരങ്ങളിൽ എത്തിച്ചുകൊടുക്കുക, നവീന കൃഷി ഉപകരണങ്ങൾ കർഷകർക്ക് സൗകര്യപ്രദമായി ഉപയോഗിക്കാൻ അവസരമുണ്ടാക്കുക, വളം കീടനാശിനികൾ എന്നിവയുടെ ഉപയോഗം കൃഷിക്കാരെ പഠിപ്പിക്കുക, മുതലായവ വഴിമാത്രമേ കർഷകനെ ഈ രംഗത്തു സജീവമാക്കുവാൻ കഴിയൂ.

അതുപോലെതന്നെ കാർഷികരംഗത്തു മുതൽ മുടക്കുന്നതിന് ഇന്നു കർഷകൻ ഏറെ വിഷമിക്കുകയാണ്. കാർഷിക ലോണുകൾ ചുരുങ്ങിയ വ്യവസ്ഥയിൽ കൂടുതലായി കർഷകനു കിട്ടാൻ അവസരമുണ്ടാക്കുകയും, വ്യവസ്ഥകൾ ഉദാരമാക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. സഹകരണ മേഖലയെ ശക്തിപ്പെടുത്തിയും ദേശസാൽ

കൃതവും സ്വകാര്യവുമായ ബാങ്കുകളെ കൂടുതൽ ലോണുകൾ നല്കുന്നതിനു നിർബ്ബന്ധിക്കപ്പെടുന്ന ഒരു സാഹചര്യവും ഈ രംഗത്ത് ഏറെ പ്രാധാന്യമർഹിക്കുന്നു. നെല്ലു വിപണനത്തിന് ഇന്നനുഭവിക്കുന്ന ബുദ്ധിമുട്ടു കൃഷിക്കാരന് പ്രതിസന്ധി സൃഷിടിക്കുന്നു. ഉല്പാദിപ്പിക്കുന്ന നെല്ലു ഉടനടി ആദായകരമായ രീതിയിൽ വിപണനം ചെയ്യുന്നതിനാവശ്യമായ സൗകര്യങ്ങൾ സൃഷ്ടിച്ചെടുക്കേണ്ടതുണ്ട്.

അതുപോലെത്തന്നെ, വിത്ത്, വളം, പമ്പിംഗ്, മുതലായവയ്ക്കു ഇന്നു നല്കുന്ന സബ്സിഡി കുറെകൂടി ഉദാരമാക്കേണ്ടതുണ്ട്.

14 പാടശേഖരങ്ങളിലായാണ് നമ്മുടെ കോൾ കൃഷി വ്യാപിച്ചുകിടക്കുന്നത്. സഹകരണ സംഘങ്ങളുടെ മേൽനോട്ടത്തിൽ പാടശേഖര കമ്മിറ്റികളാണ് ഇവിടെ കൃഷിക്കുവേണ്ട സൗകര്യങ്ങളും സംരക്ഷണവും നടത്തുന്നത്. 90 ശതമാനത്തിലെറെ അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങളാണ് ഇവിടെ കൃഷി ചെയ്യുന്നത്.

## കോൾ പാടശേഖരങ്ങളും വിസ്തൃതിയും

| നമ്പർ | പേര് | വിസ്തീർണ്ണം | മുണ്ടകൻ | പുഞ്ച | മേഖല |
|---|---|---|---|---|---|
| 1. | ചേറ്റുപുഴ കിഴക്ക് | 155 | -- | 155 | II |
| 2. | കരോട്ടുപടവ് | 178 | -- | 178 | II |
| 3. | കൃഷ്ണൻ കോട്ട | 275 | -- | 275 | II |
| 4. | അഞ്ചുമുറി | 62 | -- | 62 | II |
| 5. | വാരിയം പടവ് | 158 | -- | 158 | II |
| 6. | മനക്കോടി വെളുത്തൂർ ഉൾപ്പാടം | 290 | 290 | 290 | II |
| 7. | വിളക്കുമാടം | 413 | -- | 413 | II |
| 8. | എറവ് കൈപ്പിള്ളി അകംപാടം | 127 | 127 | 127 | III |
| 9. | തോട്ടുപ്പുര പടവ് | 90 | -- | 90 | III |
| 10. | കൊടയാട്ടി പടവ് | 183 | -- | 183 | II |
| 11. | ആറുമുറി പടവ് | 265 | -- | 265 | I |
| 12. | രജമുട്ട് പടവ് | 150 | -- | 150 | I |
| 13. | ചലാടി പഴംകോൾ പടവ് | 610 | 610 | 610 | III |
| 14. | ചേറ്റുപ്പുഴ പടിഞ്ഞാറ് | 100 | -- | 100 | III |
| | | **3056** | **1027** | **3056** | |

കോൾ മേഖലയിലേക്ക് ഇന്ന് വൈദ്യുതി നല്കുന്നത് വിവിധ സെക്ഷനുകളിലൂടെയാണ്. വിവിധ സെക്ഷനുകളിൽ ഉണ്ടാകുന്ന വൈദ്യുതി തകരാറുകൾ കോൾ നിലങ്ങളിലെ പമ്പിംഗിനെ ബാധിക്കുന്നതുകൊണ്ട് വമ്പിച്ച കൃഷി നാശം ഉണ്ടാക്കാറുണ്ട്. അതുകൊണ്ട് കോൾ മേഖലയ്ക്ക് ഒരു പ്രത്യേക ഡിവിഷനും സബ് ഡിവിഷനും സെക്ഷനും ഉണ്ടാകുകയും എമർജൻസി പട്ടികയിൽ പെടുത്തി സദാ വൈദ്യുതി ലഭ്യമാക്കുകയും ചെയ്യേണ്ടത് കോൾ മേഖലാ വികസനത്തിനത്യാവശ്യമാണ്.

കൃഷി വികസനത്തിന് ഇന്നുള്ള വിവിധ ഏജൻസികളുടെ പ്രവർത്തനത്തിൽ യാതൊരു ഏകോപനസ്വഭാവവുമില്ലാത്തത് ഏറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. അതൊഴിവാക്കുന്നതിൽ, കൃഷി വകുപ്പ്, മൈനർ ഇറിഗേഷൻ വകുപ്പ് CADA അതുപോലെയുള്ള മറ്റു ഏജൻസികളുടെ പ്രവർത്തനത്തിൽ ഒരു ഏകീകൃത ഏജൻസി ഉണ്ടാകേണ്ടിയിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ കോൾ കൃഷിയിടങ്ങളിൽ ഏകദേശം 30 ശതമാനവും മറ്റു പഞ്ചായത്തിലുള്ളവരുടെ ഉടമസ്ഥതയിലുള്ളതാണ്. അതുകൊണ്ടുതന്നെ കാർഷിക ഉല്പന്നങ്ങൾ മറ്റു പഞ്ചായത്തുകളിലേക്ക് ഒഴുകുന്നു. കൃഷിക്കാവശ്യമായുള്ള ചെലവും റോഡ് തോട് മറ്റു സകര്യങ്ങളും നമ്മുടെ പഞ്ചായത്തിൻെറ ചെലവിൽ

നിർവഹിക്കുകയും ഉല്പന്നങ്ങൾ മറ്റു പ്രദേശങ്ങളിലേയ്ക്കു പോകുകയും ചെയ്യുന്ന ഈ സ്ഥിതിയിൽ പഞ്ചായത്തിന്റെ കാർഷിക വികസനത്തിന് പുതിയ നിർദ്ദേശങ്ങൾ ഉണ്ടാക്കേണ്ടതാണ്.

നെൽകൃഷിയെ മുരടിപ്പിൽ നിന്നും കരകയറ്റുന്നതിനും ഉല്പാദനവും ഉല്പാദനക്ഷമതയും വികസിപ്പിക്കുന്നതിനുമുള്ള ചില നിർദ്ദേശങ്ങൾ താഴെ കുറിക്കുന്നു.

1. K.L.D.C. യുടെ ബണ്ടു നിർമ്മാണം ഉടനടി പൂർത്തിയാക്കുക.
2. കൃഷിക്കാവശ്യമായ വെള്ളം ലഭിക്കുന്നതിന് ആവശ്യമായ ജലനിർഗ്ഗമന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
3. ആവശ്യമായ എഞ്ചിൻ തറകളും, മോട്ടോറുകളും പടവുകൾക്ക് സൗജന്യമായി നല്കുക.
4. ഇലക്ട്രിസിറ്റി വിതരണത്തിനു പുതിയ സംവിധാനം ഉണ്ടാക്കുക.
5. വിത്ത്, കുമ്മായം കീടനാശിനികൾ, വളം, മുതലായവ കുറഞ്ഞ നിരക്കിൽ പാടശേഖരങ്ങളിൽ വിതരണം ചെയ്യുക.
6. ആധുനിക കാർഷിക രീതികളെ പറ്റിയുള്ള പഠന ക്ലാസ്സുകൾ നടത്തുക.
7. മണ്ണു പരിശോധന നടത്തി ഘടന നിലനിർത്താനാവശ്യമായ പരിശീലനം നല്കുക.
8. പുതിയ കാർഷിക ഉപകരണ ങ്ങളായ ട്രാക്ടർ, ട്രില്ലർ, നടീൽ യന്ത്രം, മരുന്നുതളിയന്ത്രങ്ങൾ, കൊയ്ത്തു മെതി യന്ത്രങ്ങൾ കൃഷിക്കാർക്ക് ഉപയോഗിക്കുന്നതിനുവേണ്ട സംവിധാനങ്ങൾ തരപ്പെടുത്തുക.
9. ആവശ്യമായ സ്ഥലങ്ങളിൽ ഫാം റോഡുകളും കൊയ്ത്തു കളങ്ങളും തരപ്പെടുത്തുക.
10. കൃഷിക്കാവശ്യമായ സാമ്പത്തിക സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് സഹകരണ സംഘങ്ങളെയും ദേശസാൽകൃത ബാങ്കുകളെയും മറ്റു സാമ്പത്തിക സ്ഥാപനങ്ങളെയും സജ്ജമാക്കുക.
11. ഉല്പാദിപ്പിക്കുന്ന നെല്ല് മെച്ചപ്പെട്ട വിലയ്ക്ക് കൃഷിക്കാരിൽ നിന്നു വാങ്ങാൻ വേണ്ട സംവിധാനമുണ്ടാക്കുക.
12. സർക്കാർ ചിലവിൽ വിള ഇൻഷൂറൻസും അപകട ഇൻഷൂറൻസും ഏർപ്പെടുത്തുക.

    കൃഷി ലാഭകരമാക്കുവാൻ ഇങ്ങിനെ അവസരമൊരുക്കിയാൽ ഇന്ന് ഒരുപ്പൂവും തരിശുമായി കിടക്കുന്ന മുഴുവൻ കോൾ നിലങ്ങളും രണ്ടുപൂവ്വു കൃഷിയാക്കാൻ കഴിയും. അങ്ങനെ ശരാശരി ഉല്പാദന നിരക്കായ 2500kg. ഹെക്ടർ എന്നത് 5000 ഹെക്ടർ ആക്കി മാറ്റാനും 1275 ഹെക്ടറിൽ ഇന്നുള്ള നെൽകൃഷി പൂർണ്ണമായി ഇരട്ടിപ്പിക്കാൻ കഴിയും.

13. ജലസേചന സൗകര്യം ചിമ്മിണി മുപ്ലി കമ്മീഷൻ ചെയ്യുന്ന ചാഹചര്യത്തിൽ പടവുകളുടെ മേഖലാ സമ്പ്രദായം പുനർചിന്തനം ചെയ്യണം.
14. ഇവിടെ ഉല്പാദിപ്പിക്കുന്ന നെല്ല് ഇവിടെ തന്നെ സംസ്കരിക്കുകയും, തവിട് മുതലായവ ഉപയോഗിച്ച് ഒരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കാൻ ശ്രമിക്കണം.
15. മനക്കൊടി മാരാത്തു കടവ് ലിഫ്റ്റ് ഇറിഗേഷൻ പ്രവർത്തിപ്പിക്കുന്നതിനുവേണ്ട സത്വര നടപടികൾ സ്വീകരിക്കുക.
16. പഞ്ചായത്തുവക ചാലുകൾ കിളച്ച് വൃത്തിയാക്കി കൃഷിക്കുപയുക്തമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.
17. ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ വഴി ട്രാക്ടർ, ട്രില്ലർ, കുറ്റിപമ്പ്, കൊയ്ത്തു യന്ത്രം, മെതിയന്ത്രം, എന്നിവ വാടകയ്ക്കു കൊടുക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.
18. അരിമ്പൂർ പഞ്ചായത്തിൽ 4-ാം വാർഡിൽ ഇപ്പോൾ നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷന്റെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുക.

## തെങ്ങുകൃഷി

ഏകദേശം 600 ഹെക്ടറിലായി 1,25,692 തെങ്ങുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

ശരാശരി ഒരുതെങ്ങിൽ 45 തേങ്ങകൾ ഉല്പാദിപ്പിക്കപ്പെടുന്നതായി കണക്കാക്കുന്നു. അത്യുല്പാദന വിഭാഗത്തിൽപെട്ട TxD, DxT തെങ്ങുകൾ ഈ പഞ്ചായത്തിൽ വളരെ കുറഞ്ഞ തോതിലെ കൃഷി ചെയ്തിട്ടുള്ളൂ. നാടൻ തെങ്ങുകളും, ലക്ഷദ്വീപ് ടോൾ, West Coast Tall മുതലായവിഭാഗത്തിലുള്ള തെങ്ങുകളാണ് ഏറെ കൃഷി

ജലദൌർലഭ്യമാണ് തെങ്ങുകൃഷിക്ക് ഏറെ പ്രശ്നമായിട്ടുള്ളത്. കേര വികസന സമിതികൾ സജീവമാക്കി ഗ്രൂപ്പടിസ്ഥാനത്തിൽ തെങ്ങു കൃഷിക്കാവശ്യമായ വളം, കീടനാശിനികൾ, അരിമ്പൂരിൻെറ ചുറ്റിലും കോൾ നിലങ്ങളും ചാലുകളും ഉള്ളതുകൊണ്ട് ടി. മേഖലയിൽ നിന്ന് ലിഫ്റ്റ് ഇറിഗേഷൻ സൗകര്യങ്ങൾ വികസിപ്പിച്ച് മുഴുവൻ മേഖലയ്ക്കും വെള്ളം, ലഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. വിത്തുതൈകൾ ഉല്പാദിപ്പിച്ച് ആവശ്യത്തിന് വിതരണം ചെയ്യുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

വളം, കീടനാശിനി, കുമിൾ നാശിനി, മുതലായവ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനു കേര വികസന സമിതികൾ വാർഡ് അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് അവയെ ചുമതലപ്പെടുത്തേണ്ടതാണ്. കൂടുതൽ സ്ഥലങ്ങളിലേയ്ക്കു തെങ്ങു കൃഷി വികസിപ്പിക്കുന്നതിന് ചുരുങ്ങിയ പലിശയ്ക്കു ദീർഘകാല ലോണുകൾ കിട്ടുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യേണ്ടിയിരിക്കുന്നു.

K.L.D.C. നിർമ്മിക്കുന്ന ബണ്ടുകളിൽ തെങ്ങുവെക്കുന്നതിനുള്ള ഒരു സ്കീം ഉണ്ടാക്കിയാൽ തെങ്ങ് കൃഷി ഇന്നുള്ളതിൻെറ 50 ശതമാനം വർദ്ധിപ്പിക്കാൻ കഴിയും. മാത്രമല്ല ശരാശരി ഉല്പാദനം 50 ശതമാനത്തിലേറെ വർദ്ധിപ്പിക്കാൻ കഴിയും.

ഉല്പാദിപ്പിക്കുന്ന തേങ്ങ വിപണനം ചെയ്യുന്നതിന് ഇന്ന് സംവിധാനമില്ല. തേങ്ങാ കൃഷി ക്കാർക്ക് ആശ്വാസം നല്കുന്നതിന് വിപണനത്തിനാവശ്യമായ സഹകരണ സംഘങ്ങൾ രൂപീകരിച്ച് 'നല്ലവില' കൃഷിക്കാരനു കിട്ടുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്യേണ്ടതുണ്ട്. തേങ്ങയുടെ ഉപഉല്പന്നമായ ചകിരി, ചിരട്ട എന്നിവയും കൂടുതൽ ഫലപ്രദമായി ഉപയോഗിക്കാൻ വേണ്ട സംവിധാനം ഉണ്ടാകേണ്ടതുണ്ട്. ശീതള പാനീയ രംഗത്ത് പ്രവേശിച്ച് ഇളനീർ വ്യവസായം പ്രോത്സാഹിപ്പിക്കുന്നത് കർഷകനേറെ ഗുണകരമായിരിക്കും.

തെങ്ങുകൃഷിയുടെ സമഗ്രവികസനം ലാക്കാക്കി പ്രവർത്തിക്കേണ്ടതിനുവേണ്ട നടപടികളുടെ ഭാഗമായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണനാർഹമാണ്.

1. അരിമ്പൂർ പഞ്ചായത്തിനു ചുറ്റും ഹൈലെവൽ കനാൽ നിർമ്മിച്ച് ലിഫ്റ്റ് ഇറിഗേഷൻ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
2. നിലവിലുള്ള ലിഫ്ട് ഇറിഗേഷൻ സുഗമമായി പ്രവർത്തിപ്പിക്കുക. പഞ്ചായത്തിലുള്ള മുഴുവൻ കുളങ്ങളും ശരിയാക്കി ഇറിഗേഷൻ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
3. K.L.D.C. ബണ്ടിൻെറ ഒരു വശത്ത് പുതിയതായി തെങ്ങിൻ തൈകൾ നടുക. അതുവഴി ഏകദേശം 7000 പുതിയ തെങ്ങുകൾ കൃഷി ചെയ്യാൻ കഴിയും.
4. കേരവികസന സമിതികൾ വാർഡുതോറും സംഘടിപ്പിച്ച് അതുവഴി പുതിയ തെങ്ങിൻ തൈകൾ, വളം, കീടനാശിനികൾ എന്നിവ സൗജന്യനിരക്കിൽ കൊടുക്കുക.
5. വിള ഇൻഷൂറൻസ് സർക്കാർ ചിലവിൽ എർപ്പെടുത്തുക.
6. കാറ്റുവീഴ്ചയും മറ്റു കേടുകളും വന്ന തെങ്ങുകൾ വെട്ടിമാറ്റി പുതിയവ നടുന്നതിന് വേണ്ട സഹായവും പ്രോത്സാഹനവും ചെയ്യുക.
7. തെങ്ങു കയറ്റ തൊഴിലിനാവശ്യമായ ശാസ്ത്രീയ ഉപകരണങ്ങൾ വികസിപ്പിച്ച് കൃഷിക്കാർക്ക് വിതരണം ചെയ്യുക.
8. തേങ്ങയുടെവില മെച്ചപ്പെടുത്തുന്നതിനുള്ള ഏർപ്പാടുകളോടൊപ്പം തേങ്ങ വാങ്ങി വിപണനം ചെയ്യാൻ വേണ്ട ഏർപ്പാടുകൾ ഉണ്ടാക്കുക.

9. ചകിരി, ചിരട്ട എന്നവയ്ക്കു മെച്ചപ്പെട്ടവില ലഭിയ്ക്കുന്നതിനുവേണ്ടി അവകൊണ്ടുള്ള വ്യാവസായസാദ്ധ്യത പരിപോഷിപ്പിക്കുക.

10. ഇളനീർ വ്യാപാരവും, അതിൻെറ ശാസ്ത്രീയമായ Caning എന്നിവയ്ക്കുള്ള സാദ്ധ്യത പരിശോധിയ്ക്കുക.

ഇങ്ങിനെ ചെയ്യുന്നതുവഴി ഇപ്പോൾ ഏകദേശം 600 ഹെക്ടർ ഉള്ള തെങ്ങുകൃഷി 800 ഹെക്ടറിലേക്ക് ഉയർത്താനും, പ്രതിശീർഷ തേങ്ങാവരവ് 45ൽ നിന്ന് 65 ആയി ഉയർത്താനും കഴിയും.

## വാഴകൃഷി

കേരളീയരുടെ ഉത്സവമായ ഓണത്തിൻെറ ഏറ്റവും വലിയ ആകർഷണീയത ഓണക്കായയാണ്. തൃശൂർ ജില്ലയിലെ ഓണക്കായയുടെ സ്ഥാനത്ത് മനക്കോടി കായയുടെ സ്ഥാനം വളരെ പ്രധാനമാണ്.

കായികാദ്ധ്വാനം വഴിയും, കാളത്തേക്കുവഴിയും മറ്റും ജലസേചനം സാധിതമാക്കി വാഴ കൃഷി ചെയ്യുന്നത് അരിമ്പൂരിലെ കർഷകൻെറ ഒരു പ്രധാന കാർഷികവൃത്തിയാണ്. ഉല്പാദിപ്പിക്കുന്ന കായ അടുത്ത ആഴ്ച മാർക്കറ്റുകളായ കണ്ടശ്ശാംകടവ്, കാഞ്ഞാണി ചന്തകളിൽ വിറ്റഴിക്കുന്നു. ഇപ്പോൾ ഗൾഫ് മേഖലയിലെ ഇടത്തട്ടു കച്ചവടക്കാർ അഡ്വാൻസ് കൊടുത്ത് വാങ്ങുന്നതുമൂലം കർഷകനു യഥാർത്ഥ വില ലഭിക്കാത്ത പ്രശ്നമുണ്ട്.

സുലഭമായി വെള്ളം ലഭിക്കുകയും, നല്ലയിനം വാഴക്കന്നുകളും,വളം, കീടനാശിനി എന്നിവ കുറഞ്ഞ വിലയ്ക്കുലഭിക്കുകയും ചെയ്താൽ നേന്ത്രവാഴ കൃഷി ഇന്നത്തേതിനെക്കാൾ ഇരട്ടിയെങ്കിലും ഉല്പാദിപ്പിക്കാൻ കഴിയും.

പുഴുക്കുത്ത്, കൂമ്പടപ്പ്, മഞ്ഞളിപ്പ്, പിണ്ടിപുഴുവിൻെറ ആക്രമണം, തുടങ്ങീ പ്രധാന രോഗങ്ങളെ പ്രതിരോധിക്കുന്നതന് കൃഷി വകുപ്പിൽ നിന്നും നിർദ്ദേശങ്ങളും സഹായങ്ങളും കർഷകർക്ക് ലഭ്യമാക്കേണ്ടതാണ്. പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന നേന്ത്രക്കായയുടെവിപണനത്തിൽ ഇടത്തട്ടുകാരെ ഒഴിവാക്കേണ്ടതും കാർഷിക ഉല്പന്നത്തിൻെറ ന്യായമായ വില കർഷകനുതന്നെ ലഭ്യമാക്കുവാൻ വിപണനകേന്ദ്രങ്ങൾ കണ്ടെത്തേണ്ടതുമാണ്.

## കവുങ്ങു കൃഷി

തെങ്ങിനോടോപ്പം മിക്സഡ് കൃഷിയായാണ് കവുങ്ങുകൃഷി ചെയ്തു വരുന്നത്. പുരാതനകാലം മുതൽ അരിമ്പൂരിൻെറ വിവിധകോൾ ഭാഗങ്ങളോടുചേർന്ന കരഭൂമി പ്രദേശങ്ങളിൽ കവുങ്ങുകൃഷിചെയ്തുവരുന്നു. ജലസേചനം ഏറെ പ്രധാനപ്പെട്ടതാണ് കവുങ്ങുകൃഷി. മുൻകാലങ്ങളിൽ അടക്ക തൊണ്ട് പൊളിച്ചെടുത്ത് കേച്ചേരി മുതലായ മേഖലകളിൽ കൊണ്ടുപോയി വില്ക്കുകയായിരുന്നു. വെള്ളത്തിൻെറ അഭാവം കവുങ്ങുകൃഷിയിൽ നിന്ന് കൃഷിക്കാരെ ഒരു പരിധിവരെ മാറ്റി നിർത്തിയെങ്കിലും വീണ്ടും കവുങ്ങുകൃഷിയിലേക്കു കൃഷിക്കാരൻ ആകർഷിക്കപ്പെടുന്ന ഒരു സ്ഥിതിയുണ്ട്. ജലസേചനം സാർവ്വത്രികമാക്കാൻ കഴിഞ്ഞാൽ കൂടുതൽ മേഖലകളിലേക്ക് കവുങ്ങു കൃഷി വികസിപ്പിക്കാൻ കഴിയും. കൃഷിഭവനിലെ കണക്കനുസരിച്ച് അരിമ്പൂരിൽ ഏകദേശം 70 ഹേക്ടർ സ്ഥലത്തു കവുങ്ങുകൃഷി ചെയ്യുന്നതായാണ് കണക്കാക്കപ്പെടുന്നത്. 1ഹെക്ടറിൽ 18270 അടയ്ക്കകൾ ഉല്പാദിപ്പിക്കുന്നതായാണ് കണക്കാക്കുന്നത്.

ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ധാരാളമായി മാർക്കറ്റുള്ള സുഗന്ധ ഉല്പന്നങ്ങൾക്കാവശ്യമായ അടക്ക ഇന്ന് താരതമ്യേന വിലലഭിക്കുന്ന സ്ഥിതിയിലാണ്.

നിലവിലുള്ള സാഹചര്യത്തിൽ കൂടുതൽ ജലസേചനസൗകര്യം ഏർപ്പെടുത്തിയാൽ ഇരട്ടി ഭൂമിയിലേക്ക് കൃഷി വ്യാപിപ്പിക്കാൻ കഴിയും.

മംഗള, പോലുള്ള അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ കൃഷിക്കാർക്ക് ലഭ്യമാക്കിയും, ദീർഘകാല വായ്പകൾ വഴി കൃഷി വികസനത്തിനു പണം ലഭ്യമാക്കുകയും ചെയ്യണം. വളം, വെള്ളം, കീടനാശിനികൾ, മുതലായവയ്ക്ക് ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കുകയും, സഹകരണ മേഖല വഴി ഇടത്തട്ടുക്കാരെ ഒഴിവാക്കി അടയ്ക്കയ്ക്ക് ഉയർന്ന വില ലഭിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുകയും ചെയ്യേണ്ടതുണ്ട്.

## കശുമാവ് കൃഷി

മുൻകാലങ്ങളിൽ കശുമാവുകൃഷി വളരെ ഏറെ ഉണ്ടായിരുന്നുവെങ്കിലും ഒരു കൃഷി എന്ന രീതിയിൽ കശുമാവ് കാർഷിക രംഗത്ത് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു.

താമസസൗകര്യങ്ങൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി ഭൂമി തുണ്ടുതുണ്ടായി ഭാഗിക്കേണ്ടിവന്നതും തെങ്ങ്, വാഴ തുടങ്ങി കൃഷികൾ വ്യാപകമായി ചെയ്തുവരുന്നതും കശുമാവ് കൃഷി കുറയുന്നതിന് കാരണമാക്കിയിട്ടുണ്ട്. നല്ലയിനം വിത്തിനങ്ങൾ ഉപയോഗപ്പെടുത്തി കശുമാവ് കൃഷി നിലനിർത്തേണ്ടത് അത്യാവശ്യമാണ്.

## കുരുമുളകും മറ്റു സുഗന്ധ ദ്രവ്യങ്ങളും

കൂടുതൽ മുതൽ മുടക്കില്ലാതെ തോട്ടങ്ങളിലുള്ള മരങ്ങളിലും കവുങ്ങ് മുതലായവയിലും കുരുമുളക് കൃഷി നമ്മുടെ നാട്ടിലെ കർഷകന്റെ ഒരു കൃഷിരീതിയായിരുന്നു. കുരുമുളക് മാത്രമായി കൃഷി ചെയ്യുന്ന തോട്ടങ്ങൾ നമ്മുടെ പഞ്ചായത്തിലില്ല. ഏകദേശം 20 ഹെക്ടർ സ്ഥലത്ത് കുരുമുളക് കൃഷി ഉണ്ടാകും എന്നാണ് കണക്കാക്കിയിട്ടുള്ളത്. നാടൻ കുരുമുളക് ഇനങ്ങളാണ് ഏറെ കൃഷി ചെയ്തിരുന്നതെങ്കിലും പന്നീയൂർ വിഭാഗത്തിൽപെട്ട കുരുമുളക് വള്ളികളും, കരിമുണ്ടവിഭാഗത്തിൽ പെട്ട മെച്ചപ്പെടുത്തിയ വിഭാഗം കുരുമുളകു വള്ളികളും കൃഷിചെയ്തുതുടങ്ങിയിട്ടുണ്ട്. കൃഷി വകുപ്പിന്റെ Seedings വിതരണം ചെയ്തതു വഴിയാണ് ഈ നേട്ടങ്ങൾ ഉണ്ടായത്. ദ്രുതവാട്ടം മൂലം ഉള്ള കുരുമുളകിനുതന്നെ വൻ നാശം സംഭവിച്ചിട്ടുണ്ട്. കൊക്കോ, ജാതി, ഗ്രാമ്പു, ഇഞ്ചി മഞ്ഞൾ, മുതലായവയും കൃഷി ചെയ്തുവരുന്നുണ്ട്. ഈ കൃഷികൾ പലതും തെങ്ങിൻ തോപ്പുകളിലും കവുങ്ങിൻ തോട്ടങ്ങളിലും ഇടവിളയായി ചെയ്യാമെന്നതുകൊണ്ട് പ്രത്യേക ചിലവില്ലാതെത്തന്നെ ലാഭം നേടാൻ ഉപകരിക്കുന്നവയാണ്.

## പച്ചക്കറി പയറുവർഗ്ഗങ്ങൾ മുതലായവ

നമ്മുടെ കൃഷിയിടങ്ങളിൽ 3 1/3 ഭാഗവും കരഭൂമിയോടടുത്തുകിടക്കുന്നതും, തുടർച്ചയായി കൃഷി ചെയ്യുന്ന ഭൂമികളാണ്. മഴയെമാത്രം ആശ്രയിച്ച് വളരെ കുറച്ചു സ്ഥലങ്ങളിൽ നെൽകൃഷി ചെയ്തുവരുന്നുണ്ട്. ഇത്തരം സ്ഥലങ്ങൾ പച്ചക്കറി പയറുവർഗ്ഗങ്ങളുടെ കൃഷിയ്ക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. ഭൂപ്രദേശങ്ങളുടെ പ്രത്യേകതകൾ കണക്കിലെടുത്ത് ജലസേചനസൗകര്യങ്ങൾ ഏർപ്പെടുത്തി പ്രത്യേക ശ്രദ്ധയോടെ ഈ കൃഷിയിടങ്ങളിൽ പച്ചക്കറി പൂക്കൾ, പയറുവർഗ്ഗങ്ങൾ എന്നിവ നടത്താവുന്നതാണ്. ഇതിലേക്കായി വേണ്ട പ്രോത്സാഹനങ്ങൾ നല്കി വ്യക്തികളേയോ, ചെറിയ ഗ്രൂപ്പുകളേയോ പ്രേരിപ്പിക്കാവുന്നതാണ്.

***നിർദ്ദേശങ്ങൾ***

1. കാലാവസ്ഥക്കനുസൃതമായി വെറുതെ കിടക്കുന്ന സ്ഥലങ്ങളെ പച്ചക്കറി കൃഷിയ്ക്ക് ഉപയോഗപ്പെടുത്തുക.
2. കൃഷിഭവന്റെ സഹായം ലഭ്യമാക്കുക.
3. ഇത്തരം കൃഷി നടത്തുന്നതിന് കൃഷിക്കാരുടെ യൂണിറ്റുകളെയോ, വ്യക്തികളേയോ പ്രത്യേകമായി കണ്ടെത്തുക.
4. ഇത്തരം യൂണിറ്റുകൾക്ക് ചെറുകിട വായ്പകൾ നല്കുന്നതിന് സംവിധാനമുണ്ടാക്കുക
5. ഉല്പന്നങ്ങൾ പൊതുവിപണി മുഖേന ചെലവഴിക്കുന്നതിന് സംവിധാനമുണ്ടാക്കുക.
6. ആവശ്യമായ മണ്ണുപരിശോധന മണ്ണിനനുസരിച്ച് കൃഷി എന്നിവ നടത്തുന്നതിന് ഡിപ്പാർട്ടുമെന്റുകളുടെ ഉപദേശം ലഭ്യമാക്കുക.

സ്കൂളുകളിൽ കുട്ടികളുടെ പച്ചക്കറി തോട്ടങ്ങൾ സ്ഥാപിക്കുന്നതിനും കൃഷി സംസ്കാരത്തെ വളർന്നുവരുന്ന കുരുന്നുമനസ്സുകളിൽ സ്ഥാപിച്ചെടുക്കുന്നതിനും പി.ടി.എ. കമ്മിറ്റികളെയും അദ്ധ്യാപകരെയും കുട്ടികളെയും തയ്യാറാക്കുക.

ഇതിലേക്കായി ആരോഗ്യകരമായ മത്സരങ്ങൾ ഏർപ്പെടുത്തുക.

## കുരുമുളക്, ഇഞ്ചി, ജാതിക്ക, മഞ്ഞൾ മരച്ചീനി

കർഷകന്റെ താല്പര്യങ്ങൾക്കനുസരിച്ച് വ്യക്തിപരമായ ആവശ്യങ്ങൾക്കുവേണ്ടി ചെറിയ തോതിൽ ഇത്തരം കൃഷികൾ നടത്തിവരുന്നുണ്ടെങ്കിലും വ്യാപകമായ ഒരു കൃഷി രീതി എന്ന നിലയിൽ മേൽ സൂചിപ്പിച്ച കൃഷികൾ നമ്മുടെ പഞ്ചായത്തിൽ നിലവിലില്ല. കർഷകന് സാമ്പത്തികനേട്ടം ഉണ്ടാക്കാവുന്ന ഇത്തരം കാർഷിക ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിന് ആവശ്യമായ കാർഷികനിർദ്ദേശങ്ങൾ ഉണ്ടാകേണ്ടതാണ്.

*നിർദ്ദേശങ്ങൾ*

1. കൂടുതൽ ഉല്പാദനശേഷിയുള്ള കുരുമുളകു തണ്ടുകളും മറ്റു വിത്തിനങ്ങളും കൃഷി ഭവൻ മുഖേന യഥാസമയം കൃഷിക്കാരിലെത്തിക്കണം.
2. കുരുമുളകിനും മറ്റു ഇടവിളകൃഷികൾക്കും ഉണ്ടാകാവുന്ന രോഗങ്ങളെക്കുറിച്ച് കർഷകർക്ക് ധാരണയുണ്ടാക്കേണ്ടതും പ്രതിരോധമാർഗ്ഗങ്ങൾ കൃഷിഭവൻ മുഖേന ലഭ്യമാക്കേണ്ടതുമാണ്.
3. നെല്ല്, തെങ്ങ് തുടങ്ങി കൃഷികളെപോലെ ഗൗരവമായ ഒരു സമീപനം ഇത്തരം കൃഷികൾക്ക് ലഭിക്കുന്നില്ല. ഇതിനാവശ്യമായ കാർഷിക വിദ്യാഭ്യാസവും ദിശാബോധവും കർഷകർക്ക് ലഭ്യമാക്കണം.

## തേനീച്ച വളർത്തൽ

പ്രത്യേകിച്ച് അദ്ധ്വാനമോ വലിയ മുടക്കുമുതലോ കൂടാതെ നമ്മുടെ തോട്ടങ്ങളിൽ തേനീച്ചകൂടുകൾ സ്ഥാപിച്ച് തേനീച്ച വളർത്തൽ നടത്താവുന്നതാണ്. എന്നാൽ ഇനിയും ഈ മേഖലയിലേക്ക് നമ്മുടെ പഞ്ചായത്തിലെ കർഷകർ അധികമൊന്നും ശ്രദ്ധിച്ചിട്ടില്ല. സൗജന്യ നിരക്കിൽ തേനീച്ച കൂടുകൾ സ്ഥാപിച്ച് തേനീച്ച വളർത്തുന്നതിനാവശ്യമായ പരിശീലനം ഡിപ്പാർട്ടുമെൻറുകളിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

## അടുക്കളത്തോട്ടം

വിത്തുഗുണം പത്തുഗുണം എന്നാണല്ലോ ചൊല്ല്. നല്ലയിനം പച്ചക്കറിവിത്തുകൾ ഉപയോഗിച്ച് അതതു വീടുകളിൽ പച്ചക്കറിയുടെ കാര്യത്തിൽ സ്വയംപര്യാപ്തത ലഭിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. പച്ചക്കറി കൃഷി മെച്ചപ്പെടുത്തുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ നിർദ്ദേശിക്കുന്നു.

1. നല്ലയിനം പച്ചക്കറി വിത്തുകൾ ലഭ്യമാക്കണം.
2. ചെടികളെ ബാധിക്കുന്ന പ്രധാന രോഗങ്ങളെ ക്കുറിച്ചും രോഗപ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചും കർഷകരെ ബോധവാന്മാരാക്കേണ്ടതാണ്.
3. ജൈവവളപ്രയോഗത്തിന് പ്രാധാന്യം കൊടുക്കുന്ന കൃഷി രീതി വികസിപ്പിച്ചെടുക്കേണ്ടതാണ്.
4. കൃഷി ഡിപ്പാർട്ടുമെൻറുകളുടെ ഉപദേങ്ങൾ കർഷകർക്ക് ലഭ്യമാക്കേണ്ടതാണ്.

## വിപണി

അരിമ്പൂർ പഞ്ചായത്തിലെ കാർഷിക ഉല്പന്നങ്ങളെ സംബന്ധിക്കുന്ന ഒരു പൊതുപ്രശ്നമാണ് ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് പഞ്ചായത്തിൽ ഒരു പൊതുവിപണി നിലവിലില്ല എന്നത്. നെല്ല്, തേങ്ങ, നേന്ത്രക്കായ, കുരുമുളക്, അടക്ക, പച്ചക്കറി, പാൽ ഉല്പന്നങ്ങൾ, മുട്ട തുടങ്ങി നമ്മുടെ പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനു കർഷകർക്ക് ന്യായമായ വില ലഭിക്കുന്നതിനും വളരെ കുറവ് സ്ഥാപനങ്ങൾ മാത്രമെ നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ളു.

*നിർദ്ദേശങ്ങൾ*

1. നെല്ല് സംഭരിച്ച് സംസ്കരിച്ച് വിപണനം ചെയ്യുന്നതിനാവശ്യമായ ഒരു സംവിധാനം പഞ്ചായത്തു തലത്തിൽ ഉണ്ടാക്കണം.
2. തെങ്ങു കൃഷിയിൽ നിന്നും ലഭിക്കുന്ന ഉല്പന്നങ്ങൾ സംസ്കരിച്ച് വിപണനം നടത്തുന്നതിന് സഹകരണ

പ്രസ്ഥാനങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

3. പഞ്ചായത്തിലെ നിലവിലുള്ള സഹകരണ സ്ഥാപനങ്ങളെയും പൊതുവിതരണ സ്ഥാപനങ്ങളെയും ഉപയോഗപ്പെടുത്തിയും പുതുതായ സാഥാപനങ്ങൾ സ്ഥാപിച്ചും കാർഷിക ഉല്പന്നങ്ങളുടെ വിതരണത്തിനും വിപണനത്തിനും ഒരു പൊതു സ്ഥിര സംവിധാനം ഉണ്ടാക്കേണ്ടതാണ്.

ബാങ്കുകളുടെ സഹായസഹകരണങ്ങളും വായ്പകളും ഈ പഞ്ചായത്തിലെ കർഷകർക്ക് ലഭ്യമാക്കി കൃഷിലാഭകരമാക്കുന്നതിന് ശ്രദ്ധിക്കണം. കാർഷിക മേഖലയിലും സ്വയംതൊഴിൽ കണ്ടെത്തുന്ന മേഖലയിലും ലോണുകൾ നല്കുമ്പോൾ ചെറുകിട കർഷകർക്കും ചെറുകിട തൊഴിൽ സംരംഭകർക്കും അത്തരം ലോണുകൾ ലഭിക്കുവാൻ അവസരമുണ്ടാക്കണം.

ഇത്തരം ചെറുകിട കർഷകർക്ക് ലോണുകൾ കിട്ടുന്നുണ്ടെന്ന കാര്യവും ലോൺ ഉപയോഗപ്പെടുത്തുന്ന കാര്യവും പഞ്ചായത്തു തലത്തിൽ അവലോകനം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

മൊത്തത്തിൽ ഉല്പാദനത്തിലും പുരോഗതിയിലും ഏറെക്കുറെ മുരടിപ്പും ശോഷണവും സംഭവിച്ചിരിക്കുന്നു. ഇന്ന് അരിമ്പൂരിന്റെ കാർഷിക മേഖലയിൽ വീടുകളുടെയും വ്യാപാരസ്ഥാപനങ്ങളുടെയും എണ്ണത്തിലുണ്ടായ വർദ്ധനവ് സ്ഥാനത്തും അസ്ഥാനത്തും ഗതാഗതത്തിന്റെ പേരിൽ വന്നിട്ടുള്ള ക്രമം വിട്ട റോഡു വികസനം ഭൂപരിഷ്ക്കരണ നിയമത്തിന്റെ പേരിൽ ഭൂമികളുടെ തുണ്ടവൽക്കരണം എന്നിവ കോൾ നിലങ്ങളൊഴിച്ചുള്ള കാർഷിക മേഖല ചുരുങ്ങുന്നതിനു കാരണമായെങ്കിൽ കോൾ നിലങ്ങളടക്കമുള്ള ഭൂമി തന്നെ പുത്തൻ സമ്പദ് വ്യവസ്ഥയുടെ ഫലമായി കച്ചവടച്ചരക്കായി മാറിയതും കാർഷികമേഖലയുടെ മുരടിപ്പിനു കാരണമായിട്ടുണ്ട്. ഭൂമിയിൽ ക-ൃഷി ചെയ്തു കർഷകന്റെ ജീവിത രീതി പിന്തുടരാനുള്ള പ്രകടമായ വൈമുഖ്യം കൃഷി മുഖ്യ തൊഴിലായി സ്വീകരിച്ചിട്ടുള്ളവരുടെ എണ്ണം കുറച്ചിരിക്കുന്നു. ഗൾഫു മേഖലയുടെ അമിത സ്വാധീനം തൊഴിൽ ചെയ്തു ജീവിക്കുന്നവരെ കെട്ടിട നിർമ്മാണമേഖലയിലേക്കും മറ്റും തിരിച്ചു കൊണ്ടുപോയപ്പോൾ കാർഷികവൃത്തി വ്യാപാരലാഭനഷ്ടക്കണക്കിൽ പിൻസീറ്റിലേക്കു നീങ്ങിയതുവഴി കർഷകതൊഴിലാളി മേഖല ശുഷ്ക്കിച്ചു പോയതും ഈ മേഖലയുടെ മുരടിപ്പിനു കാരണമായിട്ടുണ്ട്. നമ്മുടെ മിഥ്യാസാമൂഹ്യബോധവും കൃഷിമേഖലയെ തളർത്തിയിട്ടുണ്ട് എന്ന വസ്തുത കൂടി കണക്കിലെടുക്കേണ്ടിയിരിക്കുന്നു. ഗ്രൂപ്പു ഫാമിങ്ങ് പോലെയുള്ള പുതിയ സർക്കാർ പരിപാടികൾ കൃഷിക്കാരിൽ വേണ്ടത്ര വേരോട്ടം ഉണ്ടാക്കിയതുമില്ല. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വിളവെടുപ്പു സീസണുകളിൽ കൂടുതൽ അരിയും മറ്റും കൊണ്ടുവരികയും, വിത്ത്, വളം, കീടനാശിനികൾ, കർഷകതൊഴിലാളികൾക്കുള്ള വേതനത്തിലെ വർദ്ധന, മണ്ണുപരിപാലനത്തിന്റെ കുറവ്, ഇവയെല്ലാം ചേർന്നപ്പോൾ നെൽകൃഷിയുടെ ആകർഷണീയത നഷ്ടപ്പെട്ടു. ഭമി തരിശിടുന്നതിനും രണ്ടു പൂവ്വ് കൃഷിയിടങ്ങൾ ഒറ്റപ്പൂവിലേക്കും ഒറ്റപൂവ്വെറും തരിശിലേക്കും മാറിയ സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ട്. ഒരു നിയോഗം എന്ന നിലയിൽ മാത്രം നെൽകൃഷി ചെയ്യുന്നവരെയും കാണാം.

ഈസ്ഥിതി മാറ്റി കാർഷികരംഗത്ത് അഭിവൃദ്ധിയും ഉല്പാദനവർദ്ധനവും ഉണ്ടാക്കുന്നതിനും അതുവഴി നമ്മുടെ പഞ്ചായത്തിനെ കാർഷിക മേഖലയിൽ സ്വയം പര്യാപ്തമാക്കുന്നതിനും ആവശ്യമായ അഭിപ്രായനിർദ്ദേശങ്ങളാണ് ഈ റിപ്പോർട്ടിലൂടെ മുന്നോട്ടുവെച്ചിട്ടുള്ളത്. ഗ്രാമസഭകളിൽ വാർഡ് തലത്തിൽ നടത്തിയ ചർച്ചകളിൽ ഉയർന്നുവന്ന പ്രധാന നിർദ്ദേശങ്ങളെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ജനകീയ പങ്കാളിത്തത്തോടെ പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾ നടത്തുകയെന്ന മഹത്തായ ആശയത്തിന് തുടക്കം കുറിക്കുന്നതിനും, ഒമ്പതാംപഞ്ചവത്സര പദ്ധതി ഒരു ജനകീയ പദ്ധതിയായി ആസൂത്രണ പദ്ധതിയാക്കി മാറ്റുന്നതിനും വേണ്ടിയുള്ള ശ്രമത്തിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ളതാണ് ഈ കാർഷിക വികസന രേഖ.

## ഹോൾഡിംഗ് സൈസ്

| വിസ്തീർണ്ണം | കർഷകരുടെ എണ്ണം |
|---|---|
| 1. 0 - 0.5 | 3,192 |
| 2. 0.5 - 1.0 | 320 |
| 3. 1.0 - 2.0 | 96 |
| 4. 2.0 - 3.0 | 29 |
| 5. 3 & above | 15 |

| | |
|---|---|
| ശരാശരി ഹോൾഡിംഗ് | 0.48 he. |
| മൊത്തം കൃഷി ഭൂമി | 1774 He |
| ആളോഹരി ഭൂമി | 23.5 cent. |

## കാർഷിക ഉപകരണങ്ങൾ

| ഇനവിവരം | എണ്ണം |
|---|---|
| 1. ട്രാക്ടർ | 2 |
| 2. ട്രില്ലർ | 9 |
| 3. പമ്പുസെറ്റ് (E) | 940 |
| 4. ഓയിൽ എഞ്ചിൻ | 114 |
| 5. കുറ്റിപമ്പ് | 310 |
| 6. റോക്കർ സ്പ്രേയർ | 20 |

# മൃഗസംരക്ഷണം, മത്സ്യബന്ധനം

കാർഷിക മേഖലയായ അരിമ്പൂർ പഞ്ചായത്തിൽ പരമ്പരാഗതമായിത്തന്നെ പശു, എരുമ, പോത്ത്, കാള എന്നിവയെ വളർത്തി അതുമായി ബന്ധപ്പെട്ട് ഒട്ടനവധി കുടുംബങ്ങൾ ജീവിച്ചുവന്നിരുന്നു. മെച്ചപ്പെട്ട തരത്തിലുള്ള കാലിവളർത്തൽ നടത്താൻ അന്ന് സാധിച്ചിരുന്നു. ഉല്പാദിപ്പിക്കുന്ന പാലും മറ്റും തൃശൂർ ടൗണിൽ തലച്ചുമടായി കൊണ്ടുപോയി വിൽക്കുകയായിരുന്നു. പല പ്രതികൂല സാഹചര്യങ്ങളേയും അതിജീവിച്ചു ഉപജീവനത്തിനായി ഈ തൊഴിലിൽ ഏർപ്പെട്ടവരുടെ പ്രയാസങ്ങൾ ഊഹിക്കാൻ പോലും ഇന്ന് നമുക്ക് സാദ്ധ്യമല്ല.

കാലക്രമേണ പടിപടിയായി ഉണ്ടായ ഗതാഗതസൗകര്യങ്ങളും മറ്റും കൃഷിക്കാർക്ക് ഈ രംഗത്ത് ഉറച്ചുനിൽക്കാൻ പ്രേരണ നൽകി. കാലിവളർത്തൽ അഭിമാനവും അന്തസ്സും ഉള്ള ഒരു തൊഴിലായിട്ടാണ് അന്ന് കണ്ടിരുന്നത്. വിവിധ രംഗങ്ങളിൽ ഉണ്ടായ പല മാറ്റങ്ങളും സ്വാഭാവികമായും ഈ മേഖലയിലും പ്രതിഫലിച്ചു. കാലിവളർത്തലും മൃഗസംരക്ഷണവും ക്രമേണ മുഖ്യ ജീവിതമാർഗ്ഗമെന്നതിൽ നിന്ന് മാറുന്ന സ്ഥിതി ഉണ്ടായി. എന്നിരുന്നാലും കുറേപേർ ഈ മേഖലയിൽ ഉറച്ചുനിന്ന് പ്രതികൂലസാഹചര്യങ്ങളെ അതിജീവിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. ഓരോ ദിവസം ചെല്ലുംതോറും കൂടുതൽ കൂടുതൽ പ്രയാസങ്ങൾ ഈ മേഖലയിൽ കർഷകർ നേരിടേണ്ടിവന്നു. ഉല്പാദിപ്പിക്കുന്ന പാലിന് ന്യായമായ വില ലഭിക്കാത്ത അവസ്ഥയും, ഇടത്തട്ടുകാരുടെ ചൂഷണവും ഈ രംഗത്തെ പ്രധാന പ്രശ്നങ്ങളായി വളർന്നുവന്നു. ഇതിനൊരു അറുതി വരുത്താൻ പഞ്ചായത്തിൽ ഉടലെടുത്ത് രണ്ടു ക്ഷീരസംഘങ്ങൾക്ക് ഒരു പരിധി വരെ സാധിച്ചു. എന്നാൽ രണ്ടു സംഘങ്ങൾ സംഭരിച്ച് വിപണനം നടത്തുന്ന പാലിന്റെ നാലിരട്ടി സ്വകാര്യവ്യക്തികൾ സംഭരിച്ച്വിപണനം നടത്തിവരുന്നുണ്ട്. ആയതിനാൽ ഇടത്തട്ടുചൂഷണം തടയാൻ ഇനിയും കൂടുതൽ സംഘങ്ങൾ രൂപീകരിക്കേണ്ടതായിട്ടുണ്ട്. കഴിഞ്ഞ പത്തുവർഷത്തെ ചരിത്രം മാത്രം നോക്കിയാൽ പശുക്കളുടെ എണ്ണം വേണ്ടത്ര വർദ്ധിക്കുന്നില്ലെന്നുമാത്രമല്ല എരുമകളുടെ എണ്ണം വളരെ കുറഞ്ഞുപോകുന്നതായി കാണാൻ കഴിയും. എരുമപ്പാല് എന്നത് കേട്ടുകേൾവി മാത്രമായി മാറുന്ന കാലം അതിവിദൂരമല്ല. കൂടുതൽ നല്ലയിനം പശുക്കളെ പുറമേനിന്ന് ഇവിടെയ്ക്ക് കൊണ്ടുവരാൻ തയ്യാറാകാത്ത അവസ്ഥയാണു ഉള്ളത്. ഇവിടേയുള്ള പശുക്കളെത്തന്നെ അന്യോന്യം കൈമാറുകയാണ് ഇപ്പോൾ ചെയ്യുന്നത്. ഇതിനൊരു മാറ്റം അനിവാര്യമാണ്. ചിലവും വരവും ഒട്ടും പൊരുത്തമില്ലാത്ത, ചികിത്സക്കായി വരുന്ന ഭീമമായ ചിലവും ഗുരുതരമായ പ്രതിസന്ധി ഈ രംഗത്ത് സൃഷ്ടിച്ചിരിക്കുകയാണ്.

പഴയകാലത്ത് മൃഗങ്ങൾക്ക് അസുഖം വന്നാൽ നാടൻ ചികിത്സകളാണ് നൽകിയിരുന്നത്. വെറും വിശ്വാസങ്ങളുടെ അടിസ്ഥാനത്തിലുള്ള ചികിത്സാരീതികളും അന്നുണ്ടായിരുന്നു. കുറ്റമറ്റ ചികിത്സ ലഭിക്കാത്തതിനാൽ പാലുല്പാദനം വർദ്ധിപ്പിക്കാനും, ചികിത്സാസൗകര്യങ്ങൾ വർദ്ധിപ്പിക്കാനും സംസ്ഥാന സർക്കാരുകൾ ബന്ധപ്പെട്ട വകുപ്പുകൾ വഴി കുറേ പ്രവർത്തനങ്ങൾ നടത്തിവരുന്നു എന്നത് കർഷകന് ആശ്വാസം നൽകുന്നുണ്ട്. പക്ഷേ ഈ രംഗത്ത് ഉയർന്നുവന്നിട്ടുള്ള പ്രധാന പ്രശ്നങ്ങൾ പരിഹരിക്കാൻ ഇനിയും ഏറെ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. കൃത്രിമ ബീജ സങ്കലനപ്രക്രിയ വഴി അത്യുല്പാദനശേഷിയുള്ള കന്നുകുട്ടികളെ ലഭ്യമാക്കാൻ കഴിഞ്ഞു എന്നുണ്ടെങ്കിലും ഇവയെ ഉചിതമായി സംരക്ഷിച്ച് തൊഴിൽ ലാഭകരമാക്കാൻ വളരെകുറച്ച് കർഷകർക്കുമാത്രമേ സാധിച്ചിട്ടുള്ളു. ഉൽപാദനച്ചിലവുമായി ബന്ധപ്പെടുത്തി പാലിന് വില ലഭിക്കാത്തതും, കാലീത്തീറ്റയുടെ വില നാൾക്കുനാൾ വർദ്ധിക്കുന്നതും, കർഷകരെ അലട്ടുന്ന രണ്ടു പ്രാധാന പ്രശ്നങ്ങളാണ്. ചികിത്സയ്ക്കായി വരുന്ന ഭീമമായ ചിലവ് കർഷകനെ സംബന്ധിച്ചിടത്തോളം "കുനിന്മേൽ കുരു" എന്ന സ്ഥിതിയാണ് സൃഷ്ടിക്കുന്നത്. ചികിത്സാരംഗത്ത് നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രിയും, കൃത്രിമ ബീജസങ്കലന കേന്ദ്രവും കർഷകർക്ക് ആശ്വാസകരമാണെങ്കിലും വേണ്ടത്ര മരുന്നുകളുടെ അഭാവവും പ്രതിരോധകുത്തിവയ്പുകളെ സംബന്ധിച്ചുള്ള ബോധവൽക്കരണത്തിലെ പോരായ്മയും പരിഹരിക്കേണ്ടതായിട്ടുണ്ട്. മൃഗാശുപത്രി പഞ്ചായത്തിന്റെ ഒരു അറ്റത്ത് സ്ഥിതിചെയ്യുന്നത്. ഭൂരിഭാഗം കർഷകർക്കും ഏറെ പ്രയാസം ഉണ്ടാക്കിയിട്ടുണ്ട്. ഇത് മാറ്റി സ്ഥാപിക്കുന്നത് ഏറെ പ്രയോജനം ചെയ്യും. ക്രിത്രിമ ബീജസങ്കലനകേന്ദ്രം ഏറെ പ്രയോജനം ചെയ്യുന്നതാകയാൽ അത് ഇവിടെ നിന്ന് പോകുമെന്ന ഭയാശങ്കയ്ക്ക് പരിഹാരം കാണേണ്ടതായിട്ടുണ്ടെന്നത് പ്രത്യേകം

ചൂണ്ടിക്കാട്ടുന്നു.

ആടുവളർത്തൽ, കോഴിവളർത്തൽ എന്നിവ പണ്ടുമുതലേ നമ്മുടെ നാട്ടിൽ ഉള്ളതാണ്. അതൊരു ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിരുന്നവർ നന്നേകുറവാണെങ്കിലും ഉപതൊഴിലായി പരക്കെ സ്വീകരിച്ചിരുന്നു. അതേ സമയം താറാവുവളർത്തൽ സംഘടിതമായിത്തന്നെ കുറച്ചു വർഷങ്ങാംക്കു മുമ്പുവരെ ചെയ്തുവന്നിരുന്നതായി അറിയുന്നു. എന്നാൽ ഇപ്പോാം ഈ രംഗത്ത് നിന്ന് പുറകോട്ടുപോയതായി കാണാൻ സാധിക്കും, നല്ല പ്രോത്സാഹനവും ആവശ്യമായ സാങ്കേതിക - സാമ്പത്തിക സഹായവും ലഭിക്കുകിയാണെങ്കിൽ കോഴി, താറാവ്, ആടുവളർത്തൽ വികസിപ്പിക്കാൻ ഉതകുന്ന സാഹചര്യം നമ്മുടെ നാട്ടിലുണ്ട്. കോാംനിലങ്ങളും, പാടങ്ങളും, ചാലുകളും കൊണ്ട് നിറഞ്ഞുനിൽക്കുന്ന പഞ്ചായത്തിനെ പ്രയോജനപ്പെടുത്താൻ ഇനിയും ഒട്ടും വൈകിക്കൂടാ.

പന്നി, മുയൽ എന്നിവയെ വളർത്തൽ പണ്ടേ മുതലേ നമ്മുടെ നാട്ടിൽ ഇല്ലാത്ത ഏർപ്പാടാണ്. ഇപ്പോാം വളരെ അപൂർവ്വമായി ഇവയെ വളർത്താൻ ചിലർ മുന്നോട്ടു വന്നിട്ടുള്ളതായി കാണുന്നു. വളരെ ആദായകരവും തൊഴിൽ സാദ്ധ്യതയുള്ളതായ ഈ മേഖലയിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. ആവശ്യമായ സാമ്പത്തിക സാങ്കേതിക സഹായം നൽകിയാൽ ഈ രംഗത്ത് വികസനം സാദ്ധ്യമാക്കാൻ കഴിയും.

കഴിഞ്ഞകാലങ്ങളിൽ കുറഞ്ഞ ജനസാന്ദ്രതയുണ്ടായിരുന്ന കാലത്ത് വീടുകളുടെ സംരക്ഷണത്തിനായ പട്ടി, നായ എന്നിവയെ വീടുകളിൽ വളർത്തിയിരുന്നു. മാറിയ സാഹചര്യത്തിൽ ഇവയുടെ എണ്ണത്തിൽ വന്ന വർദ്ധനവും, പേപ്പട്ടി വിഷബാധ പോലെയുള്ള ഗുരുതരമായ അവസ്ഥയും കണക്കിലെടുത്ത് ഇവയെ വളർത്തുമ്പോാം സ്വീകരിക്കേണ്ട നിയമനടപടികാം കർക്കശമാക്കേണ്ടുതുണ്ട്.

*നിർദ്ദേശങ്ങാം :-*

1. പാലുല്പാദനം വർദ്ധിപ്പിക്കാൻ അത്യുൽപാദനശേഷിയുള്ള പശു, എരുമ എന്നിവയെ ലഭ്യമാക്കാൻ ആവശ്യമായ പ്രവർത്തനങ്ങാംക്ക് രൂപം നൽകുക.
2. ക്ഷീര കർഷകർക്ക് വായ്പയും മറ്റും ലഭിയക്കാൻ പഞ്ചായത്തിൽ ഇന്നുള്ള സഹകരണബാങ്ക് പുനർജ്ജീവിപ്പിയ്ക്കുക.
3. ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്ന് കർഷകരെ രക്ഷിക്കാൻ കൂടുതൽ ക്ഷീര സംഘങ്ങാം രൂപികരിയ്ക്കുക. സംഘങ്ങാംക്ക് ആവശ്യമായ സഹായങ്ങാം നൽകാൻ പ്രത്യേക പദ്ധതികാം രൂപപ്പെടുത്തുക.
4. തീറ്റപ്പുൽകൃഷി വികസപ്പിക്കാൻ ക്ഷീരവികസന വകുപ്പുമായി ബന്ധപ്പെട്ട് പദ്ധതികാം തയ്യാറാക്കി പരമാവധി സ്ഥലങ്ങളിൽ നടപ്പിലാക്കുക.
5. ക്ഷീരസംഘങ്ങാം സംഭരിയ്ക്കുന്ന പാലിൽ വിപണനത്തിനുശേഷം അധികം വരുന്നത് സംസ്കരിക്കാൻ പദ്ധതികാം തയ്യാറാക്കി നടപ്പിലാക്കുക. ക്ഷീരോൽപ്പന്ന നിർമ്മാണയൂണിറ്റുകാംക്ക് രൂപം നൽകുമ്പോാം സംഘങ്ങളെ കൂടാതെ മഹിളാസംഘങ്ങാംക്കും അവസരം നൽകുകക.
6. ഗുണമേന്മയുള്ള കാലിത്തീറ്റ ഉൽപ്പാദിപ്പിയ്ക്കാൻ നമ്മുടെ കാർഷികമേഖലയെ ഉപയോഗപ്പെടുത്താൻ എങ്ങിനെ സാധിയക്കുമെന്ന് പരിശോധിച്ച് പദ്ധതി തയ്യാറാക്കി നടപ്പിലാക്കുക.
7. പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി എല്ലാ ക്ഷീരസംഘങ്ങളിലും നടപ്പിലാക്കാൻ മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട് പദ്ധതി തയ്യാറാക്കുക.
8. പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്ന മൃഗാശുപത്രി കൂടുതൽ കർഷകർക്ക് പ്രയോജനം ലഭിയ്ക്കത്തക്കവിധത്തിൽ മാറ്റി സ്ഥാപിയ്ക്കുക. ആശുപത്രിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടപടികാം കൈക്കൊള്ളുക.
9. നിവവിലുള്ള കൃത്രിമ ബീജസങ്കലനകേന്ദ്രത്തിന് സ്വന്തമായി കെട്ടിടം പണിതീർത്തു നൽകാൻ നടപടി സ്വീകരിയ്ക്കുകയും കൂടുതൽ സബ്സെൻററുകാം പഞ്ചായത്തിൻെറ മറ്റു പ്രദേശങ്ങളിൽ സ്ഥാപിയക്കുകയും ചെയ്യുക.

10. രോഗപ്രതിരോധ പ്രവർത്തനങ്ങാം ശക്തിപ്പെടുത്തുകയും ബോധവൽക്കരണനടപടികാം ഊർജ്ജിതപ്പെടുത്തുകയും ചെയ്യുക.

11. വൃത്തിയുള്ളതും, ഉറപ്പുള്ളതുമായ തൊഴുത്തുകാം നിർമ്മിച്ചു നൽകാൻ ക്ഷീരവികസന വകുപ്പുമായി ബന്ധപ്പെട്ടു പദ്ധതി തയ്യാറാക്കുക.

12. പന്നി, മുയൽ എന്നിവയെ വളർത്താൻ ആവശ്യമായ പദ്ധതി ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറുമായി ആലോചിച്ചു ആവിഷ്ക്കരിയ്ക്കുക.

13. കോഴി, താറാവ് ആട് എന്നിവയെ സംഘടിതമായി വളർത്താൻ ആവശ്യമായി പദ്ധതികാംക്ക് രൂപം നൽകുക.

14. വളർത്തുനായ്ക്കളെ സംബന്ധിച്ച നിയമം കർക്കശമാക്കുകയും, നായ്ക്കളെ പരിപാലിയക്കുന്നതു സംബന്ധിച്ച് ജനങ്ങളിൽ ബോധവത്ക്കണം നടത്തുകയും ചെയ്യുക.

15. കോഴി, താറാവ്, ആട്, മുയൽ പന്നി എന്നിവയെ വളർത്താനും വികസിപ്പിയ്ക്കാനും ഉതകുന്നതിന് ആവശ്യമായ പ്രവർത്തികാംക്ക് കൂട്ടായ്മ ഉറപ്പുവരുത്താനും സംഭരണ വിപണനരംഗം കാര്യക്ഷമമാക്കാനും ഒരു സഹകരണ സംഘം രൂപീകരിയ്ക്കുക.

## മത്സ്യബന്ധനം :-

നമ്മുടെ പഞ്ചായത്തിൽ ഉാംനാടൻ മത്സ്യബന്ധനത്തിന് വളരെയേറെ പ്രസക്തി പണ്ടേ മുതലേ ഉള്ളതാണ്. കോാംനിലങ്ങളിലും, ചാലുകളിലും ഉപജീവനവുമായി ബന്ധപ്പെട്ട് നിരവധി പേർ മീൻ പിടിച്ച് ജീവിച്ചുവന്നിരുന്നു. ഇപ്പോഴും അത് തുടരുന്നുണ്ട്. മുമ്പത്തേക്കാാം മെച്ചപ്പെട്ട രീതികാം കൈവരിച്ച് അവരുടെ പ്രവർത്തനം തുടരുകയാണ്. കോാംപടവുകളിൽ നിന്നും മീൻ ലേലം വിളിച്ചും, പഞ്ചായത്തുകുളങ്ങളിൽ നിന്ന് മീൻ പിടിച്ചും കഴിയുന്നവരെ ഒരു സംഘടിത സ്വഭാവത്തിൽ കൊണ്ടുവന്ന് കുറേ കൂടി മെച്ചപ്പെട്ട അവസ്ഥ ഈ രംഗത്ത് കൈവരിയ്ക്കാൻ ഇതുവരെ ആരും ശ്രമിച്ചതായി കാണുന്നില്ല. അതുകൊണ്ടുതന്നെ സർക്കാരുകാം നടപ്പിലാക്കുന്ന പല ക്ഷേമപദ്ധതികളും ഇവർക്കു ലഭിയ്ക്കാതെ പോകുന്നു. ഇന്നത്തെ ഈ അവസ്ഥയെ മാറ്റിയെടുത്ത് ശരിയായ വിധത്തിൽ ഉപയോഗപ്പെടുത്താൻ സാധിച്ചാൽ മത്സ്യകൃഷിയ്ക്ക് കൂടുതൽ അടുക്കും ചിട്ടയും സാദ്ധ്യതയും വർദ്ധിയ്ക്കുമെന്ന കാര്യത്തിൽ സംശയമില്ല. കോാംമേഖല മാത്രമല്ല പഞ്ചായത്തുകുളങ്ങളും, അല്ലാത്ത കുളങ്ങളും മറ്റും ഉപയോഗപ്പെടുത്തിയും ചെമ്മീൻ കൃഷി മുതലായവ വികസിപ്പിയ്ക്കാൻ പദ്ധതികാം ഒട്ടും വൈകാതെ ആവിഷ്ക്കരിയ്ക്കേണ്ടതാണ്.

*നിർദ്ദേശങ്ങാം:-*

1. വെള്ളം കെട്ടി നിൽക്കുന്ന സമയത്ത് പാടശേഖരങ്ങളിലെ കഴകളിൽ വലകെട്ടി ഹ്രസ്വകാല മത്സ്യങ്ങളെ വളർത്താൻ ആവശ്യമായ പദ്ധതി ആവിഷ്ക്കരിയക്കുക.

2. പഞ്ചായത്തുകുളങ്ങാം മത്സ്യകൃഷിയ്ക്കായി ഉപയോഗപ്പെടുത്തുക.

3. ചെമ്മീൻകൃഷി ഉാംപ്പടെയുള്ള മത്സ്യം വളർത്തലിന് പഞ്ചായത്തിലെ സാദ്ധ്യതകളെ സംബന്ധിച്ച് കാർഷിക സർവ്വകലാശാലയിലെ വിദഗ്ദരുമായി കൂടിയാലോചിച്ച് പദ്ധതി തയ്യാറാക്കി നടപ്പിലാക്കുക.

4. കോാം മേഖലയിൽ ഉാംപ്പടെയുള്ള മത്സ്യസമ്പത്ത് ശരിയായ വിധത്തിൽ സംഭരിച്ച് വിപണനം നടത്തുന്നതിനായി ഒരു മത്സ്യത്തൊഴിലാളി സഹകരണസംഘം രൂപികരിയ്ക്കാൻ വേണ്ടതുചെയ്യുക.

5. ചേറ്റുപുഴ പ്രദേശത്തു പ്രവർത്തിയ്ക്കുന്ന റബ്ബർ ഫാക്ടറിയിൽ നിന്ന് ഒഴുകി വരുന്ന മലിനജലം ചാലുകളെ വിഷലിപ്തമാക്കുന്നത് തടയാൻ നടപടി സ്വീകരിയ്ക്കുക

# വിദ്യാഭ്യാസം

കേരളത്തിൻെറ സാംസ്കാരികതലസ്ഥാനമായ തൃശൂർ പട്ടണത്തിൽ നിന്നും ഏകദേശം 10 കിലോമീറ്റർ അകലെ മാത്രം സ്ഥിതി ചെയ്യുന്ന അരിമ്പൂർ പഞ്ചായത്ത് സാക്ഷരതയിലും, വിദ്യാഭ്യാസത്തിലും ഒട്ടും പുറകിലല്ല. ചുറ്റും കോാം നിലങ്ങളാൽ വലയം ചെയ്യപ്പെട്ടു കിടക്കുന്ന ഈ ഭൂപ്രദേശം വിദ്യാസമ്പന്നരായ ജനങ്ങളാൽ അനുഗൃഹീതമാണ്. കേരളകാർഷിക സർവ്വകലാശാല, കോഴിക്കോടു സർവ്വകാലാശാലയിലെ ഡോ. ജോൺ മത്തായി സെൻററർ, വിവിധ സ്വകാര്യകോളേജുകാം, ഗവ. കോളേജുകാം, മെഡിക്കൽ കോളേജ്, എഞ്ചിനീയറിംഗ് കോളേജ്, ലോകോളേജ്, കേരളസാഹിത്യ അക്കാദമി, കേരള സംഗീത നാടക അക്കാദമി, ലളിത കലാഅക്കാദമി എന്നിവയുടെ സാമീപ്യത്താൽ വിദ്യാഭ്യാസ കലാ- സാംസ്കാരിക മണ്ഢലങ്ങളിൽ ഈ പഞ്ചായത്ത് എക്കാലവും സുഷുപ്തി വിട്ട് ഉത്തേജിത അവസ്ഥയിൽ നിലകൊള്ളുന്നു.

1917 വരെ ഈ പഞ്ചായത്തിലെ അദ്ധ്യായനം അനൗദ്യോഗികമായി കൈകാര്യം ചെയ്തിരുന്നത് നിലത്തെഴുത്ത് ആശാന്മാരാണ്. 1917 ലാണ് ഈ പഞ്ചാത്തിലെ ആദ്യത്തെ ഔദ്യോഗിക വിദ്യാഭ്യാസ സ്ഥാപനം രൂപമെടുക്കുന്നത്. കാരപറമ്പിൽ ചാക്കു ആശാനാണ് ഈ നേട്ടത്തിന് അടിസ്ഥാനം കുറിച്ചത്. പിന്നീട് തിരുകൊച്ചി നിയമസഭയിൽ എം. എൽ. സി ആയിരുന്ന തോട്ടുങ്കൽ ഫ്രാൻസിസ് ഈ സ്കൂാം ഏറ്റെടുക്കുകയും, അത് ടി. എഫ്. എം. സ്കൂാം എന്ന് നാമകരണം ചെയ്യപ്പെടുകയും ചെയ്തു. ആദ്യഘട്ടത്തിൽ 4-ാം ക്ലാസ്സ് വരെയാണ് ഇവിടെ പഠനം തുടങ്ങിയത് . പിന്നീട് ഇതിൻെറ ഒരു ബ്രാഞ്ച് സ്കൂാം അരിമ്പൂർ സെൻററിൽ തുടങ്ങി. അതാണ് ഇന്നത്തെ A. P. S. പരയ്ക്കാട്ട് എന്നപേരിൽ അറിയപ്പെടുന്ന സ്കൂാം പിന്നീട് $4\frac{1}{2}$ ക്ലാസ്സുകാം ആരംഭിച്ചു. $4\frac{1}{2}$ ക്ലാസ്സുകാം അവനാനിപ്പിച്ചപ്പോാം 5-ാം ക്ലാസ്സ് തുടങ്ങുന്നതിനായി U.P.S. പരയ്ക്കാട്ട് എന്നപേരിൽ അരിമ്പൂർ സെൻററിൽ തന്നെ ശ്രീ. കുഞ്ഞുണ്ണി നമ്പിടി എന്ന വ്യക്തി ഒരു പുതിയ സ്കൂാം ആരംഭിച്ചു. ഇതാണ് പഞ്ചായത്തിലെ ആദ്യത്തെ അപ്പർ പ്രൈമറി സ്കൂാം പിന്നീട് കുന്നത്തങ്ങാടിയിൽ ക്രിസ്ത്യൻ മാനേജ് മെൻറിൻെറ കീഴിൽ പ്രൈമറി സ്കൂാം ആരംഭിച്ചു. അതിനുശേഷം പഞ്ചായത്തിലെ ഏക ഗവൺമെൻറ് സ്കൂളായ അരിമ്പൂർ ഗവഃഅപ്പർ പ്രൈമറി സ്കൂാം ആരംഭിച്ചു. ഈ പഞ്ചായത്തിലെ ഏക ഹൈസ്കൂളായ H. S. അരിമ്പൂർ ശ്രീ. N. I. ദേവസ്സിക്കുട്ടി Ex . M.L.A. ആണ് ആരംഭിച്ചത്. മേൽ പറഞ്ഞ സ്കൂളുകാാക്ക് പുറമെ എറവ് പള്ളിയുടെ കീഴിൽ ആരംഭിച്ച സെൻറ് ജോസഫ് എഡുക്കേഷണൽ കോപ്ലക്സും, ഒരു മുസ്ലീം സൊസൈറ്റുയുടെ കീഴിൽ മനക്കോടിയിൽ ആരംഭിച്ച - അൽ - അസ്ഹർ ഇംഗ്ലീഷ് മീഡിയം ഹയർ സെക്കൻററി സ്കൂളും, ഇവിടത്തെ വിദ്യാഭ്യാസ മണ്ഡലത്തിന് വിലമതിക്കാനാവാത്ത സംഭാവനകാം കാഴ്ച വെച്ചിട്ടുണ്ട്.

## വിദ്യാഭ്യാസ സ്ഥപാനങ്ങാം

### *എയ്ഡഡ് സ്കൂളുകാം*

1. T: F: M: സ്കൂാം, എറവ് - L. P. -- സ്റ്റഫ് മാനേജ്മെൻറ്
2. A. P. S. പരയ്ക്കാട്,അരിമ്പൂർ - സ്റ്റാഫ് മാനേജ്മെൻറ്
3. ST. ജെമ്മാസ്കോൺവെൻറ് യു. പി. സ്കൂാം - ക്രിസ്ത്യൻ മാനേജ്മെൻറ്
4. U. P. S. പരയ്ക്കാട് അരിമ്പൂർ - U.P. സിങ്കിാം മാനേജ്മെൻറ്
5. G.U.P.S. അരിമ്പൂർ - L. P. / U.P. സർക്കാർ സ്കൂാം
6. H. S. അരിമ്പൂർ - ക്രിസ്ത്യൻ മാനേജ്മെൻറ്

### *അൺഎയ്ഡഡ് റെക്കഗ്നൈസ്ഡ് സ്കൂാം*

1. സെൻറ്. ജോസഫ്സ് എഡുക്കേഷൻ കോപ്ലക്സ് എറവ് L.P. - U.P. High School. ക്രിസ്ത്യൻ മാനേജ്മെൻറ്

2. അൽ - അസ് - ഹാർ - ഇംഗ്ലീഷ് മീഡിയം ഹയർ സെക്കൻററി സ്കൂൾ മനക്കൊടി L. P. - U. P. & ഹൈസ്കൂൾ, ഹയർസെക്കൻററി.

മൊത്തം 9 സ്കൂളുകളിലായി 4426 കുട്ടികൾ പഠിക്കുന്നുണ്ട് 2586 ആൺക്കുട്ടികളും 1840 പെൺക്കുട്ടികളും ആണ്. 136 അദ്ധ്യാപകർ ഈസ്കൂളുകളിൽ ജോലിചെയ്യുന്നു. പഞ്ചായത്തിൽ ഒറ്റ കോളേജും ഇല്ലാത്തതിനാൽ S.S.L.C. പാസ്സാകുന്ന വിദ്യാർത്ഥികൾ തുടർവിദ്യാഭ്യാസത്തിനായി പഞ്ചായത്തിന് പുറത്ത് പോയി പഠിക്കേണ്ട അവസ്ഥയാണുള്ളത്.

## വിദ്യാഭ്യാസനിലവാരം

മൊത്തത്തിൽ സ്കൂളുകളിലെ വിദ്യാഭ്യാസനിലവാരം ആശാവഹമാണെന്ന് പറയാൻവയ്യ. ഇവിടത്തെ സ്കൂളുകളിലെ പഠനനിലവാരത്തിലെ അതൃപ്തിമൂലം ആയിരത്തിൽ പരം വിദ്യാത്ഥികൾ പഞ്ചായത്തിന് പുറമേയുള്ള സ്കൂളുകളിൽ പോയി പഠിക്കുന്നുണ്ട് ഇതുമൂലം ഈ പഞ്ചായത്തിലെ സ്കൂളുകളിൽ വർഷം തോറും ഡിവിഷനുകൾ നഷ്ടപ്പെടുകയും, തന്മൂലം ഈ സ്കൂളുകളിലെ അദ്ധ്യപകർ പ്രൊട്ടക്റ്റഡ് ആദ്ധ്യാപകരായി വിദൂരപഞ്ചയാത്തുകളിലെ സർക്കാർ സ്കൂളിൽ പോയി ജോലി നോക്കാൻ നിർബന്ധിതരാകുന്നു. ഇതെല്ലാം ഈ പതിറ്റാണ്ടിലെ ഇവിടത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിൻെറ മൂല്യതകർച്ചയായി ചൂണ്ടികാട്ടാവുന്നതാണ്. ഈ പഞ്ചായത്തിലെ 1,8,9,10 തുടങ്ങിയ വാർഡുകളിൽ ഒറ്റ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇല്ല.

*പൊതുനിർദേശങ്ങൾ*

പഞ്ചായത്തിൽ മൊത്തത്തിൽ പ്രി - പ്രൈമറി വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും, വാർഡുതലത്തിൽ രൂപപ്പെടുത്തുകയും ചെയ്യേണ്ടതാണ്. എല്ലാക്ലസ്സുകളിലും പ്രൊമോഷൻ നിശ്ചിതമാർക്കിൻെറ അടിസ്ഥാനത്തിലാക്കുക. അക്ഷരമാല മുഴുവനും അറിയാത്ത വിദ്യാത്ഥികളെ ഒരു കാരണവശാലും അപ്പർപ്രൈമറിയിലേക്ക് പ്രൊമോട്ട് ചെയ്യാതിരിക്കുക. അക്ഷരം അറിയാത്ത കുട്ടികളെ അക്ഷരം പഠിപ്പിക്കുന്നതിനായി പ്രത്യേക പരിശീലന പദ്ധതി തയ്യാറാക്കുക. 5-ാം ക്ലാസ്സമുതൽക്കെങ്കിലും എല്ലാസ്കൂളുകളിലും ലൈബ്രറി സമ്പ്രദായം നിർബന്ധമാക്കുക. ഹൈസ്കൂളുകളിൽ പരീക്ഷണശാല കാര്യക്ഷമമായി പ്രവർത്തിപ്പിക്കുകയും, വിദ്യാർത്ഥികൾക്കായി പരീക്ഷണങ്ങൾ നടത്തികാണിക്കുകയും ചെയ്യണം. പത്രമാദ്ധ്യമങ്ങളും, മാഗസിനുകളും എല്ലാ സ്കൂളുകളിലും ലഭ്യമാക്കണം. എല്ലാസ്കൂളുകളിലും T. V. സ്ഥാപിച്ചുകൊണ്ട് U. G.C. യുടെ ശാസ്ത്രപരിപാടികളും, ഡിസ്കവറിചാനലിലെ ശാസ്ത്രകൗതുക പരിപാടികളും വിദ്യാത്ഥികൾക്ക് സുപരിചിതമാക്കണം. ഇതിനാവശ്യമായ ഫണ്ട് ജനപങ്കാളിത്തത്തോടെ കണ്ടെത്താവുന്നതാണ്. അദ്ധ്യാപകരും, വിദ്യാർത്ഥികളും, രക്ഷിതാക്കളും തമ്മിലുള്ള ബന്ധം സ്കൂളുകളിൽ ഊട്ടി ഉറപ്പിക്കണം. ഇതിനായി P. T. A. കമ്മറ്റികൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കണം. സ്കൂളുകളിൽ P. T. A. കമ്മിറ്റിയിലേക്ക് അദ്ധ്യാപകരും, രക്ഷിതാക്കളും കൂടാതെ വിദ്യാഭ്യാസത്തെ സ്നേഹിക്കുന്ന ഗുണകാംക്ഷികളായ ആളുകളെ കൂടി പങ്കെടുപ്പിക്കേണ്ടതാണ്. P. T. A. കമ്മറ്റികൾ ക്ലാസ്സു തലത്തിൽ സംഘടിപ്പിക്കണം. ഓരോ ക്ലസ്സിലും ഉയർന്ന മാക്കുവാങ്ങുന്ന കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നതിന് സമ്മാന പദ്ധതികൾ ഏരപ്പെടുത്തുക. ഓരോ ക്ലാസ്സിലേയും കുട്ടികളെ 10 വീതമുള്ള ഗ്രൂപ്പുകളാക്കി തിരിച്ച് മിടുക്കന്മാരേയും അല്ലാത്തവരെയും ഇടകലർത്തി ഗ്രൂപ്പുകൾ ഉണ്ടാക്കേണ്ടതാണ്. ഈ പഠന ഗ്രൂപ്പ് പരസ്പരമുള്ള വിദ്യാഭ്യാസത്തിന് വഴിതെളിയിക്കും. സ്കൂളുകളിൽ ക്വിസ് മത്സരങ്ങളും, ശാസ്ത്ര പ്രദർശനവും നടത്തി മികവുള്ള വദ്യാർത്ഥികളെ കണ്ടെത്തി അവരെ ഉപജില്ല - ജില്ലാതലത്തിൽ നടക്കുന്ന ഔദ്യോഗിക മത്സരങ്ങളിലേക്ക് പങ്കെടുക്കുവാൻ അയക്കുക. ഇത്തരത്തിലുള്ള പ്രവരത്തനങ്ങൾക്കുള്ള വർദ്ധിച്ച ചിലവ് പരിഹരിക്കുന്നതിനായി സ്കൂളികളിൽ P. T. A. കമ്മറ്റികൾ ഫണ്ട് കണ്ടെത്തണം. പ്രൈമറി സ്കൂളുകളിൽ ടീച്ചിംഗ് എയ്ഡസ് നിർബന്ധമാക്കുക. ഹൈസ്കൂളുകളിൽ വിദ്യാർത്ഥികളുടെ സമഗ്ര വ്യക്തിത്വവികസനത്തിനുവേണ്ടി സയൻസ് ഫോറം, നേച്ചർ ക്ലബ്ബ് ഡിബേറ്റ് സൊസൈറ്റി എന്നിവ രൂപീകരിക്കുക. അദ്ധ്യാപകർക്കുവേണ്ട യോഗ്യതാപരിശീലനം കൂടുതൽ കാര്യക്ഷമമാക്കണം. കാലാകാലങ്ങളിൽ ഉണ്ടാകുന്ന അറിവിൻെറ പുതിയ മേഖലകൾ അദ്ധ്യാപകർക്ക് പരിചയപ്പെടുവാനായി റിഫ്രെഷർ കോഴ്സുകൾ നിർബന്ധമാക്കുക. ഓരോ സ്കൂളുകളിലേയും പ്രഗത്ഭരായ അദ്ധ്യാപകരെ കണ്ടെത്തി പഞ്ചായത്ത് തലത്തിൽ അവരെ അനുമോദിച്ച് അംഗീകാരം കൊടുക്കുക. വിദ്യാർത്ഥികൾക്കുള്ള ഉച്ചഭക്ഷണം കാര്യക്ഷമമാക്കുന്നതിനായി പഞ്ചായത്തിൻെറ സഹായം ഉറപ്പ് വരുത്തുക.. എല്ലാസ്കൂളുകളിലും, പൈപ്പ് കണക്ഷൻ സ്ഥാപിക്കുക. എല്ലാ ക്ലസ്സുകളിലും വൈദ്യുതി ബൾബ് ഇടുക. സ്കൂളിൻെറ ശുചിത്വം ഉറപ്പുവരുത്തുക. (മുത്രപ്പുര, കക്കൂസ്, ക്ലാസ്സ്മുറികൾ, സ്കൂളും പരിസരവും വൃത്തിയാക്കൽ) ഈ പഞ്ചാ

യത്തിലെ വിദ്യാർത്ഥികളെ ഈ പഞ്ചായത്തിലുള്ള സ്കൂളുകളിൽ തന്നെ പഠിപ്പിക്കുവാൻ വേണ്ട താല്പര്യം രക്ഷാകർത്താക്കൾക്കുണ്ടാവണം. സ്കൂളുകളിൽ നിന്ന് പഠനപര്യടനത്തിനായി എല്ലാവർഷവും വിദ്യാത്ഥികളെകൊണ്ടുപോവുക. നമ്മുടെ പഞ്ചായത്തിൽ തെരഞ്ഞെടുക്കപ്പെട്ട് സെൻററുകളിൽ ക്രഷ് പ്രോഗ്രാം സെൻററുകൾ ആരംഭിക്കുക.

പഞ്ചായത്തിലെ ജനസംഖ്യാവർദ്ധനവിനനുസരിച്ച് എയ്ഡ്ഡ് സ്കൂളുകളുടെ എണ്ണവും മറ്റുസൗകര്യങ്ങളും വർദ്ധിപ്പിച്ചിട്ടില്ല എന്നത് ഒരു ദുഃഖസത്യം മാത്രമാണ്. പതിറ്റാണ്ടുകൾക്കു മുമ്പ് തുടങ്ങിയ എൽ. പി. സ്കൂൾ ഇന്നും എൽ. പി. സ്കൂൾ ആയിതന്നെ നിലകൊള്ളുന്നു. സ്ഥലസൗകര്യവും മറ്റും കണക്കിലെടുത്തുകൊണ്ട് ഇതിൻ കാലോചിതമായ മാറ്റം വരുത്താവുന്നതാണ്. അടുത്ത വർഷം മുതൽ പ്രഡിഗ്രി വേണ്ടെന്നുവെച്ച് അത് ഹയർ സെക്കൻററി എന്ന പേരിൽ സ്കൂളുകളിലേക്ക് കൊണ്ടുവരുവാൻ പോവുകയാണല്ലോ തുടർച്ചയായ ഡിവിഷൻ കുറവ് കാരണം ഒഴിഞ്ഞുകിടക്കുന്ന അനേകം ക്ലാസ്സുമുറികളും,വിശാലമായ ഗ്രൗണ്ട സൗകര്യവുമുള്ള ഹൈസ്കൂൾ അരിമ്പൂർ തുടങ്ങിയ സ്കൂളുകളിൽ ഹയർ സെക്കൻററി ആരംഭിക്കുവാൻ വേണ്ട നടപടികളുണ്ടാകണം. അതുപോലെ ഈ പഞ്ചായത്തിലെ ഏക സർക്കാർ സ്കൂളായ G. U. P. S. അരിമ്പൂർ അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂളാക്കുവാൻ ആവശ്യമായ സത്വരനടപടികൾ കൈകൊള്ളണം എറവ് 6 - ാം കല്ല് പരിസരത്ത് നിന്ന് 4-ാം ക്ലസ്സ്പാസ്സായ വിത്യാർത്ഥികൾക്ക് തുടർന്ന് പഠിക്കുന്നതിനായി 2 കിലോമീറ്ററിലധികം ദൂരം സഞ്ചരിച്ചു വേണം അരിമ്പൂർ U.P. സ്കൂളിലെത്തിചേരാൻ. ആയതിനാൽ എറവ് T. F. M.S. അപ്ഗ്രേഡ് ചെയ്ത് അപ്പർ പ്രൈമറി സ്കൂളാക്കി ഉയർത്തേണ്ടതാണ്. ഈ സ്കൂളിലും ഡിവിഷൻ നഷ്ടപ്പെട്ടതുമൂലം 10 ൽ പരം ക്ലാസ്സുകൾ ഒഴിഞ്ഞു കിടക്കുകയാണ്. 5 -ാം ക്ലാസ്സ് നിലവിലുള്ള ഈ സ്കൂളിൽ 6,7 ക്ലാസ്സുകളാണ് ആരംഭിക്കേണ്ടത്.

സ്കൂൾ അസംബ്ലികൾ നിർബന്ധമാക്കേണ്ടതാണ്. അരിമ്പൂർ പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളിലേയും P. T. A. ഭാരവാഹികളും പഞ്ചായത്ത് മെമ്പർമാരും, ഈ രംഗത്ത് പ്രവർത്തിക്കാൻ തയ്യാറുള്ളവരും, വിദ്യാഭ്യാസമേഖലയിലേ കലാ - കായിക - സാസ്കാരിക - സാഹിത്യ രംഗത്ത് - അപര്യാപ്തതനികത്തി സംമ്പുഷ്ടമാക്കുവാൻ കഴിവുള്ള വ്യക്തികളെ കൂടി ഉൾപ്പെടുത്തി പഞ്ചയാത്തു തല കമ്മറ്റി രൂപീകരിക്കണം.

ടി. ടി. സി. സെലക്ഷന് പ്രവേശന പരീക്ഷ നടത്തി മെറിറ്റ് അടിസ്ഥാനത്തിൽ മാത്രം അദ്ധ്യാപകവിദ്യാർത്ഥികളെ തെരഞ്ഞെടുക്കുക. ഉത്തരകടലാസ്സ് പരിശോധനയിൽ വീഴ്ച വരുത്തി വീണ്ടും പരിശോധനയ്ക്ക് ഇടവരുത്തുന്ന അദ്ധ്യാപകർക്കുനേരെ നടപടി സ്വീകരിക്കേണ്ടതാണ്. രാജ്യത്തിൻെറ നികുതി പണം ഉപയോഗിച്ചു ഉന്നതവിദ്യാഭ്യാസം നേടുന്നവരുടെ സേവനം നമുക്കുതന്നെ ലഭിക്കുന്നതിനാവശ്യമായ നടപടി ഉണ്ടാകണം (ഉദഃ ഡോക്ടർ, എഞ്ചിനീയർ, ശാസ്ത്രജ്ഞന്മാർ മുതലായവർ)

1-ാം ക്ലസ്സു മുതൽ 5-ാം ക്ലാസ്സു വരെ പൊതുവിദ്യാഭ്യാസം നൽകണം.

5-ാം ക്ലാസ്സു മുതൽ 9-ാം ക്ലാസ്സുവരെ വിദ്യാർത്ഥികളെ അവരുടെ വിദ്യാഭ്യാസ താല്പര്യ വിഷയങ്ങൾക്ക് പ്രത്യേക പരിശീലനത്തിൻെറ അടിസ്ഥാനത്തിൽ പരീക്ഷ നടത്തുക.

പരീക്ഷയിൽ പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് ഉന്നത പരിശീലനം നൽകി ഈ പരീക്ഷയിൽ പാസ്സാകുന്നവർക്ക് ബിരുദാനന്തര ബിരുദത്തിനുള്ള അർഹത നൽകുക.

തരംതിരിക്കൽ ഉദാഹരണങ്ങൾ

1. ഡോക്ടർ, എഞ്ചിനീയർ, ശാസ്ത്രജ്ഞന്മാർ
2. അഡ്മിനിസ്ട്രേഷൻ മാനേജ്മെൻറ്
3. ക്ലാറിക്കൽ ജോബ്സ്
4. മെക്കാനിക്കൽ ജോബ്സ്
5. കാറ്ററിംങ്ങ്സ്
6. വിദഗ്ദതൊഴിലാളികൾ
7. അവിദഗ്ദതൊഴിലാളികൾ
8. ബിസ്സിനസ്സ്
9. കലാ - സാഹിത്യം
10 സംഗീതം

വിദ്യാഭ്യാസം ഒരു സാമൂഹിക പ്രക്രിയയാണ്. വ്യക്തികളുടെ വികാസനമെന്നത് അതിൻെറ ആദ്യപടിമാത്രമാണ്. വ്യക്തികളുടേയും, സമൂഹത്തിൻേറയും, രാജ്യത്തിൻേറയും വികസനമാണ് വിദ്യാഭ്യാസത്തലൂടെ സാധിച്ചെടുക്കേണ്ടത്.

# ആരോഗ്യം, കുടിവെള്ളം

പഞ്ചായത്തിൻെറ ഭൂരിപക്ഷം സ്ഥലങ്ങളിലും വർഷക്കാലം ഒഴിച്ചുള്ള കാലഘട്ടങ്ങളിൽ കുടിവെള്ളത്തിൻെറ കാര്യത്തിൽ വളരെ പരിതാപകരമായ അവസ്ഥയാണുള്ളത്. (പ്രത്യേകിച്ച് കുന്നത്തങ്ങാടി അതിൻെറ പരിസരപ്രദേശങ്ങൾ അതുപോലുള്ള മറ്റു ഉയർന്ന സ്ഥലങ്ങൾ) അതിനാൽ താഴെ പറയുന്നകാര്യങ്ങൾ അടിയന്തിരമായി ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

1. പൈപ്പുവഴി ശുദ്ധ ജലവിതരണം ഇല്ലാത്ത സ്ഥലങ്ങളിൽ ആയത് ഉടൻ ആരംഭിക്കുക. പുതിയ ടാപ്പുകൾ ഇല്ലാത്തിടത്ത് സ്ഥാപിക്കുക. കുടിവെള്ളക്ഷാമം ഏറ്റവും രൂക്ഷമായ സ്ഥലത്ത് ടാങ്കുകൾ സ്ഥാപിച്ച് ജലവിതരണം അനുസ്യൂതമായി നടത്താൻ വേണ്ട ഏർപ്പാടുകൾ ചെയ്യുക. വീടുകളിലേക്ക് പൈപ്പുകണക്ഷൻ കൊടുക്കാൻ വേണ്ട പ്രവർത്തനങ്ങൾ നടത്തുക. കേടുവന്നുകിടക്കുന്ന കിണറുകൾ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗയോഗ്യമാക്കുക. (പ്രത്യേകിച്ച് പഞ്ചായത്തു കിണറുകൾ)
2. കിണറുകളിൽ വെള്ളം കൂടുതൽ കാലം ലഭിക്കാൻ ലിഫ്റ്റ് ഇറിഗേഷൻ സഹായകമായതിനാൽ അരിമ്പൂർ ലിഫ്റ്റ് ഇറിഗേഷൻ പരിപാടി തടസ്സം കൂടാതെ നടത്താൻ വേണ്ട ഏർപ്പാടുകൾ നടത്തുക.
3. കിണറുകളിൽ വെള്ളം ലഭിക്കാൻ വളരെ വിഷമമുള്ള സ്ഥലങ്ങളിൽ കുഴൽ കിണറുകൾ സ്ഥാപിക്കുക.
4. വിതരണം ചെയ്യുന്ന കുടിവെള്ളം പരമാവധി ശുദ്ധീകരിക്കുക. അതിനായി പ്രാഥമികിരോഗ്യകേന്ദ്രത്തിലെ ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കുകയും ബ്ലീച്ചിംഗ് പൗഡർ പഞ്ചായത്തുമുഖേന ലഭ്യമാക്കുകയും ചെയ്യുക. കുടിവെള്ളം ദുർവിനിയോഗം ചെയ്യുന്ന പ്രവണത അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുക.

## II. പൊതുജനാരോഗ്യം

പൊതുജനാരോഗ്യരംഗത്ത് വളരെ ശോചനീയാവസ്ഥയാണിവിടെയുള്ളത്. പ്രത്യേകിച്ച്, ഭയാനകമായ പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്ന ഈ കാലഘട്ടത്തിൽ ഈ രംഗത്ത് അടിയന്തിര ശ്രദ്ധപതിയേണ്ടത് അത്യാവശ്യമാണ്. അതിനാൽ താഴെ പറയുന്ന കാര്യങ്ങൾ അടിയന്തിരമായി ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

1. *സാനിറ്ററികക്കൂസ് :*

പരിസരം വൃത്തികേടാക്കാത്തതും ദുർമണം, രോഗാണു പ്രസരണം എന്നിവ ഇല്ലാത്തതുമായ കക്കൂസുകൾ ഇല്ലാത്ത വീടുകൾക്ക് ഉടനടി അവ എത്തിക്കാനുള്ള സംവിധാനമുണ്ടാവണം. പകർച്ചവ്യാധികൾ തടയുന്നതിനും അങ്ങിനെ ജനങ്ങളുടെ സാമ്പത്തിക നിലപോലും മെച്ചപ്പെടുത്തുന്നതിനും കക്കൂസുകൾ സഹായിക്കുന്നു. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നവർക്ക് പരമാവധി സൗജന്യമായി തന്നെ കക്കൂസുകൾ നിർമ്മിച്ചു നൽകേണ്ടതാണ്. മേൽ പറഞ്ഞ എല്ലാഗുണങ്ങളുമുള്ള ചിലവു കുറഞ്ഞ കക്കൂസുകൾ നിർമ്മിക്കുന്നതിന് ആരോഗ്യപ്രവർത്തകരുടേും മറ്റും സഹായം തേടാവുന്നതാണ്.

2. *പരിസരശുചീകരണം :*

പരിസര ശുചീകരണപ്രവർത്തനങ്ങളിൽ പരമാവധി ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ആയതിനായി താഴെപറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.

a. പഞ്ചായത്തിൽ ഒരു ഹെൽത്ത് ഇൻസപെക്ടറെ നിയമിക്കണം. മാംസവില്പന സ്ഥലങ്ങൾ, മാർക്കറ്റുകൾ ഹോട്ടൽ തുടങ്ങിയ സ്ഥലങ്ങൾ എന്നിവയുടെ പരിശോധനയും ഉപദേശനിർദ്ദേശങ്ങളും നൽകാൻ അദ്ദേഹത്തിൻെറ സേവനം അത്യാവശ്യമാണ്. ഹെൽത്ത് സെൻററിലെ ഇൻസ്പെക്ടർക്ക് തദ്വാര പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളിൽ കുടുതൽ ശ്രദ്ധകേന്ദ്രീകരിക്കാൻ കഴിയുന്നതായിരിക്കും.

b. ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിന് പ്രധാനപ്പെട്ട സ്ഥങ്ങളിൽ 'വേസ്റ്റ്ബിൻ' സ്ഥാപിക്കുകയും ചെയ്യണം.

ചപ്പുചവറുകാം ജനങ്ങാംക്ക് ഉപദ്രവമില്ലാത്ത രീതിയിൽ സംസ്കരിക്കണം. ഈ ആവശ്യങ്ങളിലേക്ക് ആവശ്യമായ ശുചീകരണ ജോലിക്കാരെ അടിയന്തിരമായ നിയമിക്കണം. അവരുടെ മേൽനോട്ടം പഞ്ചായത്ത് ഹെൽത്ത് ഇൻസ പെക്റ്ററെ ഏൽപ്പിക്കണം.

c. ഇറച്ചി വില്പനക്കായി ആധുനിക രീതിയിലുള്ള പ്രത്യേക സ്ഥലങ്ങാം സ്ഥാപിക്കണം അവ കാലാകാലം ഹെൽത്ത് ഇൻസ്പെക്ടർ പിരശോധിക്കണം. മൃഗഡോക്ടർ പരിശോധിച്ച് ശുപാർശചെയ്ത മാടുകളെമാത്രം കശാപ്പുചെയ്യാനും നിയമപ്രകാരമുള്ള സൗകര്യങ്ങാം ഉള്ള അറവുശാലമാത്രം ഉപയോഗിക്കാനും നടപടി സ്വീകരിക്കണം. അസുഖങ്ങളുള്ളതും ചത്തതുമായ ഉരുക്കളെ വില്പന നടത്തുന്നവരെ മാതൃകാപരമായി ശിക്ഷിക്കണം.

d. പഞ്ചായത്തിൻെറ അധീനതയിൽ മത്സ്യമാർക്കറ്റ് ഏർപ്പെടുത്തണം. കേടുവന്ന മത്സ്യവില്പന കർശനമായി തടയണം.

e. പകർച്ചവ്യാധികളെ പറ്റി ജനങ്ങളെ ബോധവൽക്കരിക്കാൻ ആരോഗ്യവിദ്യാഭ്യാസം നടപ്പിലാക്കണം. അതിനായി ആരോഗ്യകേന്ദ്രത്തിലെ ജോലിക്കാരുടെ സേവനം ഉറപ്പുവരുത്തണം. ആരോഗ്യവിദ്യാഭ്യാസത്തിൽ മറ്റുമായി ആ രംഗത്ത് പ്രവർത്തിച്ചിരുന്നവർ ഉാംപ്പെട്ട ഒരു സന്നദ്ധ സംഘം രൂപീകരിക്കാവുന്നതും അങ്ങിനെ ജനങ്ങളുടെ സേവനം ഉറപ്പുവരുത്താവുന്നതുമാണ്. ഗുരുതരമായ പകർച്ചാവ്യാധികാം തടയുന്നതിന് ഏറ്റവും അത്യാവശ്യമാണ് ആരോഗ്യവിദ്യാഭ്യാസം.

f. പരിസരങ്ങളെ മലിനപ്പെടുത്തുന്ന എല്ലാ പ്രവർത്തനങ്ങളേയും നിരുത്സാഹപ്പെടുത്തണം. ഫാക്ടറികളിൽ നിന്നുള്ള പുക മലിനജലം അവശിഷ്ടങ്ങാം എന്നിവ ആരോഗ്യകരമായ വിധം സംസ്കരിച്ച് പുറത്തുവിടുന്നതിനുള്ള സംവിധാനമുണ്ടായിരിക്കണം.

g: പകർച്ചവ്യാധികളെ തടയുന്നതിൻെറ ഭാഗമായി അലഞ്ഞുനടക്കുന്ന നായ്ക്കളെ നശിപ്പിക്കാനുള്ള സംവിധാനം കാലാകാലം ഉണ്ടാവണം. വളർത്തുനായ്ക്കാംക്ക് ലൈസൻസ് ഏർപ്പെടുത്തണം.

### *3. പ്രാഥമികാരോഗ്യകേന്ദ്രത്തിൻെറ വികസനം*

a പ്രാഥമികരോഗ്യകേന്ദ്രത്തിൽ ഒരു ഗൈനകോളജിസ്റ്റ് ഉാംപ്പെടെ 3 ഡോക്ടർമാർ ഉണ്ടായിരിക്കണം. മൂന്നാമത്തെ ഡോക്ടർ ശിശുരോഗവിദഗ്ദനായിരിക്കണം.

b: പുതിയ സബ്സെൻററുകാം ഗവർമ്മേണ്ട് പദ്ധതി പ്രകാരം 5000 ജനസംഖ്യയ്ക്ക് ഒരു സബ്സെൻറർ സ്ഥാപിക്കാവുന്നതാണ്. എന്നാൽ ഇപ്പോാം പഞ്ചായത്തിൽ 3 സബ്സെൻററുകാം മാത്രമാണുള്ളത്. ഇനിയും ചുരുങ്ങിയത് 2 എണ്ണമെങ്കിലും സ്ഥാപിക്കേണ്ടിയിരിക്കുന്നു. ഇപ്പോാം നിലവിലില്ലാത്തിടത്ത് പുതിയ സബ്സൻററുകാം സ്ഥാപിക്കേണ്ടതാണ്. 8 -ാം വർഡ്, 1 -ാം വാർഡ് 10-ാം വാർഡ്സ 5-ാം വാർഡ്എന്നിവിടങ്ങളിൽ സബ്സെൻററുകാം നിലവിലില്ല.

c: സബ്സെൻറററുകളിൽ അത്യാവശ്യമരുന്നുകാം ലഭ്യമാക്കണം. മാത്രമല്ല ആഴ്ചയിൽ ഒരു ദിവസമെങ്കിലും ഡോക്ടറുടെ സേവനം ലഭ്യമാക്കണം.

b. കൂടുതൽ ഡോക്ടർമാരേയും ജീവനനക്കാരേയും നിയമിക്കുന്ന സാഹചര്യത്തിൽ ഹെൽത്ത് സെൻററിന് ആവശ്യമായ കെട്ടിടങ്ങാം ക്വാർട്ടേഴ്സുകാം മറ്റുപകരണങ്ങാം എന്നിവ ആവശ്യമാണ്.

ഹെൽത്ത്സെൻററിൽ ലാബോറട്ടറി സൗകര്യവും ഉണ്ടായിരിക്കണം. അത്യാവശ്യഘട്ടങ്ങളിൽ ആവശ്യമരുന്നുകാം ലഭ്യമാക്കണം.

പ്രതിരോധകുത്തിവെപ്പുകളും മറ്റുരോഗപ്രതിരോധ പ്രവർത്തനങ്ങളും കാര്യക്ഷമമാക്കണം. ആയതിനു വേണ്ട എല്ലാ സൗകര്യങ്ങളും ഉപകരണങ്ങളും വാക്സിനുകളും ഉണ്ടെന്ന് ഉറപ്പുവരുത്തണം.

### *4. ആയുർവ്വേദ ആശുപത്രി*

a. ആയുർവ്വേദ ആശുപത്രിക്ക് പഞ്ചായത്തു സ്ഥലത്ത് സ്വന്തമായികെട്ടിടം പണിയുകയും കൂടുതൽ മരുന്നും ചികിത്സാസൗകര്യവും ലഭ്യമാക്കുകയും വേണം.

b. രോഗികളെ കിടത്തി ചികത്സിക്കാനുള്ള സൗകര്യം ഉണ്ടായിരിക്കണം.

### 5. ഹോമ്യോ ഡിസ്പെൻസറി

പഞ്ചയാത്തിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു ഹോമ്യോ ഡിസപെൻസറി സ്ഥാപിക്കാനുള്ള നടപടികൾ ചെയ്യണം.

### 6. പൊതുശ്മശാനം

പഞ്ചാത്തിൽ ഒരു ശ്മാശാനമുള്ളത് ഉപയോഗശൂന്യമായികിടക്കുകയാണ്. ആയത് ഉപയോഗ്യമാക്കുകയും വൈദ്യുതി ശ്മശാനമാക്കുകയും വേണം.

### സമാപനം

പഞ്ചായത്തിൻെറ വികനസനത്തിന് ഏറ്റവും അത്യാവശ്യമായ മേൽപറഞ്ഞ കാര്യങ്ങൾ പരമാവധി പ്രാധാന്യത്തോടൊപ്പം നടപ്പാക്കേണ്ട നടപടികൾ യുദ്ധകാലടിസ്ഥാനത്തിൽ പുരോഗമിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട്

**കുളങ്ങളെ സംബന്ധിച്ച വിവരങ്ങൾ**
**30 സെൻറിനു താഴെ**

| | | |
|---|---|---|
| 1 | - | 1 |
| 2 | - | 3 |
| 3 | - | 2 |
| 4 | - | 1 |
| 5 | - | 1 |
| 6 | - | 1 |
| 7 | - | 1 |
| 8 | - | 2 |
| 9 | - | 2 |
| 10 | - | 1 |
| ആകെ | - | 15 |

**പൊതുകിണറുകളെ സംബന്ധിച്ച വിവരങ്ങൾ**
വാർഡ്

| | | |
|---|---|---|
| 1 | - | 3 |
| 2 | - | 3 |
| 3 | - | 3 |
| 4 | - | 3 |
| 5 | - | 5 |
| 6 | - | 4 |
| 7 | - | 3 |
| 8 | - | 3 |
| 9 | - | 3 |
| 10 | - | 3 |
| ആകെ | - | 32 |

**പൊതുജനാരോഗ്യം സംബന്ധിച്ച വിവരങ്ങൾ**

പി. എച്ച്. സി. - 1 ജീവനക്കാർ
(നാലാംകല്ല്)

സബ്സെൻററുകൾ - 3

1. എറവ്
2. കൈപ്പിള്ളി
3. മനക്കൊടി

| | |
|---|---|
| ആകെ വീടുകൾ | 5551 |
| ജനസംഖ്യ | 28480 |
| കുട്ടികൾ 3 വയസ്സിനു താഴെ | 945 |
| കക്കൂസുകൾ | 3989 |
| കുഴി കക്കൂസുകൾ | 869 |
| കക്കൂസുകളില്ലാത്തവീടുകൾ | 693 |

# വ്യവസായം

തൃശൂർ പട്ടണത്തിൽ നിന്നും 8 കിലോമീറ്റർ മാത്രം അകലെ സ്ഥിതി ചെയ്യുന്നതാണ് നമ്മുടെ അരിമ്പൂർ പഞ്ചായത്ത്. പശ്ചാത്തല സൗകര്യങ്ങൾ പൊതുവെ വ്യവസായത്തിന് അനുകൂലമാണ്. മൊത്തം തൊഴിൽ മേഖല കണക്കിലെടുത്താൽ നമ്മുടെ വ്യവസായ മേഖല പൊതുവെ മോശമാണ്. പഞ്ചായത്തിനുള്ളിലെ വ്യവസായ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവർ മുന്നൂറിൽ താഴെയാണ്. ഇതിൽ ഒരു വൻകിട വ്യവസായ യൂണിറ്റും 3 ചെറുകിട വ്യവസായ യൂണിറ്റുകളും ബാക്കി ചെറിയ യൂണിറ്റുകളും അടക്കം മൊത്തം നാൽപതോളം യൂണിറ്റുകളാണ് ഉള്ളത്. റജിസ്റ്റർ ചെയ്തിട്ടുള്ള യൂണിറ്റുകളുടെ ഇനം തിരിച്ച കണക്കുകൾ ഇതോടൊന്നിച്ചുള്ള പട്ടികയിൽ കൊടുത്തിട്ടുണ്ട്.

പരമ്പരാഗത വ്യവസായങ്ങളൊന്നും തന്നെ നമ്മുടെ നാട്ടിൽ ഇല്ല. കാർഷിക പ്രധാനമായ നമ്മുടെ പഞ്ചായത്തിലെ പ്രധാന കാർഷിക വിഭവങ്ങളാണ് നെല്ല്, തേങ്ങ, അടക്ക, കായ എന്നിവ. ഈ വിഭവങ്ങളെ ഉപയോഗപ്പെടുത്തികൊണ്ടുള്ള വ്യവസായങ്ങൾക്ക് ഇവിടെ ഏറെ സാധ്യതയുണ്ട്. എന്നാൽ ഇന്ന് ഈ രംഗത്ത് കാര്യമായ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല. കൊപ്രയിൽ നിന്നും വെളിച്ചെണ്ണ ആട്ടിക്കൊടുക്കുന്ന സർവ്വീസ് സ്ഥാപനങ്ങൾ എന്ന നിലയിലുള്ള ചില ചെറിയ യൂണിറ്റുകൾ ഉണ്ട്. പക്ഷേ വ്യവസായ സാദ്ധ്യത ഉപയോഗപ്പെടുത്തി മെച്ചപ്പെട്ട യൂണിറ്റുകൾ ഉണ്ടാകണം. അരിയുല്പാദനം നടത്തുന്ന സ്വകാര്യമേഖലയിലുള്ള ഒരു സ്ഥാപനമുണ്ടെങ്കിലും മെച്ചപ്പെട്ട പ്രവർത്തനം ഈ രംഗത്തു കാണാനില്ല.

ഗ്രാമവ്യവസായം എന്ന നിലയിൽ 1949 മുതൽ തന്നെ നമ്മുടെ നാട്ടിൽ തീപ്പെട്ടി വ്യവസായം ഉണ്ടായിരുന്നതാണ്. 1978-79 വർഷങ്ങളിൽ 11 യൂണിറ്റുകളിലായി, പ്രത്യക്ഷമായും പരോക്ഷമായും 600 -ഓളം പേർക്ക് തൊഴിൽ കിട്ടിയിരുന്ന ഈ വ്യവസായം ഇന്ന് തീരെ തളർച്ചയിലാണ്. റജിസ്റ്റർ ചെയ്ത അഞ്ചു യൂണിറ്റുകളുണ്ടെങ്കിലും പ്രത്യക്ഷത്തിൽ മൂന്ന് യൂണിറ്റുകളെ ഇപ്പോൾ പ്രവർത്തിക്കുന്നുള്ളു. കൂലിയിലുള്ള വ്യത്യാസംമൂലം മറ്റു മേഖലകളിലേക്ക് തൊഴിലാളികൾ മാറിപ്പോയിട്ടുണ്ട്. അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഒരു വലിയ പ്രശ്നമാണ്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന ഉത്പന്നങ്ങളോട് മത്സരിക്കുവാൻ നമ്മുടെ ഉൽപന്നങ്ങൾക്ക് കഴിയുന്നില്ല. അസംസ്കൃതവസ്തുക്കൾ കിട്ടുന്നതിനായി കൊല്ലം ജില്ലയിൽ നടത്തുന്നതുപോലെയുള്ള സഹകരണസ്ഥാപനത്തിൻെറ പ്രവർത്തനം ഈ മേഖലയിൽ വലിയ ഗുണം ചെയ്യുന്നതാണ്.

കല്ലാശാരി - കല്ല് വ്യവസായ തകർന്ന ഒരു വ്യവസായമാണ്. 100-ഓളം പേർ പണിയെടുത്തിരുന്ന ഈ മേഖലയിൽ ഇപ്പോൾ ഒരു യൂണിറ്റുപോലും ഇവിടെയില്ല. 5-ൽ താഴെ ആളുകൾ മുഖേന അടുത്ത പഞ്ചായത്തുകളിൽപോയി പണിയെടുക്കുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ഇന്നുള്ള വ്യവസായ സ്ഥാപനങ്ങൾ പല സ്ഥലങ്ങളിലായാണ് സ്ഥിതി ചെയ്യുന്നത്. ഇവിടെ കുറച്ചു യൂണിറ്റുകൾ ചേർന്ന ഒരു മിനി ഇൻഡ. എസ്റ്റേറ്റ് ഉണ്ട്. SIDBI യുടെ മേൽനോട്ടത്തിൽ സ്ഥാപിക്കപ്പെട്ടതാണ് ഇത്. ചില യൂണിറ്റുകൾ ഇപ്പോൾ അവിടെ പ്രവർത്തനക്ഷമമല്ല. കുടിൽ വ്യവസായങ്ങളും ഗ്രാമവ്യവസായങ്ങളും ചെറുകിട വ്യവസായങ്ങളുമാണ് പ്രധാനമായും ഇവിടെയുള്ളത്. (ലിസ്റ്റ് ഇതോടൊന്നിച്ച് വച്ചിട്ടുണ്ട്.) ഒരു വനിതാ വ്യവസായ യൂണിറ്റ് ഇവിടെ പ്രവർത്തിക്കുന്നുണ്ട്. വനിതാവ്യവസായ യൂണിറ്റുകൾക്ക് കൂടുതൽ സാദ്ധ്യതയുണ്ട്. രംഗത്തുവരുന്നവർക്കുവേണ്ട പരിശീലനവും സംഘടിപ്പിച്ചു കൊടുക്കേണ്ടതുണ്ട്. പ്ലാസ്റ്റിക് വ്യവസായവും സിമൻറുല്പന്ന വ്യവസായങ്ങളുമാണ് ഇപ്പോൾ വർദ്ധിച്ചുവരുന്നത്. കൂടുതൽ തൊഴിലാളികൾ ജോലി ചെയ്യുന്നത് ലെതർ, പ്ലാസ്റ്റിക് വ്യവസായങ്ങളിലാണ്. ഏറെയും സ്ത്രീകളാണ് ഈ മേഖലയിൽ ജോലി ചെയ്യുന്നത്. ഈ പഞ്ചായത്തിൻെറ സമഗ്രവികസനത്തിന് ഇനിയും ധാരാളം വ്യവസായ സ്ഥാപനങ്ങൾ വളർത്തികൊണ്ടു വരേണ്ടതുണ്ട്. അങ്ങിനെ നമ്മുടെ അരിമ്പൂർ ഗ്രാമപഞ്ചായത്തിൻെറ സാമ്പത്തീക വളർച്ചയും, ദാരിദ്ര നിർമ്മാർജ്ജനവും സാദ്ധ്യമാകാൻ നമുക്ക് കൈകോർക്കാം.

*പ്രശ്നങ്ങൾ*

1. തീപ്പെട്ടി തൊഴിലാളികളുടെ കൂലി നിരക്ക് മറ്റു മേഖലകളെ അപേക്ഷിച്ച് വളരെ കുറവാണ്.
2. ഫർണീച്ചർ - തടി വ്യവസായശാലകൾ വികസിപ്പിക്കാൻ ആവശ്യമായ തടി ലഭ്യമല്ല.
3. സാങ്കേതിക പരിശീലനം ലഭിച്ച തൊഴിൽ രഹിതർക്ക് തൊഴിൽ നൽകാനുള്ള സംവിധാനമില്ല.
4. മുഖ്യകാർഷിക വിഭവങ്ങളായ നെല്ല്, തേങ്ങ, അടക്ക, കായ എന്നിവ വ്യവസായരംഗത്ത് കാര്യമായി പ്രയോജനപ്പെടുത്തുന്നില്ല.
5. വ്യവസായ സംരംഭകർക്ക് ആവശ്യമായ ലൈസൻസുകൾ ലഭിക്കാൻ താമസം നേരിടുന്നു. അതിനാൽ സംരംഭകർ ഈ രംഗത്ത് പ്രവർത്തിക്കുവാൻ മടിക്കുന്നു.
6. വ്യവസായങ്ങൾക്ക് വേണ്ട അസംസ്കൃത സാധനങ്ങൾ കൃത്യമായി ലഭ്യമല്ല.
7. പശ്ചാത്തല സൗകര്യങ്ങളിലുള്ള കുറവ് പ്രധാനമായും വൈദ്യുതി ലഭ്യമല്ല.
8. വ്യവസായങ്ങൾക്ക് പറ്റിയ തരത്തിലുള്ള സ്ഥലങ്ങൾ ലഭ്യമല്ല.

*പരിഹാരങ്ങൾ*

1. കൂലി നിരക്ക് മെച്ചപ്പെടുത്താൻവേണ്ട സഹായങ്ങൾ ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും ഉണ്ടാകണം.
2. സ്വകാര്യ വ്യക്തികളെ മരങ്ങൾ വെച്ചുപിടിപ്പിക്കുന്നതിന് പ്രോത്സാഹിപ്പിക്കണം. സ്കൂളുകൾ തുടങ്ങിയ സ്ഥാപനങ്ങളേയും ഈ രംഗത്ത് പ്രവർത്തിപ്പിക്കണം.
3. വ്യവസായ സഹകരണ സംഘങ്ങൾ സ്ഥാപിച്ച് പരിശീലനം സിദ്ധിച്ച തൊഴിലാളികൾക്ക് തൊഴിൽ നൽകാനുള്ള സംവിധാനം ഉണ്ടാക്കണം.
4. വ്യവസായ ലൈസൻസുകൾ കിട്ടുന്നതിന് എല്ലാ കാര്യങ്ങൾക്കുമായി - ഒറ്റ ആപ്പീസ് സംവിധാനം ജില്ലാ തലത്തിൽ ഉണ്ടാക്കണം.
5. സഹകരണ സംഘങ്ങൾ മുഖേന ആവശ്യമായ അസംസ്കൃത സാധനങ്ങൾ താലൂക്ക് തലത്തിൽ ലഭ്യമാക്കണം.
6. വൈദ്യുതി ലഭ്യത കൂട്ടണം.
7. വ്യവസായ സ്ഥാപനങ്ങൾക്കുവേണ്ടി പ്രത്യേക മേഖല തിരിക്കുകയും പുതിയ വീടുകൾ ഈ മേഖലയിൽ അനുവദിക്കാതിരിക്കുകയും ചെയ്യണം.
8. മരംകൊണ്ടുള്ള കരകൗശല വസ്തുക്കൾ ഉണ്ടാക്കുന്നതിന് പരിചയ സമ്പന്നരായ വിദഗ്ദ്ധർ ഈ പഞ്ചായത്തിൽ ഉണ്ട്. അതിന്റെ വികസനത്തിന് വ്യവസായാടിസ്ഥാനത്തിൽ പ്ലാൻ ഉണ്ടാക്കേണ്ടതാണ്.

## നിലവിലുള്ള വ്യവസായ യൂണിറ്റുകൾ സംബന്ധിച്ച വിവരങ്ങൾ

| വ്യവസായത്തിൻെറ തരം | തൊഴിലാളികളുടെ എണ്ണം | | | മൊത്തം യൂണിറ്റുകൾ | മൊത്തം തൊഴിലാളികൾ |
|---|---|---|---|---|---|
| | 20-ൽ കുറവ് | 20-50 | 50-ന് മേൽ | | |
| ഫർണിച്ചർ | | | | | - |
| തടി | 6 | | | 6 | 20 |
| ലെതർ | | | | 1 | 63 |
| എഞ്ചിനീയറിംഗ് | 8 | | | 8 | 20 |
| തീപ്പെട്ടി | 3 | | | 3 | 34 |
| പ്ലാസ്റ്റിക് | 8 | 2 | | 10 | 81 |
| കേബിൾ | 1 | | | 1 | 3 |
| ഇലക്ട്രിക് ഉപകരണങ്ങൾ | 2 | | | 2 | 8 |
| വൈരക്കല്ല് | | 40 | | 1 | 40 |
| സിമൻറ് ഉല്പന്നങ്ങൾ | 3 | | | 3 | 15 |
| മറ്റുള്ളവ | 5 | | | 5 | 8 |
| **ആകെ** | **36** | **42** | | **40** | **292** |

## സാദ്ധ്യതയുള്ള വ്യവസായങ്ങൾ

1. 10 ടൺ അരിയുൽപാദനം നടത്താവുന്ന തരത്തിലുള്ള ഒരു യൂണിറ്റ് സ്ഥാപിക്കണം. അതിനുവേണ്ട നെല്ല് നമ്മുടെ പഞ്ചായത്തിൽ ലഭ്യമാണ്.
2. 1 ടൺ വെളിച്ചെണ്ണ ഉൽപാദിപ്പിക്കാവുന്ന കൊപ്ര സംസ്ക്കരണ യൂണിറ്റ് സ്ഥാപിക്കണം.
3. ചെറുകിട അടക്ക സംസ്കരണ യൂണിറ്റ് സ്ഥാപിക്കണം.
4. കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കണം. അസംസ്കൃത സാധനങ്ങൾ (തവിട്, പിണ്ണാക്ക്, etc.) ലഭ്യമാകും.
5. ഫാം കോംപ്ലക്സിനുള്ള സാദ്ധ്യത ഏറെയുണ്ട്. കാർഷിക പ്രാധാന്യമുള്ള മേഖല എന്ന നിലയിൽ പരിഗണിച്ച് ഫാം കോംപ്ലക്സ് സ്ഥാപിക്കണം. (ഡയറി, പിഗ്ഗറി, ഫിഷറി, പൗൾട്ടറി)
6. സിമൻറ് ഉൽപന്നങ്ങളുടെ വർദ്ധിത ഉപയോഗം കണക്കിലെടുത്ത് സിമൻറ് ഉൽപന്നങ്ങളുടെ ഫാക്ടറി സ്ഥാപിക്കണം.
7. പഴങ്ങൾ സംസ്കരിക്കുന്നതിനുള്ള ഒരു യൂണിറ്റ് സ്ഥാപിക്കണം.
8. നാളികേരവെള്ളം, ഇളനീർ, സംസ്കരണ വിപണന യൂണിറ്റ് സ്ഥാപിക്കണം.
9. നാളികേര പൗഡർ, നാളികേരപാൽ എന്നിവയുടെ ഉൽപാദന യൂണിറ്റ് സ്ഥാപിക്കണം.
10. സോപ്പ്, ചന്ദനത്തിരി, മെഴുകുതിരി, കറിപൗഡർ, ചിപ്സ് എന്നിവ ഉൽപാദിപ്പിക്കുന്ന യൂണിറ്റ്, പ്രധാനമായും വനിതാ യൂണിറ്റുകളിൽ സ്ഥാപിക്കണം. ഖാദി ബോർഡിൻെറ സഹായം ഉപയോഗപ്പെടുത്തേണ്ടതാണ്.
11. ഇലക്ട്രോണിക്സ് - സ്പെയർ പാർട്ട് യൂണിറ്റുകൾ സ്ഥാപിക്കണം.
12. റെഡിമെയ്ഡ് വസ്ത്രങ്ങളുടെ യൂണിറ്റുകൾ സ്ഥാപിക്കണം.
13. കരകൗശല യൂണിറ്റുകൾ സ്ഥാപിക്കുക.

# ഗതാഗതം

റോഡ് - ജല - റെയിൽ എന്നീ മൂന്ന് ഗതാഗത മാർഗ്ഗങ്ങളിൽ റോഡ് ഗതാഗതം മാത്രമാണ്. നമ്മുടെ പഞ്ചായത്തിലുള്ളത്. റോഡ് യാത്രക്കായി നാമമാത്രമായ KSRTC ബസ് സർവ്വീസുകളേയും വർദ്ധിച്ച തോതിലുള്ള സ്വകാര്യ ബസ് സർവ്വീസുകളേയുമാണ് പ്രധാനമായും ആശ്രയിക്കുന്നത്. നൂറിലേറെ ഓട്ടോറിക്ഷകളും ഇരുപതിലധികം ടാക്സികാറുകളും നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് പാർക്കു ചെയ്ത് സർവ്വീസ് നടത്തുന്നുണ്ട്. ചരക്കു കയറ്റുന്ന മിനി വാഹനങ്ങളും നമ്മുടെ പ്രദേശത്ത് പാർക്ക് ചെയ്തു സർവ്വീസ് നടത്തുന്നു.

ബസ് സർവ്വീസുകൾ പ്രധാനമായുള്ളത് തൃശൂർ - കാഞ്ഞാണി റോഡിൽ കൂടിയാണ്. ഗുരുവായൂർ ചാവക്കാട്, ചേറ്റുവ, വാടാനപ്പിള്ളി, അന്തിക്കാട്, ചാഴൂർ, പെരിങ്ങോട്ടുകര, തൃപ്രയാർ, കൊടുങ്ങല്ലൂർ, വടക്കൻ പറവൂർ എന്നീ പ്രദേശങ്ങളിലേക്ക് നമ്മുടെ പ്രദേശത്തുകൂടെ ബസ് സർവ്വീസുകളുണ്ട്.

ഗുരുവായൂരിൽ നിന്ന് - എറണാകുളത്തേക്കും പാലക്കാട്ടേയ്ക്കും, കണ്ടശ്ശാംകടവിൽ നിന്ന് തിരുവനന്തപുരത്തേക്കും KSRTC യുടെ ഓരോ ദീർഘദൂര സർവ്വീസുണ്ട്. പാലക്കാട്ടേക്ക് ഒരു സ്വകര്യ സർവ്വീസും ഉണ്ട്.

ഇവയടക്കം 150-ലേറെ ബസുകളും അതിൻെറ എത്രയോ ഇരട്ടി മറ്റു വാഹനങ്ങളും ഓടുന്ന തൃശൂർ - കാഞ്ഞാണി PWD റോഡ് 5 കിലോമീറ്റർ ദൂരം നമ്മുടെ പഞ്ചായത്തിനെ നെടുകെ പിളർന്നു കടന്നുപോകുന്നു.

ഈ റോഡിന് പല ഭാഗത്തും വീതി വളരെ കുറവാണ്. അതുകൊണ്ട് കാൽനടയാത്രക്കാർക്കു സഞ്ചരിക്കുന്നതിനുള്ള സൗകര്യമില്ല. പലഭാഗത്തും റോഡിൻെറ ടാറിങ്ങിനോട് ഒരു മീറ്റർ അടുത്തുപോലും സ്ഥലമുടമകളുടെ അതിരുകൾ നിൽക്കുന്നു. ഇതിൽ ഭൂരിഭാഗവും റോഡ് സൈഡ് കയ്യേറിയിട്ടുള്ളതാണ്. അത്തരം സ്ഥലങ്ങളിൽ മതിലുകളും മറ്റും സ്ഥിരസ്വഭാവമുള്ളവ തന്നെ പണിതിട്ടുണ്ട്. അതുമൂലം വെള്ളം പോകുന്നതിന് ചാലുകൾ ഒരിടത്തു കാണുന്നില്ല. വർഷകാലങ്ങളിൽ വെള്ളം മുഴുവനും വാഹനങ്ങൾ ഓടുന്ന ടാറിങ്ങിൽ കൂടിയും മറ്റുമാണ് ഒഴുകുന്നത്. അതുമൂലം ഒട്ടേറെ ബുദ്ധിമുട്ടുകൾ വിശിഷ്യ വിദ്യാർത്ഥികൾ അനുഭവിക്കേണ്ടി വരുന്നു.

ബസ്സ്റ്റോപ്പുകളിൽ വെയിറ്റിംഗ് ഷെഡുകൾ വളരെ പരിമിതമായി മാത്രമെ 5 കിലോമീറ്റർ ദൂരത്തിനുള്ളിൽ ഉള്ളൂ. 3 എണ്ണം സ്ഥിരമായതും ഒന്ന് താല്ക്കാലികമായി സാമൂഹ്യസംഘടന സ്ഥാപിച്ചിട്ടുള്ളതുമാണ്.

3 സ്ഥിരമായ വെയിറ്റിംഗ് ഷെഡുകളിൽ ഒന്ന് സാംസ്ക്കാരിക സംഘടനയുടേയും ഒന്ന് ഒരു സ്വകാര്യ സ്ഥാപനത്തിൻേറയും ചിലവിൽ നിർമ്മിച്ച സ്മാരകമന്ദിരവും ഒന്ന് ഗ്രാമവികസന ബ്ലോക്കിൻേറതുമാണ്. പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ ഒന്നും തന്നെ ഒരുതരത്തിലുമുള്ള വെയിറ്റിംഗ് ഷെഡ്ഡുകൾ ഇല്ല. കലാസാംസ്ക്കാരിക - സന്നദ്ധ - സാമൂഹ്യ സംഘടനകളുടേയും വ്യക്തികളുടേയും സ്ഥാപനങ്ങളുടേയും വകയായി ഈ പോരായ്മ പരിഹരിക്കുന്നതിന് കഴിയും.

കുന്നത്തങ്ങാടിയടക്കമുള്ള ചില കേന്ദ്രങ്ങളിൽ വാഹനങ്ങൾ പാർക്കു ചെയ്യുന്നതുമൂലം ഗതാഗത കുരുക്കുണ്ടാകുന്നുണ്ട്.

തൃശൂർ - കാഞ്ഞാണി PWD റോഡിൻെറ പോരായ്മകളും പ്രശ്നങ്ങളും അടിയന്തിരമായി തന്നെ പരിഹാരം കാണേണ്ടതുണ്ട്. അതിനായി താഴെ കാണിക്കുന്ന നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കണം.

1. റോഡിൻെറ ഇരുവശങ്ങളിലുമുള്ള പുറംപോക്കു കയ്യേറ്റക്കാരെ ഒഴിവാക്കുന്നതിന് പൊതുമരാമത്തു വകുപ്പിനുമേൽ സമ്മർദ്ദം ചെലുത്തുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി തയ്യാറാകുക.
2. കയ്യേറ്റക്കാരെ ഒഴിവാക്കിയും വീതിയില്ലാത്തിടത്ത് വീതികൂട്ടിയും വെള്ളച്ചാലുകൾ നിർമ്മിക്കുക. ഈ റോഡിൽ നിന്നും പ്രധാനപ്പെട്ട പഞ്ചയത്തു വഴികളിലേക്ക് തിരിയുന്നിടങ്ങൾ കൾവെർട്ടുകൾ കെട്ടുക, ഉള്ളിടത്ത് അവയുടെ അറ്റകുറ്റപണികൾ ചെയ്യുക. മനക്കൊടി റോഡ്, അരിമ്പൂർ പള്ളി റോഡ്, കുണ്ടിലകടവ് റോഡ്, കൈപ്പിള്ളി റോഡ്, തേമാലിപ്പുറം റോഡ്, പഴയവെട്ടുവഴി എന്നീ റോഡുകളുടെ തുടക്കത്തിൽ പുതിയ

കാംവെർട്ടുകാം പണിയണം. വെളുത്തൂർ റോഡിലേക്കു തിരിയുന്നിടത്തുള്ള കാംവെർട്ട് വീതികൂട്ടി പുതുക്കി പണിയണം. സുബ്രഹ്മണ്യകോവിൽ റോഡ് - കായൽ റോഡ് എന്നിവിടങ്ങളിലുള്ളവ അറ്റകുറ്റ പണികാം ചെയ്യുകയും അടിഭാഗത്തുള്ള മണ്ണ് നീക്കം ചെയ്യേണ്ടതുമാണ്.

PWD റോഡിൽ തന്നെ ഗവ: ആശുപത്രിയ്ക്കും എറവ് കപ്പൽ പള്ളിക്കും സമീപമുള്ള കാംവെർട്ടുകളുടെ അടി ഭാഗത്തടിഞ്ഞുകൂടിയിട്ടുള്ള മണ്ണ് നീക്കം ചെയ്യണം. ഗവ: ആശുപത്രിക്കു സമീപം വെള്ളം പോകുന്നതിനുള്ള കനാൽ സൈഡു കെട്ടി സംരക്ഷിക്കുക.

3. മനക്കൊടി വളവ്, കുന്നത്തങ്ങാടി, അരിമ്പൂർ പഞ്ചായത്താഫീസിനു സമീപം, എറവ് അഞ്ചാംകല്ല്, ആറാംകല്ല് എന്നീ കേന്ദ്രങ്ങളിൽ വെയിറ്റിംഗ് ഷെഡ്ഡുകാം സ്ഥാപിക്കുന്നതിന് സന്നദ്ധ - സാമൂഹ്യ സംഘടനകളിലും വ്യക്തികളിലും സ്ഥാപനങ്ങളിലും സമ്മർദ്ദം ചെലുത്തുക.

4. കുന്നത്തങ്ങാടിയിൽ വാഹനങ്ങാം പാർക്കു ചെയ്യുന്നത് കർശനമായി തടയുകയും പാർക്കു ചെയ്യുന്നതിനായി ഓട്ടോ - ടാക്സി സ്റ്റാൻറ് പണിയുന്നതിന് സ്ഥലമെടുക്കുക. അതുപയോഗിച്ചുകൊണ്ട് ഒരു പൊതു മാർക്കറ്റും കച്ചവട കേന്ദ്രവും പണിയുന്നതിന് കഴിയും.

5. PWD റോഡിൻെറ സംരക്ഷണ നിരീക്ഷണത്തിനായി പൊതുമരാമത്തു വകുപ്പിൻെറയും പഞ്ചായത്തിൻെറയും നിയന്ത്രണത്തിൽ കാര്യക്ഷമമായ ജനകീയ സമിതി സംഘടിപ്പിക്കുക.

6. റോഡിൻെറ സൈഡുകളിൽ വീതികൂടുതലുള്ള സ്ഥലങ്ങളിൽ മരങ്ങാം നട്ടുപിടിപ്പിക്കുകയും അവയുടെ സംരക്ഷണം അതതു പ്രദേശങ്ങളിലെ സന്നദ്ധ സംഘടനകളെ ഏല്പിക്കുകയും ചെയ്യുക.

7. ചിലയിടങ്ങളിൽ ഇലക്ട്രിക് , ടെലഫോൺ പോസ്റ്റുകാം റോഡ് ടാറിംഗിനോടു ചേർന്നു നിൽക്കുന്നുണ്ട്. പലപ്പോഴും അപകടവും ആളപായവും സംഭവിച്ചിട്ടുണ്ട്. അത്തരത്തിൽ ടാറിംഗിനോടു ചേർന്നു നിൽക്കുന്ന കാലുകാം അടിയന്തിരമായും സൈഡിലേക്കു മാറ്റി കുഴിച്ചിടുക.

മുൻപു സൂചിപ്പിച്ച ഏക PWD റോഡൊഴിച്ചാൽ പിന്നെയുള്ള റോഡുകാം മുഴുവനും പഞ്ചായത്തു വഴികളാണ്. ആ റോഡുകളോ അവയുടെ ഉപവഴികളോ ഭൂരിഭാഗവും ആരംഭിക്കുന്നത് PWD റോഡിൽ നിന്നും, അവസാനിയ്ക്കുന്നത് കോാം നിലങ്ങളിലേക്കുമാണ്. ഒരു പക്ഷേ അത് നമ്മുടെ പഞ്ചായത്തിൻെറ മാത്രം പ്രത്യേകതയാകാം. മേൽപറഞ്ഞ റോഡുകളുടെ വിവരങ്ങളും പരിഹാര നിർദ്ദേശങ്ങളും വാർഡു ക്രമത്തിൽ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തിൻെറ പടിഞ്ഞാറതിർത്തിയിൽ നിന്നു വരുമ്പോാം വലതുവശത്തേക്കു പോകുന്ന എറവ് - കൈപ്പിള്ളി ബണ്ട് റോഡ് ഒരു കിലോമീറ്ററിലേറെ നീളത്തിൽ കിടക്കുന്നു. വികസന ഫണ്ടുപയോഗിച്ചും സന്നദ്ധ പ്രവർത്തനത്തിലൂടേയും വീതി കൂട്ടി ടാർ ചെയ്ത റോഡാണിത്. എറവ് - കൈപ്പിള്ളി അകംപാടം കോാം ബണ്ടു വഴി കൈപ്പിള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് റോഡുമായി ബന്ധിക്കുന്നു. PWD റോഡിൽ പഞ്ചായത്താഫീസിനും ആറാംകല്ലിനുമിടയിൽ ഗതാഗത തടസ്സമുണ്ടാകുമ്പോാം വാഹനങ്ങളെ തിരിച്ചുവിടുന്നതിന് വളരെ സഹായകരമായ ഏക വഴിയാണിത്. അത്തരം സന്ദർഭങ്ങളിൽ വർദ്ധിച്ച തോതിലുള്ള വാഹന ഗതാഗതത്തിന് വേണ്ടുന്ന ശേഷി ബണ്ടിനില്ല. അതു കൃഷി ആവശ്യം മാത്രം പരിഗണിച്ചാണ് നിർമ്മിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ ബണ്ട് അസ്ഥിരപ്പെടുന്നതിന് കാരണമായിട്ടുണ്ട്.

ഈ പ്രശ്നം പരിഹരിക്കുന്നതിനും വാഹനഗതാഗതം കാര്യക്ഷമമാക്കുന്നതിനുവേണ്ടി ബണ്ട് വീതി കൂട്ടി ബലപ്പെടുത്തേണ്ടതാണ്.

മുൻസൂചിപ്പിച്ച റോഡിൽ വന്നു ചേരുന്നതും PWD റോഡിൽ നിന്നുതുടങ്ങുന്നതുമായ പട്ടിയിൽ റോഡ് മൺവഴിയാണ്. വീതി കുറവായ ഈ റോഡ് വീതികൂട്ടേണ്ടതാവശ്യമാണ്. ഈ റോഡിൽ വന്നുചേരുന്നതും ആറാംകല്ലിൽ നിന്ന് കിഴക്കോട്ടു പോകുന്നതുമായ റോഡിന് വളരെ വീതി കുറവാണ്. അത്യാവശ്യ വാഹനങ്ങാംക്കുപോലും പോകുന്നതിനുള്ള വീതിയില്ല.

ഈ രണ്ടു റോഡുകളും വീതികൂട്ടുന്നതിന് നടപടിയുണ്ടാകണം.

എറവ് സ്ക്കൂളിനു സമീപത്തുനിന്നും തെക്കോട്ടു പോകുന്ന വിദ്യാർത്ഥി റോഡിന് വീതി കുറവാണ്.

ഈ റോഡുകാംക്കു മുഴുവനും വെള്ളം ഒഴുകിപോകുന്നതിനാവശ്യമായ ഓടകാം ഇല്ല. ചാലുകാം വെട്ടു

കവഴി റോഡുകൾക്ക് കേടുവരാതെ സംരക്ഷിക്കുന്നതിന് ഒരു പരിധിവരെ കഴിയും.

II. പടിഞ്ഞാറതിർത്തിയിൽ ഇടതുവശത്ത് ചുങ്കത്തു നിന്നും തുടങ്ങി എറവ് സ്ക്കൂളിനു സമീപം വന്നുചേരുന്ന പഴയവെട്ടുവഴി തുടക്കവും അവസാനവും PWD റോഡിൽ തന്നെ. വർഷങ്ങൾക്കു മുമ്പ് ഈ റോഡാണ് തൃശൂർ കാഞ്ഞാണി റോഡിൻെറ പ്രധാന വഴിയായിരുന്നത്. അതുകൊണ്ടാണിതിന് പഴയവെട്ടുവഴി എന്നു പറയുന്നതും. ഒട്ടേറെ കുടുംബങ്ങൾ കയ്യേറി പുരവെച്ചു താമസിച്ചിരുന്നു അടുത്തയിടവരെ. ഒട്ടുംതന്നെ ഗതാഗതയോഗ്യമല്ലാതിരുന്ന ഈ റോഡ് ഇപ്പോൾ വീതികൂട്ടി കഴിഞ്ഞിട്ടുണ്ട്. 6 മീറ്റർ വീതിയിലാണ് പണി തിട്ടുള്ളത്.

- മുൻകാലങ്ങളിൽ പുത്തേഴത്ത് കയ്യാല റോഡ് എന്നു വിളിച്ചിരുന്ന സബ്ബ് സെൻറർ റോഡ് PWD റോഡിൽ നിന്നും തുടങ്ങി കോൾ നിലങ്ങളിൽ ചെന്നവസാനിക്കുന്നു. വീതി കുറഞ്ഞതും സഞ്ചാരയോഗ്യത കുറഞ്ഞതു മായ ഈ റോഡിനെ ഫ്ളഡ് സ്കീമിൽപ്പെടുത്തി പണിയുക.
- കരുവാൻ വളവിൽ നിന്നും തുടങ്ങി കോൾ നിലങ്ങളിൽ ചെല്ലുന്ന ചക്കിമുനയം റോഡ് വീതികൂട്ടി ടാർ ചെയ്തിട്ടുള്ളതാണ്. ഈ റോഡിൻെറ 2 ഉപകൈവഴികളുള്ളവ സഞ്ചാരയോഗ്യമല്ല. ഈ വഴിയിൽ കൂടി യാണ് ദശമുട്ട് കോൾ പടവിലേക്ക് കൃഷിക്കാർ പോകുന്നത്.
- ചക്കി മുനം റോഡിൻെറ അവസാനത്തിൽ നിന്നാണ് ചാലാടി - പഴം കോൾ ബണ്ടു ആരംഭിക്കുന്നത്. 2 ഉപവഴികളും സഞ്ചാരയോഗ്യമാക്കുക.
- എറവ് അഞ്ചാംകല്ലിൽ കപ്പൽ പള്ളിക്കു പടിഞ്ഞാറുവശത്തുകൂടി പോകുന്ന തേമാലിപ്പുറം റോഡ് വീതികൂട്ടി ടാർ ചെയ്തിട്ടുള്ളതാണ്. സന്നദ്ധ പ്രവർത്തനം വഴിയാണ് വീതികൂട്ടിയത്. അതുകൊണ്ടു തന്നെ ജനപ്രതി നിധികൾ അടക്കമുള്ളവർ കോടതി നിയമനടപടികൾക്ക് വിധേയരായികൊണ്ടിരിക്കയാണ്.

മേൽപറഞ്ഞ 3 റോഡുകൾക്കും മഴകാലങ്ങളിൽ വെള്ളം ഒഴുകിപോകുന്നതിനാവശ്യമായ വെള്ളചാലുകളി ല്ല. അവയുണ്ടാക്കേണ്ടതാവശ്യമാണ്.

III. എറവ് അഞ്ചാംകല്ല് സെൻററിനു കിഴക്കുഭാഗത്തുനിന്നും തുടങ്ങി പഴംകോൾ നിലങ്ങളിൽ ചെന്നു ചേരുന്ന ശ്മശാനം റോഡ് സന്നദ്ധപ്രവർത്തനംവഴി വീതികൂട്ടി ടാർ ചെയ്തിട്ടുള്ളതാണ്. റോഡിൻെറ വടക്കുഭാഗത്ത് വർദ്ധിച്ച തോതിൽ നീർവീഴ്ചയുണ്ടാകുന്നതിനനുസരിച്ചുള്ള വെള്ളചാലുകളില്ല.

ഈ റോഡിനേയും തേമാലിപ്പുറം റോഡിനേയും ബന്ധിപ്പിക്കുന്ന ഒരു മൺവഴി പള്ളി ശ്മശാനത്തിൻെറ അടുത്തുകൂടിയുണ്ട്. ഈ റോഡിന് വളരെ വീതി കുറവാണ്.

പഞ്ചായത്താഫീസിനു മുന്നിൽ നിന്ന് തുടങ്ങി പ്രസിദ്ധമായ ഓളംതല്ലിപ്പാറ വഴി കോൾ പടവിലെത്തുന്ന ശ്രീ. N.I. ദേവസിക്കുട്ടി സ്മാരക റോഡ് അൺടൈഡ് ഫണ്ട് ഉപയോഗിച്ച് നിലവിലുണ്ടായിരുന്ന വീതിയിൽ ടാർ ചെയ്തതാണ്. കൃഷി ആവശ്യത്തിന് ഇത്രത്തോളം ഉപയോഗിക്കുന്ന മറ്റൊരു റോഡും പഞ്ചായത്തിലില്ല. അതി നനുസൃതമായി വീതിയോ സൗകര്യമോ ഈ റോഡിനില്ല.

- ശ്മശാനം റോഡിനേയും ഈ റോഡിനേയും ബന്ധിപ്പിച്ചുകൊണ്ട് ഒരു പുതിയ റോഡ് നിർമ്മിക്കണം.
- മഹാത്മ ലൈബ്രറിയ്ക്കു പടിഞ്ഞാറുവശത്തുള്ള റോഡും കൈപ്പിള്ളി റിംഗ് റോഡിൻെറ ഉപവഴിയായ പാലി ശ്ശേരി റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന പുതിയ റോഡ് നിർമ്മിക്കണം.
- 3-ാം വാർഡിൻെറ കിഴക്കുഭാഗത്തുള്ള അയിനിക്കൽ റോഡ് ബ്ലോക്കിൻെറ ഗ്രാമീണ വികസന ഫണ്ടുപയോ ഗിച്ച് ടാർ ചെയ്യുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. ചാലാടി കോൾപടവിൽ ചെന്നു ചേരുന്ന ഈ റോഡിന് വേണ്ടത്ര വീതിയില്ല.
- 3-ാം വാർഡിനേയും 4-ാം വാർഡിനേയും വേർതിരിക്കുന്നതും നിർദ്ദിഷ്ട പദ്ധതിപ്രകാരം പണി ആരംഭിച്ചി ട്ടുള്ള അയിനിക്കൽ റോഡിൽ ചേരുന്നതുമായ വീതി കുറഞ്ഞ ഒരു മൺവഴിയുണ്ട്. PWD റോഡിൽ നിന്നാണ് ആരംഭിക്കുന്നത്.
- ഓളംതല്ലിപ്പാറയിൽ നിന്നും സെറ്റിൽമെൻറ് കോളനിയിലേക്കു പോകുന്ന റോഡിൻെറ തുടക്കത്തിൽ സ്ലാബു

കളുടെ എണ്ണം കൂട്ടുകയും ഈ റോഡ് ടാറിംഗ് നടത്തുകയും ചെയ്യുക. കോാം നിലങ്ങളിലേക്കു വാഹനങ്ങാം പോകുന്ന റോഡാണിത്.

IV. നാലാംവാർഡിൻെറ പടിഞ്ഞാറ്റത്തുള്ള പാറക്കുളം റോഡ് വളരെ വീതി കുറഞ്ഞതാണ്. ഈ റോഡ് വീതി കൂട്ടി ടാറിംഗ് നടത്തണം. ഈ റോഡ് പാറക്കുളത്തിനു സമീപം ചെന്നാൽ ഞണിക്കൽ റോഡും ശ്മശാനം റിംഗ് റോഡുമായി ബന്ധപ്പെടുന്നു.

- നാലാംകല്ല് സെൻററിൽ നിന്നും ആരംഭിച്ച് ചാലാടി കോാപടവിലേക്ക് പോകുന്ന കായൽ റോഡ് കൃഷി ആവശ്യത്തിന് ഉപയോഗിച്ചു വരുന്ന പ്രധാനപ്പെട്ട റോഡുകളിലൊന്നാണ്. സന്നദ്ധപ്രവർത്തനത്തിലൂടെ കാര്യക്ഷമമായി പണി കഴിക്കാൻ ശ്രദ്ധിച്ചിട്ടുള്ള ഈ റോഡിൽ കൂടിയാണ് 3 ചെറുകിട വ്യവസായസ്ഥാപനങ്ങളിലേക്കു പോകുന്നത്. നാലുസെൻറ് കോളനികളും ഈ പ്രദേശത്തുണ്ട്. ഈ റോഡ് അവസാനിക്കുന്നിടത്തുനിന്നും കോാം നിലത്തിൽ കൂടിയുള്ള റോഡ് ആരംഭിക്കുന്നു. ഇതിൻെറ ഉപവഴിയായ സ്റ്റുഡൻസ് റോഡ് ചെന്നവസാനിക്കുന്നത് കോാം നിലങ്ങളിലേക്കാണ്. ഈ റോഡ് വീതികൂട്ടി ടാർ ചെയ്യണം. (ഫാം റോഡ്)
- കായൽ റോഡിൻെറ മറ്റൊരു ഉപവഴി മനപ്പടിക്കൽ നിന്നും തിരിഞ്ഞ് പരയ്ക്കാട് കിഴക്ക് വഴിയിൽ ചെന്നു സന്ധിക്കുന്നുണ്ട്.
- മറ്റൊരു ഉപവഴി പരയ്ക്കാട് മഹാവിഷ്ണു ക്ഷേത്രത്തിലേക്ക് പോകുന്നുണ്ട്.
- അയ്യപ്പൻകാവ് റിംഗ് റോഡ് പരയ്ക്കാട് കിഴക്കേ വഴിയിൽ സന്ധിക്കുന്നു. വാഹനഗതാഗതത്തിനു യോജ്യമല്ല ഈ റോഡ്. ഇത് തുടങ്ങുന്നത് P.W.D. റോഡിൽഉള്ള GUPS ന് പടിഞ്ഞാറുഭാഗത്തുനിന്നാണ്. ശ്മശാനം റിംഗ് റോഡും കാര-ചിറ്റത്തി പാറ് റോഡും വീതികൂട്ടി ടാർ ചെയ്യണം.
- കുന്നത്തങ്ങാടി സെൻററിൽ നിന്നും വടക്കോട്ട് പോകുന്ന അയ്യപ്പൻ കാവ് റോഡ് സന്നദ്ധപ്രവർത്തനത്തോടെ വീതികൂട്ടി ടാർ ചെയ്തിട്ടുള്ളതാണ് ഒരു ചെറു വ്യവസായ യൂണിറ്റും ക്ഷീര വ്യവസായസംഘവും ഒരു നാലുസെൻറ കോളനിയും ഈ പ്രദേശത്താണ്. ഈ റോഡിൻെറ ഒരു ചെറുഉപവഴി അയ്യപ്പൻകാവ് ക്ഷേത്ര റോഡിൻെറ മുന്നിൽ നിന്നും കിഴക്കോട്ടു പോയി കുണ്ടിൽകടവ് റോഡിൽ ചെന്നുചേരുന്നു. ഇതു മൺവഴിയാണ്.

V. കുന്നത്തങ്ങാടിയുടെ കിഴക്കുഭാഗത്തു നിന്നും ആരംഭിക്കുന്ന കുണ്ടിൽകടവ് റോഡ് സന്നദ്ധ പ്രവർത്തനത്തിലൂടെ വീതി കൂട്ടി ടാർ ചെയ്തിട്ടുള്ളതാണ്. ചാലാടി - പഴം കോാം ബണ്ടിൻെറ കിഴക്കുഭാഗം തുടങ്ങുന്നത് ഈ റോഡിൻെറ അവസാനത്തിൽ നിന്നാണ്. കുത്തനെയായുള്ള ഇറക്കമാണ് ഇത്. അതുകൊണ്ട് തന്നെ കൃഷി ആവശ്യത്തിനായുള്ള വാഹനങ്ങാക്കുപോലും സഞ്ചരിക്കുന്നതിന് കഴിയില്ല. ഈ ഇറക്കം പരമാവധി കുറച്ചുകൊണ്ട് വാഹനങ്ങാം സഞ്ചരിക്കുന്നതിനനുയോജ്യമായ രീതിയിൽ റോഡ് പണിയണം.

- ഈ റോഡിൻെറ ഒരു ഉപവഴി നാലുസെൻറ് കോളനി വഴി പരയ്ക്കാട് കിഴക്കേ റോഡിൽ ചെന്നുചേരുന്നുണ്ട്.
- അരിമ്പൂർ പള്ളി റോഡ് നല്ല വീതിയുള്ള റോഡായിരുന്നു. അതേ അവസ്ഥ നിലനിർത്തികൊണ്ടു തന്നെ പള്ളിവരെ ടാർ ചെയ്തിട്ടുണ്ട്. പള്ളി മുതൽ പള്ളിയുടെ പടിഞ്ഞാറു വശത്തുകൂടി വീതി കുറഞ്ഞതായ ഈ വഴിയുടെ തുടർച്ച കുണ്ടിൽ കടവ് റോഡിൽ ചെന്നുചേരുന്നുണ്ട്.
- കുണ്ടിൽകടവ് റോഡിൻെറ ഉപവഴികളായി കിഴക്കോട്ട് കുത്തനെ ഇറക്കമായ രണ്ടു എഴുത്തശ്ശൻ റോഡുകളുണ്ട്. നീളം കുറഞ്ഞതായ ഈ റോഡുകാം സഞ്ചാരയോഗ്യമാക്കണം. വികാസ് നഗർ റോഡും സഞ്ചാരയോഗ്യമാക്കണം.
- PWD റോഡിൽ നിന്ന് പള്ളി റോഡിൻെറ മുൻവശത്തുനിന്നും തെക്കോട്ടു പോകുന്ന തച്ചംപിള്ളി റോഡ് വീതി കൂട്ടി ടാർ ചെയ്യണം.

VI. പഞ്ചായത്തിൻെറ കിഴക്കതിർത്തിയിൽ മനക്കൊടി വളവിൽ നിന്നും തെക്കോട്ടു പോകുന്ന മനക്കൊടി റോഡ് നമ്മുടെ പഞ്ചായത്തു വഴികളിൽ ഏറ്റവും നീളം കൂടിയതും പ്രധാനപ്പെട്ടതുമാണ്. പ്രസിദ്ധമായ മനക്കൊടി കായൽ, കൃഷ്ണൻകോട്ട പടവ്, വാരിയം പടവ് തുടങ്ങീ കോാം പടവുകളിലേക്ക് പോകുന്നത് ഈ ഉപവഴി

കളിൽകൂടിയാണ്. നമ്മുടെ പഞ്ചായത്തിൽ ആദ്യമായി സന്നദ്ധ പ്രവർത്തനത്തിലൂടെ വീതികൂട്ടി ടാർ ചെയ്ത റോഡാണിത്ണ അതുകൊണ്ടു തന്നെ ജനപ്രതിനിധികളും പൊതുപ്രവർത്തകരും നിയമനടപടി കളെ നേരിടേണ്ടിവന്നിട്ടുണ്ട്. PWD റോഡിൽ നിന്നും ഈ റോഡിലേക്ക് തിരിയുന്നിടത്ത് വേണ്ടത്ര വീതി ഇല്ല.

- ഈ റോഡിൻെറ ഒരു പ്രധാന ഉപവഴിയായ കിഴക്കുംപുറം റോഡ് കോൾനിലത്തിൽ അവസാനിക്കുന്നു. കോൾ നിലത്തിൽ കൂടി ബണ്ടിട്ട് എൽത്തുരുത്തുമായി ബന്ധിപ്പിക്കുകയും വാഹന ഗതാഗതയോഗ്യവുമാക്കുക. ചേറ്റുപുഴ കിഴക്കേ കോൾ പടവിൽ KLDC ബണ്ടിൽ കെട്ടിയിട്ടുള്ള പാലം മുട്ടിക്കുകയും ഗതാഗതയോഗ്യവുമാക്കുക. സാമാന്യം വീതിയുള്ള കിഴക്കുംപുറം റോഡ് ഒരു കാലഘട്ടത്തിൽ മഴക്കാലത്ത് ഗതാഗതയോഗ്യമായിരുന്നില്ല. ഈ റോഡിൻെറ പടിഞ്ഞാറുവശത്ത് വെള്ളം കയറുമ്പോൾ വഞ്ചിയുടെ സഹായത്തോടെയായിരുന്നു ജനങ്ങൾ അങ്ങോട്ടുമിങ്ങോട്ടും കടന്നിരുന്നത്. ആ ഭാഗം സൈഡുകെട്ടി ഉയർത്തിയാണ് സഞ്ചാരയോഗ്യമായ റോഡാക്കി മാറ്റിയത്.
- കിഴക്കുംപുറം പാമ്പിൻകാവ് റോഡ് സാവിയോ ക്വാർട്ടേർസ് വരെ നീട്ടുകയും മണ്ണിട്ടുയർത്തി ടാറിംഗ് നടത്തുക. ഏലോത്തുംകാവ് അമ്പലം ബ്രാഞ്ച് റോഡ് വീതികൂട്ടണം. അമ്പലത്തിൻെറ തെക്കുഭാഗത്തു കൂടി കിഴക്കോട്ടു പോകുന്ന റോഡ് വീതികൂട്ടി കൃഷി ആവശ്യത്തിനായുള്ള വാഹനങ്ങൾക്ക് കോൾ നിലങ്ങളിലേക്ക് പോകുന്നതിന് സഞ്ചാരയോഗ്യമാക്കുക.
- മനക്കൊടി നടുമുറിയിൽ നിന്നും കിഴക്കോട്ടു പോകുന്ന പാലകടവ് റോഡ് ടാറിംഗ് നടത്തിയിട്ടുള്ളതാണ്. ഒരു അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂൾ ഈ പ്രദേശത്തുണ്ട്. ഈ റോഡിനേയും കിഴക്കുപുറം റോഡിനേയും ബന്ധിക്കുന്ന പാലക്കടവ് - കിഴക്കുംപുറം റോഡ് മെറ്റൽ വിരിച്ചിട്ടുണ്ട്. ഇത് ടാറിംഗ് നടത്തണം.

VII. പാലക്കടവ് റോഡിൽ നിന്നും തെക്കോട്ടു പോകുന്നതും സ്റ്റുഡൻസ് റോഡുമായി ബന്ധിക്കുന്നു. ഈ റോഡിനു വളരെ വീതി കുറവാണ്. ഇതിൻെറ വീതി കൂട്ടണം.

- സ്റ്റുഡൻസ് റോഡിൻെറ തുടർച്ചയായി പള്ളിപുറത്തുകാരൻ അമ്പലത്തിനു മുന്നിൽകൂടിയുള്ള റോഡും 4 സെൻറ കോളനി റോഡും സഞ്ചാരയോഗ്യമാക്കുക.
- കോൾ പാടങ്ങളിലേക്ക് ഇറങ്ങുവാനുള്ള മാരാത്തുകടവ് റോഡ്, അകംപാടം റോഡ്, കൃഷ്ണൻകോട്ട പടവിലേക്കുള്ള റോഡ്. നടുമുറിയിൽ നിന്നും പടിഞ്ഞാറോട്ട് പാടത്തേക്കുള്ള റോഡ്, ഊമൻകുളം റോഡ്, മനക്കൊടി തെക്കെ അറ്റത്ത് ഉദയനഗറിനു പടിഞ്ഞാറോട്ട് ഉള്ള റോഡ് എന്നിവ സഞ്ചാരയോഗ്യമാക്കുക.
- മനക്കൊടിയിൽ നിന്നും പുള്ളിലേക്കും കോടന്നൂരിലേക്കും റോഡ് നിർമ്മിക്കുക. ഈ റോഡിൻെറ നിർമ്മാണം വഴി ചാഴൂർ, പെരിങ്ങോട്ടുകര, കോടന്നൂർ, അമ്മാടം എന്നീ പ്രദേശങ്ങളുമായി എളുപ്പം ബന്ധപ്പെടുന്നതിനും ഈ മേഖലകളിൽ കൃഷിയുടെ വികസനത്തിന് ഈ റോഡ് ഉപകരിക്കും.
- മനക്കൊടി - വെളുത്തൂർ അകംപാടം റോഡ് ഗതാഗതയോഗ്യമാക്കുക. ഈ റോഡ് മനക്കൊടി, വെളുത്തൂർ പ്രദേശങ്ങളിലെ കൃഷി വികസനത്തിന് അത്യാവശ്യമാണ്.

VIII. കുന്നത്തങ്ങാടിയിൽ നിന്നും തെക്കോട്ടു തിരിയുന്ന വെളുത്തൂർ റോഡ് സന്നദ്ധ പ്രവർത്തനത്തോടെ വീതി കൂട്ടി ടാർ ചെയ്തതാണ്. വിളക്കുംമാടം കോൾപടവിലാണ് റോഡ് അവസാനിക്കുന്നത്. ഈ റോഡ് കുഴികളായി കിടക്കയാണ്. ഇത് ടാറിംഗ് നടത്തുക. വെളുത്തൂർ റോഡിൻെറ കുന്ന് പരിസരത്ത് നിന്ന് പടിഞ്ഞാറോട്ട് തിരിഞ്ഞുപോകുന്ന റോഡും സന്നദ്ധപ്രവർത്തനത്തിൽ വീതികൂട്ടി ടാറിംഗ് നടത്തിയിട്ടുള്ളതാണ്. ഇതിൻെറ പ്രവർത്തനവുമായി ബന്ധപ്പെട്ട ഒട്ടേറെ പൊതുപ്രവർത്തകർ നിയമനടപടികളെ നേരിട്ടുകൊണ്ടിരിക്കയാണ്.

- വെളുത്തൂർ - പുള്ള് റോഡ് നിർമ്മിക്കുക.
- ജവാൻ കൃഷ്ണൻ സ്മാരക റോഡ്, വിവേകാനന്ദ റോഡ്, എടാലയം റോഡ്, തെക്കെ കോളനി റോഡ്, മാവേലി റോഡ് വിളക്കുംമാടം ശ്രീനാരായണ റോഡ് ഇവ സഞ്ചാരയോഗ്യമാക്കുക.
- പൊതുറോഡുകളിൽ ഇറക്കിവെക്കുന്ന കെട്ടിട നിർമ്മാണ സാമഗ്രികളും മറ്റും എത്രയും പെട്ടെന്ന് നീക്കം ചെയ്യുന്നതിന് ജനപ്രതിനിധികൾ ശ്രദ്ധിക്കണം.

- വെളുത്തൂർ റോഡിനേയും മനക്കൊടി റോഡിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന ലിങ്ക് റോഡാണ് തച്ചംപിള്ളി റോഡ്. കുന്നത്തങ്ങാടിയ്ക്കും മനക്കൊടി വളവിനും ഇടയ്ക്കു PWD റോഡിൽ ഗതാഗതതടസ്സമുണ്ടാകുമ്പോൾ വാഹനങ്ങളെ തിരിച്ചു വിടുന്നത് ഈ വഴിയ്ക്കാണ്. അതിനാവശ്യമായത്ര വീതിയോ സൗകര്യമോ ഈ റോഡിനില്ല. സന്നദ്ധ പ്രവർത്തനത്തോടെ വീതി കൂട്ടി ടാർ ചെയ്തിട്ടുള്ളതാണ്. ഈ റോഡിനേയും PWD റോഡിനേയും തമ്മിൽ ബന്ധിക്കുന്ന ഒരു വീതി കുറഞ്ഞ റോഡുണ്ട്. ഏക അംഗീകൃത ഹരിജൻ കോളനിയിലൂടെയാണ് ഈ വഴി കടന്നു വരുന്നത്. കോളനിയ്ക്കുള്ളിലെ റോഡിൻെറ ഭാഗങ്ങൾ ടാർ ചെയ്തിട്ടുണ്ട്. വളരെ വീതി കുറവാണ് എല്ലായിടത്തും. ഈ റോഡിനേയും വെളുത്തൂർ മെയിൻ റോഡിനേയും ബന്ധിക്കുന്ന വാട്ടർ ടാങ്കിനടുത്തുകൂടെയുള്ള നീളവും വീതിയും വളരെ കുറഞ്ഞ് ഈ റോഡ് ടാർ ചെയ്തിട്ടുണ്ട്.
- കുന്നത്തങ്ങാടി സെൻററിൽ നിന്നും കുറച്ചു പടിഞ്ഞാറുഭാഗത്തു PWD റോഡിൽ നിന്നു തുടങ്ങുന്ന അരിമ്പൂർ സുബ്രഹ്മണ്യക്ഷേത്രം റോഡ് നിലവിലുണ്ടായിരുന്ന വീതിയിൽ അമ്പലം വരെ ടാർ ചെയ്തതാണ്. അമ്പലത്തിൻെറ തെക്കുഭാഗത്തുകൂടിയുള്ള മൺവഴി വെളുത്തൂർ റോഡുമായി സന്ധിക്കുന്നു. ഈ റോഡും കൊല്ലേരി റോഡ്, സേവന റോഡ് എന്നിവയും ടാറിങ്ങ് നടത്തണം.
- ക്ഷേത്രത്തിനു സമീപത്തു നിന്നും പടിഞ്ഞാറോട്ടു പോകുന്ന വില്ലുകുളം റോഡ് കുളത്തിൻെറ സൈഡിൽ കൂടി വാഹനങ്ങൾ പോകുന്ന രീതിയിൽ വീതി കൂട്ടുകയും അതിനെ കോളിലേക്ക് ഇറങ്ങുന്നതിനു സൗകര്യപ്രദവുമാക്കുക.
- നാലാങ്കല്ല് സെൻററിനു പടിഞ്ഞാറുഭാഗത്തുനിന്നും തെക്കോട്ട് ജവാൻ ആർട്ടസ് ക്ലബ്ബിൻെറ സൈഡിൽ കൂടിയും 9, 10 വാർഡുകളിൽ കൂടി പോയി കൈപ്പിള്ളി മിനി ഇൻറസ്ട്രിയൽ റോഡിൽ ചേരുന്ന എഴുത്തശ്ശൻ റോഡ് ഏറ്റവും കൂടുതൽ ജനവാസമുള്ള പ്രദേശത്തുള്ളതാണ്. ഈ റോഡ് അടുത്ത കാലത്ത് നിലവിലുള്ള വീതിയിൽ മെറ്റൽ വിരിച്ചിട്ടുണ്ട്. 1970-75 കാലഘട്ടത്തിൽ ഒരു കലാ-സാംസ്ക്കാരിക സംഘടനയുടെ നേതൃത്വത്തിൽ പൂർണ്ണമായും സന്നദ്ധ പ്രവർത്തനത്തോടെ വീതി കൂട്ടിയെങ്കിലും ഏതാനും ചിലരുടെ നിസ്സഹകരണം ചിലയിടങ്ങളിൽ വീണ്ടും വീതി കുറയുന്ന സ്ഥിതിയുണ്ടായി. ഈ റോഡിന് 2 റിംഗ് റോഡുകളും PWD റോഡിന് സമാന്തരമായി 3 ലിങ്ക് റോഡുകളുമുണ്ട്.
- എഴുത്തശ്ശൻ റോഡിനെ വീതികൂട്ടുന്നതിന് സമ്മർദ്ദം ചെലുത്തുകയും വീതി കൂട്ടി ടാറിംഗ് ചെയ്യുക.
- ഈ റോഡിൻെറ ഏറ്റവും കിഴക്കു ഭാഗത്തുള്ള റിംഗ് റോഡിനെ നിലവിലുള്ള ഇറിഗേഷൻ കനാൽ സൈഡിൽ കൂടി റോഡു തുറക്കുകയും അതിനെ വില്ലുകുളത്തിൻെറ പടിഞ്ഞാറുവശത്തുകൂടി നിർദ്ദേശിച്ചിരിക്കുന്ന വഴിയുമായി ബന്ധിപ്പിക്കുകയും വാഹന ഗതാഗതത്തിനനുയോജ്യവുമാക്കുക.
- എഴുത്തശ്ശൻ റോഡിൻെറ മറ്റു റിംഗ് റോഡുകളും ലിങ്ക് റോഡുകളും വീതികൂട്ടി ടാറിംഗ് നടത്തുക. മേൽ പറഞ്ഞ റിംഗ് റോഡുകൾ പാടത്തേക്ക് ഇറങ്ങുന്നിടത്ത് വാഹനം കടക്കുന്നതിനുള്ള സൗകര്യമുണ്ടാക്കണം. മുൻ സൂചിപ്പിച്ച വഴി കൂടാതെ മറ്റൊരു ചെറിയ റോഡുകൂടി പാടത്തേക്ക് തുറക്കേണ്ടതുണ്ട്.
- ഉഷാ മാച്ചുവർക്സിനും അഗ്രോ ഇൻഡസ്ട്രീസിനും മദ്ധ്യേ കൂടി തെക്കോട്ടു പോകുന്ന എഴുത്തശ്ശൻ റോഡിൻെറ മറ്റൊരു ലിങ്ക് റോഡ് തുടക്കത്തിൽ സാമാന്യം വീതിയുണ്ടെങ്കിലും ചിലയിടത്ത് വീതി കുറവും വെള്ളം ഒഴുകിപോകാതെ കെട്ടി നില്ക്കുന്നുമുണ്ട്. ഈ റോഡ് ടാറിംഗ് നടത്തുന്നതിന് ബ്ലോക്കിൻെറ പ്രത്യേക ഫണ്ട് അനുവദിച്ചിട്ടുണ്ട്. മേൽ പറഞ്ഞ പ്രശ്ന പരിഹരിക്കാതെ ടാറിംഗ് നടത്തിയിട്ട് പ്രയോജനമില്ല.
- അരിമ്പൂർ സെൻററിനു കിഴക്കുവശത്ത് തെക്കോട്ടു പോകുന്ന കൈപ്പിള്ളി റോഡ് വീതി കൂട്ടി ടാറിംഗ് ചെയ്തിട്ടുള്ളതാണ്. കൈപ്പിള്ളി കളരി ക്ഷേത്രത്തിലേക്കും മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലേക്കും 2 ചെറു വ്യവസായ യൂണിറ്റുകളിലേക്കുമുള്ള റോഡാണിത്.
- ഈ റോഡ് കോൾ ബണ്ടു വഴി എറവ് റോഡുമായി സന്ധിക്കുന്നുണ്ട്. ഈ റോഡിൻെറ പ്രാധാന്യം മുമ്പ് സൂചിപ്പിച്ചിട്ടുണ്ട്.
- 9 - 3 വാർഡുകളുടെ പ്രദേശത്തുകൂടിയുള്ള കൈപ്പിള്ളി റിംഗ് റോഡ് വീതികൂട്ടി ടാറിംഗ് ചെയ്തിട്ടുള്ളതാണ്.

- കൈപ്പിള്ളി റോഡിൻെറ ഒട്ടേറെ ഉപവഴികൾ കോൾ നിലങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നുണ്ടെങ്കിലും പരിസരവാസികളിൽ ചിലർ കയ്യേറിയതുമൂലം വഴി അടഞ്ഞോ സഞ്ചാരയോഗ്യമല്ലാതെയോ കിടക്കുന്നു.
- പഞ്ചായത്ത് രേഖകളിൽ കാണാഞ്ഞതും എന്നാൽ പഞ്ചായത്തിൽ ലയിച്ചിട്ടുള്ളതും ഉപയോഗിച്ചുവരുന്നതുമായ മുഴുവൻ റോഡുകളുടേയും വികസനവും സംരക്ഷണവും ഉറപ്പുവരുത്തേണ്ടതാണ്.
- കോൾ നിലങ്ങൾക്കടുത്തുകൂടി പോകുന്നതും എന്നാൽ തുറക്കാത്തതുമായ റോഡുകളെ കൃഷി ആവശ്യം പരിഗണിച്ചുകൊണ്ട് ഫാം റോഡുകളാക്കി മാറ്റുകയും വാഹനങ്ങൾക്ക് സഞ്ചാരയോഗ്യവുമാക്കി തീർക്കേണ്ടതുമാണ്.
- എറവ് - കൈപ്പിള്ളി - വെളുത്തൂർ - മനക്കൊടി എന്നീ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന കോൾ ബണ്ടുകൾ ഉള്ളിടത്ത് അവ വീതികൂട്ടി ബലപ്പെടുത്തിയും ഇല്ലാത്തിടത്ത് പുതിയവ ബലവത്തായി നിർമ്മിച്ചും വാഹനഗതാഗതത്തിന് അനുയോജ്യമാക്കുകയും ചെയ്തുകൊണ്ട് കൃഷിമേഖലയിൽ വലിയ തോതിലുള്ള വാഹനഗതാഗതമുണ്ടാക്കുന്നതിൻെറ ഭാഗമായി കൃഷിയും ഈ പ്രദേശങ്ങളുടെ വികസനവും ത്വരിതപ്പെടുന്നതിന് സഹായകരമാകും. ഇതു പ്രാവർത്തികമാക്കുന്നതിന് ബ്ലോക്കു പഞ്ചായത്ത് പദ്ധതി ആവിഷ്ക്കരിക്കണം. അതേ സമയം ഈ റോഡിൽ കൂടിയും മനക്കൊടി റോഡുമായി ബന്ധപ്പെട്ടുകൊണ്ട് വാഹനഗതാഗതത്തെ മുൻനിർദ്ദേശിച്ചിട്ടുള്ള കിഴക്കുംപുറം എൽത്തുരുത്ത് റോഡുവഴി തിരിച്ചുവിടുന്നതിന് കഴിയും.
- PWD റോഡിൻെറ വടക്കുഭാഗത്തുള്ള അരിമ്പൂർ പള്ളി റോഡ്, കുണ്ടിലകടവ് റോഡ്, പരയ്ക്കാട് റോഡ്, കായൽ റോഡ്, ഐനിക്കൽ റോഡ്, എൻ. ഐ. ദേവസിക്കുട്ടി സ്മാരകറോഡ്, പള്ളി ശ്മശാനം റോഡ്. തേമാലിപ്പുറം റോഡ് ഇവ തമ്മിൽ ബന്ധിപ്പിക്കുന്ന വീതി കുറഞ്ഞ റോഡുകൾ (NID - ശ്മശാനം റോഡുകളെ ബന്ധിപ്പിക്കുന്നതിന് പുതിയ റോഡിനെ നിർദ്ദേശിച്ചിട്ടുണ്ട്.) നിലവിലുണ്ട്. ഈ റോഡുകളെ 8 മീറ്റർ വീതിയാക്കി ടാർ ചെയ്ത് PWD റോഡിന് സമാന്തരമായി റോഡാക്കി മാറ്റാൻ കഴിയും. അതിനുവേണ്ടി ജനകീയ സഹകരണത്തോടു കൂടിയ പദ്ധതി ആവിഷ്ക്കരിക്കണം.
- ടാർ ചെയ്തതും അല്ലാത്തതുമായ നമ്മുടെ പഞ്ചായത്തിലെ മുഴുവൻ റോഡുകളിലും വെള്ളം ഒഴുകുന്നതിനാവശ്യമായ തോടുകൾ ഇല്ല. അതുകൊണ്ടു തന്നെ വെള്ളം കെട്ടി നിന്നും റോഡിൽ കൂടി ഒഴുകിയും റോഡുകൾ പൊട്ടിപൊളിയുന്നതിനു കാരണമാകുന്നുണ്ട്. എല്ലാ റോഡുകളിലും വെള്ളചാലുകൾ കെട്ടണം.
- പഞ്ചായത്തു റോഡുകളിൽ കയ്യേറ്റം തടയുന്നതിനും റോഡ് സംരക്ഷണത്തിനും നിരീക്ഷണത്തിനുമായി അതതു വാർഡു മെമ്പർമാരുടെ നേതൃത്വത്തിൽ ജനകീയ സമിതികൾക്ക് രൂപം നൽകുക.
- നമ്മുടെ പഞ്ചായത്തു റോഡുകൾ വീതികൂട്ടിയതുമൂലം പല വഴികളിലും ഇലക്ട്രിക് പോസ്റ്റുകൾ റോഡിൻെറ മദ്ധ്യത്തിൽ നില്ക്കുന്നു. അത്തരത്തിലുള്ള മുഴുവൻ കാലുകളും സൈഡിലേക്ക് മാറ്റി സ്ഥാപിച്ചുകൊണ്ട് റോഡ് തടസ്സം ഒഴിവാക്കണം.
- കുണ്ടിലകടവ് റോഡിൻെറ ഉപവഴിയായിട്ടുള്ള എഴുത്തശ്ശൻ റോഡ് ചേറ്റുപുഴ പടിഞ്ഞാറെ കോൾപടവിലേക്കാണ് ചെല്ലുന്നത്. കോൾ നിലത്തിൽ കൂടി ബണ്ടിട്ട് അതിനെ ചേറ്റുപുഴയിലേക്ക് KLDC ബണ്ടിൽ നിന്നു കടക്കുന്നതിനു നിർമ്മിച്ചിട്ടുള്ള പാലവുമായി ബന്ധിപ്പിക്കുകയും അതിനെ ഗതാഗതയോഗ്യവുമാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് പദ്ധതി ആവിഷ്ക്കരിക്കുക.
- അരിമ്പൂർ - അടാട്ട് പഞ്ചായത്തുകളെ പരസ്പരം ബന്ധിപ്പിക്കുന്നതിനാവശ്യമായ ഒരു കോൾ ബണ്ടു റോഡ് നിർമ്മിക്കുക. കോൾപടവുകളിൽ ഇന്നു നിലവിലുള്ളതും പണി നടന്നു വരുന്ന ഒട്ടേറെ ചെറുബണ്ടുറോഡുകളുണ്ട്. ഇവയെ കൂടി ഉൾപ്പെടുത്തികൊണ്ട് കൃഷി ആവശ്യത്തിനടക്കമുള്ള അത്യാവശ്യവാഹനങ്ങൾക്ക് സഞ്ചരിക്കുന്നതിനനുയോജ്യമായ രീതിയിലുള്ള റോഡ് നിർമ്മിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് മുൻകൈ എടുക്കണം.

റോഡുകൾ സംബന്ധിച്ച വിവരങ്ങൾ (നീളം) കി. മീ.

| വാർഡ് | പക്ക | മെറ്റൽ | ടാർ | ആകെ |
|---|---|---|---|---|
| I | 2.500 | | 1.500 | 4.000 |
| II | 1.600 | | 1.400 | 3.000 |
| II | 2.000 | | 1.200 | 3.200 |
| IV | 6.200 | | 1.400 | 7.600 |
| V | 2.680 | | 1.500 | 4.180 |
| VI | 4.600 | | 3.600 | 8.200 |
| VII | 1.800 | | 1.500 | 3.300 |
| VIII | 2.410 | 150 | 4.300 | 6.860 |
| IX | 2.760 | 750 | .500 | 4.010 |
| X | 2.210 | | 1.200 | 3.410 |
| | **28.760** | **900** | **18.100** | **47.760** |

PWD Road : 5.5 K.M.

## ഊർജ്ജം

ഊർജ്ജ ഉപഭോഗം ഗാർഹികം, വാണിജ്യം, വ്യവസായം എന്നീ മൂന്നു മേഖലയിലാണ് പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത്. ഗാർഹിക ഉപഭോഗമാണ് നമ്മുടെ പഞ്ചായത്തിൽ പ്രധാനമായുള്ളത്. അതിൽ ഏറിയ പങ്കും പരമ്പരാഗത രീതിയിൽ വിറകിനെയാണ് ആശ്രയിക്കുന്നത്. തെങ്ങിൻെറ ഉൽപന്നങ്ങളും മറ്റു വൃക്ഷ വിറകുകളും ഭക്ഷണം പാകം ചെയ്യുന്നതിനും മറ്റും ഉപയോഗിക്കുന്നു. നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ വിറകിനു വേണ്ടി മുൻകാലങ്ങളിൽ ആശ്രയിച്ചിരുന്ന ഒന്നാണ് തീപ്പെട്ടി കമ്പനികൾ. അവയ്ക്കുവേണ്ട പാഴ്മരങ്ങളുടെ ലഭ്യത കുറവ് ആ വ്യവസായം ഏറെ കുറെ ഇല്ലാതായി. മരങ്ങളുടെ എണ്ണത്തിൽ വന്നുകൊണ്ടിരിക്കുന്ന വമ്പിച്ച കുറവ് വിറക് ലഭ്യത കുറഞ്ഞുവരുന്നതിന് കാരണമായിട്ടുണ്ട്. ഒരു മരം മുറിച്ചു മാറ്റിയാൽ പകരമായി ഒന്നെങ്കിലും നട്ടുവളർത്തുന്നതിന് നാം തയ്യാറാകുന്നില്ല. സാമൂഹ്യ വനവൽക്കരണത്തിൽ കൂടി വിറകുക്ഷാമം പരിഹരിക്കുന്നതിന് ഒരു പരിധിവരെ കഴിയും. ഒല്ലൂർ മേഖലയിൽ നിന്നുവരുന്ന വിറകും മരപ്പെട്ടിയുമാണ് നമ്മുടെ പഞ്ചായത്തിലെ നല്ലൊരു വിഭാഗം സാധാരണക്കാരായ വീടുകളിൽ ഉപയോഗിച്ചു വരുന്നത്. തെങ്ങുൽപ്പന്നങ്ങളായ ചകിരി, ചിരട്ട, ഓല മുതലായവയാണ് പ്രധാനമായും ആശ്രയിക്കുന്ന മറ്റൊരിനം.

പഴയ രൂപത്തിലുള്ള അടുപ്പുകളാണ് നമ്മുടെ പ്രദേശങ്ങളിലെ വീടുകളിലുള്ളത്. ഇത്തരം അടുപ്പുകളിലെ ഉപയോഗം മൂലം ഉപയോഗിക്കുന്ന ഇന്ധനത്തിൻെറ മുക്കാൽ ഭാഗം ഊർജ്ജവും പാഴായിപോകുന്നു. ഇതു പരിഹരിക്കുന്നതിന് പുകയില്ലാത്ത അടുപ്പുകൾക്കു ഒരു പരിധിവരെ കഴിയും. വളരെ വിരളമായി മാത്രമാണ് പുകയില്ലാത്ത അടുപ്പുകൾ ഉള്ള വീടുകൾ ഉള്ളത്.

ഇത്തരത്തിലുള്ള ദക്ഷത കൂടിയ അടുപ്പുകൾ ഉപയോഗിക്കുന്നതിന് ബൃഹത്തായ ബോധവൽക്കരണവും പ്രചരണവും ആവശ്യമാണ്. ക്ഷമത കൂടിയ അടുപ്പകൾ ഉപയോഗിക്കുന്നതിന് ജനങ്ങളിൽ വമ്പിച്ച രീതിയിൽ സമ്മർദ്ദം ചെലുത്തുന്നതിന് സന്നദ്ധ സാംസ്ക്കാരിക സംഘടനകളുടെ സഹായത്തോടെ ഗ്രാമപഞ്ചായത്ത് ഭരണ സമിതി മുൻകയ്യെടുക്കണം. ദക്ഷത കൂടിയ അടുപ്പുകൾ നമ്മുടെ പഞ്ചായത്തിൽ ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികളുണ്ടാകണം.

മണ്ണെണ്ണ ഉപയോഗിച്ച് കത്തിക്കുന്ന തിരി - എയർ സ്റ്റൗകൾ മാർക്കറ്റിൽ സുലഭമായി ലഭ്യമാണ്. നല്ലൊരു ശതമാനം വീടുകളിലും ഒരു മണ്ണെണ്ണ സ്റ്റൗ എങ്കിലും ഉണ്ടായിരിക്കും. പക്ഷെ മണ്ണെണ്ണയുടെ ലഭ്യത കുറവ് ജനങ്ങളുടെ ഈ ഒരു ആശ്രയം ഇല്ലാതാക്കുന്നു. പുതിയ പെർമിറ്റുകൾ അനുവദിക്കാത്തതും ഉള്ളതിലെ തന്നെ അളവ് വെട്ടി കുറച്ചതും ഒരു പ്രശ്നമാണ്. നമ്മുടെ രാജ്യത്തെ ഇന്ധനകമ്മിയാണിതിനു കാരണം.

ഇടത്തരക്കാരായ കുറെ വീടുകളിൽ പാചക ഗ്യാസ് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടും കാലതാമസവും ജനങ്ങളെ ഇതിലേക്കാകർഷിക്കുന്നില്ല. എങ്കിലും അപേക്ഷിച്ച് കാത്തിരിക്കുന്നവരുടെ എണ്ണം നമ്മുടെ പഞ്ചായത്തിൽ ധാരാളമായി കാണാം. തൃശൂരിലും പരിസരത്തുമുള്ള ഏജൻസികളിൽ നിന്നാണ് ഇവിടെ പാചക ഗ്യാസ് ലഭിക്കുന്നത്. നമ്മുടെ പഞ്ചായത്തിൽ ഏജൻസി ഇല്ല. പാചകഗ്യാസ് അടുപ്പ്, പ്രഷർ കുക്കർ പോലുള്ള ഉപകരണങ്ങൾ വാങ്ങിക്കുന്നതിനും നമ്മുടെ പഞ്ചായത്തിലെ ഭൂരിപക്ഷം വീടുകൾക്കും സാമ്പത്തികമായി ശേഷിയില്ലാത്തവരാണ്.

നമ്മുടെ പഞ്ചായത്തിൽ വളരെ സാധ്യതയുള്ള ഒന്നാണ്. ബയോഗ്യാസ് പ്ലാൻറുകൾ. മൃഗപരിപാലനം സാമാന്യമായി നല്ല രീതിയിലുള്ള നമ്മുടെ പഞ്ചായത്തിൽ ലഭിക്കുന്ന ചാണകത്തിൽ ഭൂരിപക്ഷവും മറ്റു പ്രദേശങ്ങളിലേക്കാണ് പോകുന്നത്. ബയോഗ്യാസ് പ്ലാൻറുകളെ കുറിച്ച് നമ്മുടെ ജനങ്ങൾ ബോധവാന്മാരല്ല. സാധ്യമായ കുടുംബങ്ങളെ ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിനുള്ള ബോധവൽക്കരണവും സമ്മർദ്ദങ്ങളും സഹായങ്ങളും ആവശ്യമാണ്.

ഗാർഹിക ഉപയോഗത്തിൽ വിളക്കുകൾ പ്രകാശിപ്പിക്കുന്നതിനും ഫാൻപോലുള്ളവയുടെ പ്രവർത്തനത്തിനുമാണ് വിദ്യുച്ഛക്തി പ്രധാനമായും ഉപയോഗിക്കുന്നത്. വോൾട്ടേജ് കുറവ് കാര്യമായി അനുഭവപ്പെടുന്ന പ്രദേശമാണ് നമ്മുടേത്. അതുകൊണ്ട് വൈദ്യുതീകരിച്ച വീടുകളിൽപോലും മണ്ണെണ്ണ വിളക്കുകൾ കത്തിക്കേണ്ട അവസ്ഥയുണ്ട്. സ്റ്റെബിലൈസർപോലുള്ള ഉപകരണങ്ങളുടെ ഉപയോഗം വോൾട്ടേജ് പ്രശ്നത്തെ കൂടുതൽ രൂക്ഷമാക്കുന്നുണ്ട്.

ഹോട്ടലുകളടക്കമുള്ള വാണിജ്യ ആവശ്യത്തിനും ആവശ്യമായി വരുന്ന ഊർജ്ജം ഏറെകുറെ ഗാർഹിക ആവശ്യങ്ങൾ നിറവേറ്റുന്ന രീതിയിൽ തന്നെയാണ്. ചെറുകിട വാണിജ്യ സ്ഥാപനങ്ങളും ഹോട്ടലുകളും മാത്രമാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. രാത്രി സമയം പൂർണ്ണമായും പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങൾ പഞ്ചായത്തതിർത്തിയിലില്ല. A/C പോലുള്ള യന്ത്രങ്ങൾ പ്രവർത്തിക്കുന്ന ഒരു ബാർ ഹോട്ടൽ മാത്രമാണുള്ളത്.

വ്യവസായിക ആവശ്യത്തിനായി ഉപയോഗിക്കുന്ന ഊർജ്ജം മുഴുവൻ തന്നെ വിദ്യുച്ഛക്തിയാണ്. ചെറുവ്യവസായ സ്ഥാപനങ്ങളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. ജനറേറ്റർപോലുള്ള ഉപകരണങ്ങളുള്ള സ്ഥാപനങ്ങൾ വളരെ കുറവാണ്.

വിദ്യുച്ഛക്തി ഉപയോഗിക്കുന്ന മറ്റൊരു മേഖലയാണ് കൃഷി. പ്രധാനമായും നെൽകൃഷിക്കാണ് ആവശ്യമായി വരുന്നത്. കോൾപടവുകളുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന പമ്പ് സെറ്റുകൾക്കാവശ്യമായ വിദ്യുച്ഛക്തി സൗജന്യമാണ്. നാമമാത്രമായുള്ള ഇറിഗേഷൻ ജലസേചനത്തിനും വിദ്യുച്ഛക്തി ഉപയോഗിക്കുന്നു.

ഒട്ടേറെ പോരായ്മകൾ വിദ്യുച്ഛക്തി വിതരണത്തിൽ നമ്മുടെ പഞ്ചായത്തിൽ നിലനില്ക്കുന്നുണ്ട്. വൈദ്യുതി ലൈൻ ഇല്ലാത്ത വഴികൾ ധാരാളമുണ്ട്. കുറെ പ്രദേശങ്ങളിൽ ലൈൻ എത്തിയിട്ടുള്ളതു തന്നെ ഉപഭോക്താക്കൾ ചിലവു വഹിച്ചുകൊണ്ടാണ്.

അപേക്ഷിച്ചിട്ടും കണക്ഷൻ ലഭിക്കുന്നതിന് കാലങ്ങളോളം കാത്തിരിക്കേണ്ടിവരുന്നതും മറ്റും സംസ്ഥാനത്താകെയുള്ള പ്രശ്നമാണ്. വിദ്യുച്ഛക്തി കമ്മി പരിഹരിക്കുന്നതിലൂടെ മാത്രമെ ഇത്തരം പ്രശ്നങ്ങൾക്കും പരിഹാരമാകൂ.

കെ. എസ്. ഇ. ബി. അരിമ്പൂർ സെക്ഷൻ ആഫീസിൽ നിന്നും ലഭിച്ച വിവരമാണ് മറുപുറത്ത് ചേർത്തിരിക്കുന്നത്.

| | | |
|---|---|---|
| സെക്ഷൻ ആഫീസിൽ പ്രതിമാസ വരുമാനം | 2,43,751 | രൂപ |
| ഇലക്ട്രിക് ലൈൻ പഞ്ചായത്തിൽ 18 സ്ക്വയർ കിലോമീറ്റർ വ്യാപിച്ചുകിടക്കുന്നു. | | |
| മൊത്തം കണക്ഷനുകൾ | 6031 | |
| കണക്ഷൻ കൊടുക്കാനുള്ളത് | | |
| a. (പോസ്റ്റ് ഉള്ളവ) (20-9-93 മുതൽ കൊടുക്കണം) | 99 | |
| b. പോസ്റ്റ് ഇല്ലാത്തത് (4-2-94 മുതൽ കൊടുക്കണം) | 216 | |
| കൃഷി ആവശ്യത്തിന് | | |
| പോസ്റ്റ് ഉള്ളത് | 31 | 28-9-95 |
| പോസ്റ്റ് ഇല്ലാത്തത് | 8 | മുതൽ കൊടുക്കണം |
| OYCE കണക്ഷൻ കൊടുക്കാനുള്ളത് | | |
| പോസ്റ്റ് ഉള്ളത് | 17 | |
| പോസ്റ്റ് ഇല്ലാത്തത് | 69 | |
| വൈദ്യുതി ചാർജ് അടക്കാത്ത കണക്ഷൻ (NPG) | 418 | |
| സ്ലാബ് 3 മുതൽ 8 വരെയുള്ള കണക്ഷൻ | 1165 | |
| കടകളും സർക്കാർ സ്ഥാപനങ്ങളും | 326 | |
| വ്യവസായ കണക്ഷൻ | 93 | |
| 100 യൂണിറ്റിൽ കൂടുതൽ ഉപയോഗിക്കുന്നത് | 123 | എണ്ണം |
| വഴിവിളക്കുകൾ - ബൾബ് | 721 | |
| ട്യൂബ് | 36 | |
| ട്രാൻസ്ഫോർമറുകൾ | 39 | എണ്ണം |
| ലൈനുകളുടെ നീളം | | |
| 11 കെ. വി. ലൈൻ | 25.978 | കിലോമീറ്റർ |
| എൽ. ടി. 3 ഫെയ്സ് ലൈൻ | 29.495 | കി. മീ. |
| എൽ. ടി. " 5 കമ്പി | 39.115 | കി. മീ. |
| " 3 കമ്പി1.03 | കി. മീ. | |
| എൽ. ടി. സിംഗിൾ ഫെയ്സ് 2 കമ്പി ലൈൻ | 29.95 | കി. മീ. |

വൈദ്യുതി വിതരണരംഗത്തുള്ള പ്രശ്നങ്ങൾക്ക് അടിയന്തിരമായും നടപ്പാക്കേണ്ട നിർദ്ദേശങ്ങളാണ് താഴെ കൊടുക്കുന്നത്.

1. നെൽകൃഷി കേന്ദ്രീകരിച്ചിരിക്കുന്ന നമ്മുടെ പഞ്ചായത്തിൽ കൃഷി ഇറക്കുന്ന സമയത്തുണ്ടാകുന്ന കറൻറ് കട്ട് ഒട്ടേറെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. ഇതിനു പരിഹാരം കാണുന്നതിന് കോൾ മേഖലയ്ക്ക് മാത്രമായി ഒരു പ്രത്യേക ഫീഡർ സ്ഥാപിക്കുകയും അതിൻെറ പ്രവർത്തനം ഒരു പ്രത്യേക യൂണിറ്റിൻെറ കീഴിലാക്കുകയും ചെയ്യുക.

2. വൃക്ഷങ്ങളും മറ്റും ലൈനുകളിൽ തട്ടിയുണ്ടാകുന്നതും മറ്റും വിധത്തിലുള്ള പ്രസരണനഷ്ടം ഒഴിവാക്കുന്നതിന് കാലാകാലങ്ങളിൽ കമ്പികളിൽ തട്ടുന്ന വൃക്ഷങ്ങൾ മുറിച്ചുമാറ്റുകയും പഴയ കമ്പികൾ മാറ്റി പുതിയ കമ്പികൾ ഇടുക. കരപ്രദേശത്തേക്കുള്ള ലൈനുകൾ പ്രധാനമായും കോൾ നിലങ്ങളിൽ കൂടിയാണ്. അവ റോഡുകളിലേക്കും കോൾ ബണ്ടുകളിലേക്കും മാറ്റിസ്ഥാപിക്കുക.

3. ഇലക്ട്രിസിറ്റി ആഫീസുകൾ കേന്ദ്രീകരിച്ച് ജനകീയ സമിതികൾ രൂപീകരിക്കുകയും അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യുക.

4. പഞ്ചായത്തിൽ അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ഒളരിക്കരയിലും ചേർപ്പിലും 66 കെ. വി. സബ്ബ് സ്റ്റേഷനുകൾ യുദ്ധകാലാടിസ്ഥാനത്തിൽ സ്ഥാപിക്കുകയും നമ്മുടെ പഞ്ചായത്തിലെ ലൈനുകൾ അവയുമായി ബന്ധിപ്പിക്കുകയും ചെയ്യുക.

5. വളരെ അത്യാവശ്യമായ കേന്ദ്രങ്ങളിൽ നിലവിലുള്ളവയ്ക്കു പുറമെ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

6. വഴിവിളക്കുകൾ ഇലക്ട്രിക് വിളക്കുകൾക്കു പകരം ജനകീയ സഹകരണത്തോടെ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്ത് മുൻകൈ എടുക്കണം.

7. വൈദ്യുതി ലൈൻ ഇല്ലാത്ത വഴികളിൽ അവ എത്തിക്കുകയും വ്യാപകമായി തന്നെ വഴിവിളക്കുകൾ സ്ഥാപിക്കുന്നതിനും ഗ്രാമപഞ്ചായത്ത് തയ്യാറാകണം. പ്രധാന കവലകളിലും പ്രധാന റോഡുകളിലും ബൾബുകൾക്കു പകരം ട്യൂബുകൾ സ്ഥാപിക്കുക. വഴിവിളക്കുകൾ കൃത്യമായി പ്രകാശിപ്പിക്കുകയും രാവിലെ തന്നെ കെടുത്തുകയും ചെയ്യുക. പല വഴികളിലും സ്ഥിരമായി പ്രകാശിക്കുന്നതായി കണ്ടുവരുന്നു.

8. അരിമ്പൂർ പഞ്ചായത്തിലെ മുഴുവൻ പ്രദേശത്തേയും പ്രവർത്തനം അരിമ്പൂർ സെക്ഷൻ ആഫീസിനു കീഴിൽ കൊണ്ടുവരിക. ഇപ്പോൾ എറവ് സ്കൂൾ മുതൽ പടിഞ്ഞാറു ഭാഗം കണ്ടശ്ശാംകടവ് സെക്ഷൻ ആഫിസിനു കീഴിലാണ്.

അരിമ്പൂർ സെക്ഷൻ ആഫീസിന് K.S.E.B. സ്വന്തമായ സ്ഥലവും കെട്ടിടവും കണ്ടെത്തി സെക്ഷൻ ആഫീസിൻെറ പ്രവർത്തനം സുസ്ഥിരപ്പെടുത്തുക. ഗാർഹിക - വാണിജ്യ ആവശ്യത്തിനുള്ള ഊർജ്ജം ലഭിക്കുന്നതിനും ലഭിക്കുന്നതിനുമായി താഴെ പറയുന്ന നിർദ്ദേശങ്ങൾ:-

1. സൗരോർജ്ജ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് ജനങ്ങളിൽ ബോധവൽക്കരണം സംഘടിപ്പിക്കുക. ഇതിന് സാംസ്ക്കാരിക - സാമൂഹ്യ - സന്നദ്ധ സംഘടനകളുടെ സേവനം സംഘടിപ്പിക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതി പദ്ധതി തയ്യാറാക്കുക.

2. കുറഞ്ഞ വോൾട്ടേജിൽ പ്രവർത്തിക്കുന്ന ഇലക്ട്രോണിക് ചോക്കുകൾ, ഇന്ധന ക്ഷമത കൂടിയ അടുപ്പകു തുടങ്ങി അനർട്ടിൻെറ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിന് അനർട്ടിൻെറ ഒരു വിപണനകേന്ദ്രം അരിമ്പൂർ തുറക്കുന്നതിന് ആവശ്യമായ നടപടി എടുക്കണം. ഇവ ഉപയോഗിക്കുന്നതിനാവശ്യമായ ജനബോധവൽക്കരണവും സമ്മർദ്ദവും സംഘടിപ്പിക്കണം. ഇത്തരം ഉപകരണങ്ങൾക്ക് സബ്സിഡി ഉദാരമാക്കുകയും ആവശ്യമാണ്.

3. ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് ശക്തമായ പ്രചരണവും സമ്മർദ്ദങ്ങളും സഹായങ്ങളും സംഘടിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. മൃഗപരിപാലനം ഉള്ള 75% വീടുകളിലെങ്കിലും ഇവ സ്ഥാപിക്കുക വഴി

വളരെയേറെ ഇന്ധനം അതുവഴി ലഭ്യമാകും. ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.

4. പഞ്ചായത്തിൽ L.P.G. ഗ്യാസ് ഏജൻസി അനുവദിച്ചുകിട്ടുന്നതിനായുള്ള സമ്മർദ്ദം ചെലുത്തുക.

5. സോളാർ ലാംപുകൾക്ക് പ്രചാരണം നൽകുക.

## തെരുവ് വിളക്കുകളെ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | ബൾബ് | ട്യൂബ് |
|---|---|---|
| I<br>II<br>III<br>IV<br>V<br>VI<br>VII<br>VIII<br>IX<br>X | 721 | 36 |
| ആകെ | **721** | **36** |

# പാർപ്പിടം, സാമൂഹ്യക്ഷേമം

കേരളത്തിന്റെ സാംസ്ക്കാരിക തലസ്ഥാനമായ തൃശൂർ ജില്ലയിലാണ് അരിമ്പൂർ ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. തൃശൂർ പട്ടണത്തിൽ നിന്നും ഏകദേശം 8 കി. മീ. ദൂരം മാത്രമാണ് അരിമ്പൂർ ഗ്രാമപഞ്ചായത്തിലേക്കുള്ളത്. എറവ്, പരയ്ക്കാട്, വെളുത്തൂർ, മനക്കൊടി എന്നീ നാലു വില്ലേജുകൾ ഉൾപ്പെട്ടതാണ് നമ്മുടെ പഞ്ചായത്ത്. ഏകദേശം 28,000-ത്തോളം ജനങ്ങൾ ഇവിടെ താമസിക്കുന്നു. പഞ്ചായത്തിൽ മൊത്തം 5551 വീടുകളാണ് ഉള്ളത്. ഇതിൽ 3875 ഓടിട്ട വീടുകളും 1204 ടെറസ്സ് വീടുകളും 472 ഓലമേഞ്ഞ വീടുകളുമാണ്. സർക്കാർ സഹായത്തോടുകൂടി ലക്ഷം വീട് പദ്ധതിയിൽ ഉൾപ്പെടുത്തി എറവ്, അരിമ്പൂർ, വെളുത്തൂർ, കിഴക്കെ പരയ്ക്കാട്, കൈപ്പിള്ളി എന്നീ പ്രദേശങ്ങളിലായി 100 വീടുകൾ ഉണ്ട്. കിഴക്കെ പരയ്ക്കാട്, പടിഞ്ഞാറെ പരയ്ക്കാട്, മനക്കൊടി, തച്ചംപ്പിള്ളി എന്നീ പ്രദേശങ്ങളിലായി 100 കുടുംബങ്ങൾ പഞ്ചായത്തിൽ 4 സെൻറ് ഭൂമി അനുവദിച്ചുകൊടുത്തിട്ടുണ്ട്.

അരിമ്പൂർ ഗ്രാമപഞ്ചായത്തിൽ കണക്കനുസരിച്ച് 29 സെറ്റിൽമെൻറ് കോളനികൾ നിലനിൽക്കുന്നുണ്ട്. സമീപ പഞ്ചായത്തുകളിൽ നിന്നും ജനസാന്ദ്രത ഒട്ടും പുറകിലുള്ള പഞ്ചായത്തല്ല ഇത്.

പഞ്ചായത്തിലെ മൊത്തം വീടുകളിൽ 70 ശതമാനത്തോളം വരുന്ന ഓടു മേഞ്ഞ വീടുകളിൽ 15 ശതമാനം വീടുകൾ തറ, ചുമർ, മേൽപുര, വിസ്തീർണ്ണം എന്നിവയിൽ അടിയന്തിരമായി മാറ്റം ചെയ്യേണ്ടതും സുരക്ഷിതത്വമില്ലാത്തതുമാകുന്നു.

8 ശതമാനത്തോളം വരുന്ന വീടുകൾ ഓല മേഞ്ഞിട്ടുള്ളതാണ്. ഈ വീടുകൾ തീരെ താമസയോഗ്യമല്ലാത്തതും പുനർനിർമ്മാണം നടത്തേണ്ടവയുമാണ്.

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 5 ശതമാനത്തോളം ജനങ്ങൾ ഭൂരഹിതരും ഭവനരഹിതരുമാണിപ്പോൾ. അരിമ്പൂർ പഞ്ചായത്തിൽ JRY, IRDP തുടങ്ങിയ ഏജൻസി മുഖാന്തിരം മൊത്തം 6 ശതമാനം വീടുകൾ ലഭിച്ചിട്ടുണ്ട്.

പാർപ്പിട പ്രശ്നം വളരെ രൂക്ഷമായ ഈ പഞ്ചായത്തിൽ പ്രശ്നപരിഹാരത്തിന് ഔദ്യോഗിക സംവിധാനം വേണ്ടത്ര തൃപ്തികരമല്ല എന്നത് സത്യം മാത്രമാണ്. ഇതിനായി കൂടുതൽ ഫലപ്രദമായ കൃത്യനിർവ്വഹണത്തിന് ഒരു ജനകീയ സംവിധാനം വളരെ ഗുണകരമായിരിക്കും.

***പൊതുനിർദ്ദേശങ്ങൾ***

1. IRDP സർവ്വെ ലിസ്റ്റിൽ അർഹതയുള്ള നിരവധി കുടുംബങ്ങളെ ഉൾപ്പെടുത്തിയിട്ടില്ല. തന്മൂലം അർഹമായ പല ആനുകൂല്യങ്ങളും അർഹതപ്പെട്ടവർക്ക് നിഷേധിക്കപ്പെടുന്നു. ഇത് പരിഹരിക്കുന്നതിന് വേണ്ടി IRDP സർവ്വെ അടിയന്തിരമായി പുതുക്കണം.
2. ദുർബ്ബല വിഭാഗങ്ങൾക്ക് ഭവനനിർമ്മാണത്തിന് സ്ഥലം അനുവദിക്കുന്ന പദ്ധതി പഞ്ചായത്തിൽ ഫലപ്രദമായി നടപ്പിലാക്കുന്നില്ല. ഈ ന്യൂനത പരിഹരിക്കുന്നതിന്വേണ്ടി പഞ്ചായത്തിൽ നിലനിൽക്കുന്ന വില കൊടുത്ത് ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള ചട്ടങ്ങളിൽ ഭേദഗതി വരുത്തണം.
3. കാർഷിക മേഖലയിൽ നിന്ന് മാത്രം വരുമാനമുള്ള കുടുംബങ്ങൾ ഭവനനിർമ്മാണത്തിന് വായ്പ അനുവദിക്കുമ്പോൾ തിരിച്ചടക്കേണ്ടത് പാദവാർഷികമോ അർദ്ധവാർഷികമോ ആയി നിജപ്പെടുത്തേണ്ടതാണ്.
4. ഭവന നിർമ്മാണ ബോർഡിൽ നിന്ന് നൽകുന്ന വായ്പകളിൽമേലുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുക.

5. പുറമ്പോക്ക് ഭൂമികളിൽ താമസിക്കുന്നവർക്ക് പട്ടയം കൊടുക്കണം.

6. നിർമ്മാണ രംഗത്ത് പരിചയസമ്പന്നരായ തൊഴിലാളികളെ കിട്ടുവാൻ പ്രയാസം നേരിടുന്നു. ഇതു പരിഹരിക്കുവാൻ സർക്കാർ തലത്തിൽ തന്നെ പരിശീലന പദ്ധതി ആവിഷ്ക്കരിക്കേണ്ടതാണ്.

7. പഞ്ചായത്തിൽ ഹൗസിംഗ് സൊസൈറ്റി രൂപീകരിച്ച് പാർപ്പിട പ്രശ്നത്തിന് പരിഹാരം കാണാവുന്നതാണ്.

# സാമൂഹ്യക്ഷേമം

അരിമ്പൂർ പഞ്ചായത്തിൻെറ 80% ആളുകരം കാർഷിക മേഖലയിൽ കൂടി ഉപജീവനമാർഗ്ഗം നടത്തുന്നവരാണ്. രണ്ടുവിധത്തിലുള്ള സാമൂഹ്യക്ഷേമ പദ്ധതികളാണ് പഞ്ചായത്തിൽ ഇപ്പോരം നിലവിലുള്ളത്. ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളും വിവിധ വിഭാഗക്കാർക്കായുള്ള പെൻഷൻ ധനസഹായ പദ്ധതികളും. IRDP സർവ്വെ ലിസ്റ്റ് പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം 1989 ആണ്. പ്രതിവർഷം ശരാശരി 80 കുടുംബങ്ങരംക്ക് മാത്രമെ IRDP പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങരം ലഭിച്ചുകൊണ്ടിരിക്കുന്നുള്ളു. പഞ്ചായത്തിൽ വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, വിധവ പെൻഷൻ, തൊഴിലില്ലായ്മ വേതനം, കർഷക തൊഴിലാളി പെൻഷൻ എന്നിവ ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്. പെൻഷൻ പദ്ധതികളിൽ ഇന്ന് നിലനിൽക്കുന്ന ചട്ടങ്ങരം ലഘൂകരിക്കാതെ അർഹതപ്പെട്ട പലരും ഇന്നും അവശത അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ആയതിനാൽ പെൻഷൻ ചട്ടങ്ങളിൽ ഉടൻ തന്നെ ഭേദഗതി വരുത്തേണ്ടതാണ്. ഇത്തരം പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കേണ്ടതാണ്. വിധവകളുടെ പെൺമക്കളെ വിവാഹം കഴിച്ചയയ്ക്കാൻ നൽകുന്ന സാമ്പത്തിക സഹായവും താഴ്ന്ന വരുമാനക്കാരായ പട്ടികജാതിയിൽ പെടുന്ന പെൺകുട്ടികളുടെ വിവാഹത്തിന് നൽകുന്ന സാമ്പത്തിക സഹായവും ഇന്ന് വിതരണം ചെയ്യുന്നതിൽ കാലതാമസമുണ്ടാകുന്നു. ഈ കാലതാമസം ഒഴിവാക്കി വിവാഹത്തിന് ലഭിക്കാറാക്കണം.

ഈ വിവാഹസഹായപദ്ധതി ആനുകൂല്യം ലഭിക്കുന്നതിന് വിവാഹത്തിന് ചുരുങ്ങിയത് ഒരു മാസം മുൻപെ അപേക്ഷ റവന്യ അധികാരികരംക്ക് കൊടുത്തിരിക്കണമെന്നാണ് വ്യവസ്ഥ. ഇതിന് അധികം പേർക്കും തക്കസമയത്ത് അപേക്ഷ സമർപ്പിക്കാൻ സാധിക്കാറില്ല. ഈ ആനുകൂല്യം അർഹതപ്പെട്ടവർക്ക് ലഭിക്കുവാൻ വിവാഹം കഴിഞ്ഞിട്ടായാലും ഗ്രാമപഞ്ചായത്ത് പ്രസിഡൻറുമാരിൽ നിന്നുള്ള വിവാഹ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കിയാൽ അവർക്ക് ഈ ആനുകൂല്യം ലഭിക്കുവാൻ സാധിക്കുമാറ് നിയമത്തിൽ ഭേദഗതി വരുത്തേണ്ടതാണ്.

കെട്ടിട നികുതി സംബന്ധിച്ച വിവരങ്ങരം

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽ കൂടുതൽ നില | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ |
|---|---|---|---|---|---|---|
| I | 572 | 29 | 83 | 296 | 30 | 163 |
| II | 574 | 35 | 86 | 412 | 40 | 36 |
| III | 714 | 30 | 100 | 519 | 45 | 50 |
| IV | 830 | 32 | 160 | 569 | 56 | 45 |
| V | 530 | 18 | 100 | 374 | 50 | 6 |
| VI | 780 | 12 | 180 | 543 | 40 | 17 |
| VII | 611 | 20 | 190 | 310 | 66 | 45 |
| VIII | 601 | 23 | 184 | 306 | 75 | 36 |
| IX | 802 | 15 | 241 | 495 | 40 | 26 |
| X | 621 | 25 | 100 | 370 | 75 | 76 |
| | 6635 | 239 | 1424 | 4194 | 517 | 500 |

# സംസ്കാരം

കലാരംഗത്തും കായികരംഗത്തും സാമാന്യം മികവുറ്റ പ്രദേശമായിരുന്നു അരിമ്പൂർ പഞ്ചായത്ത്. ഇന്നത്തെ ജനസംഖ്യക്ക് ആനുപാതികമായി നോക്കിയാൽ കഴിഞ്ഞ കാലങ്ങളിലേക്കാൾ ഇത് കുറവാണ്. മുൻകാലങ്ങളേക്കാൾ സ്കൂൾ കലോത്സവങ്ങൾ മോശമാകുന്നു. വായിക്കുവാനുള്ള സമയം സ്സ.ർ. അപഹരിച്ചു. വിദ്യാർത്ഥികളിൽ ഒരു വിഭാഗം ക്രിക്കറ്റ് കാണാനുള്ള ഹരം പേറി നടക്കുന്നു. എന്തിന് T. V. യിൽ ഇതുണ്ടെങ്കിൽ സ്ക്കൂളിലും കോളേജിലും ഹാജർ കുറയുന്നു. ഇവയെല്ലാം പ്രോത്സാഹിപ്പിക്കേണ്ടതാണെങ്കിലും അടിമപ്പെട്ടു പോകുന്നതുകൊണ്ട് സാംസ്ക്കാരികമായി ഒന്നും തന്നെ നേടാനാകില്ല. കൃത്യനിഷ്ഠയോടെ നടന്നുവരാറുള്ള ജവാൻ ആർട്സ് ക്ലബ്ബിൻെറ ഫുഡ്ബോൾ മത്സരം ഇന്നു വല്ലപ്പോഴുമായി മാറി. ഓണത്തിനും തിരുവാതിരക്കും മുറ്റത്ത് കൈക്കൊട്ടി കളിച്ചിരുന്നത് ഇന്ന് ടി. വി. അപഹരിച്ചു. വല്ലപ്പോഴുമുണ്ടെങ്കിൽ അത് മത്സരത്തിനുവേണ്ടിയോ പണത്തിനുവേണ്ടിയോ ആയി മാറി. യുവജനങ്ങളിൽ ഒരു വിഭാഗം അശ്ലീല സിനിമകളിലും മദ്യത്തിലും മയക്കുമരുന്നിലും ഉൾപ്പെട്ടു കഴിയുന്നു. സെൻസർ ബോർഡ് അംഗീകരിച്ച ഭാഗങ്ങളേ തിയ്യേറ്ററിൽ പ്രദർശിപ്പിക്കുന്നുള്ളുവെന്ന് ബന്ധപ്പെട്ടവർ പരിശോധിക്കുന്നുണ്ടോയെന്ന് അറിയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. മോശമായ സിനിമകളിലും മദ്യത്തിലും മയക്കുമരുന്നിലുമുള്ള പ്രവണത പെട്ടെന്നു നിറുത്തലാക്കാവുന്ന കാര്യമല്ല. ഇതിനെതിരെ ബോധവൽക്കരണമുണ്ടാക്കുവാൻ പഞ്ചായത്ത് അടിസ്ഥാനത്തിൽ കഴിവുള്ളവരെ ഉൾപ്പെടുത്തി ഒരു സമിതി ഉണ്ടാക്കണം. ജനങ്ങളെ ആകർഷിക്കുന്ന നാടകങ്ങളും ഗാനങ്ങളും പ്രഭാഷണങ്ങളും ഇതിൻെറ പ്രവർത്തനത്തിൻെറ ഭാഗമാക്കണം. വിദ്യാഭ്യാസം സംസ്ക്കാരത്തിൻെറ അടിസ്ഥാനമാണ്. തീരെ പഠിക്കാത്തവരെ എങ്ങിനെയെങ്കിലും അക്ഷരമഭ്യസിപ്പിക്കുവാൻ ശ്രമിക്കണം. ജനങ്ങളിൽ വായനാശീലം വർദ്ധിപ്പിക്കുവാൻ ബോധവൽക്കരണം നടത്തണം. ഇതെല്ലാം മേൽ സമിതിയുടെ ഭാഗമാക്കണം. അരിമ്പൂരിലെ ഏക ഗ്രന്ഥശാല 8 മണി വരെയെങ്കിലും രാത്രി തുറന്ന് പ്രവർത്തിക്കണം. കാർഷീക മേഖലയായ ഈ പഞ്ചായത്തിൽ ഇത് അത്യാവശ്യമാണ്. തൊഴിൽ കഴിഞ്ഞുവരുന്നവർക്ക് വായിക്കുവാൻ സൗകര്യം വേണമല്ലോ. വായനക്കാരൻെറ ആവശ്യത്തിനനുസരിച്ചുള്ള പുസ്തകങ്ങൾ വാങ്ങിക്കണം. ഇതിനായി ഗ്രന്ഥശാലയിലെ മെമ്പർമാരേയും മറ്റ് കലാസാഹിത്യരംഗത്തു പ്രവർത്തിക്കുന്നവരേയും ഉൾപ്പെടുത്തി ഒരു സമിതി ഉണ്ടാക്കണം.

എറവ് ഗ്രാമീണ വായനശാല, ഭാരത് കലാമന്ദിർ, ജവാൻ ആർട്ട്സ് ക്ലബ്ബ്, യുവജനവേദി, വെളുത്തൂർ ചിത്ര, കൈപ്പിള്ളി ചൈതന്യ, മനക്കൊടി ഏഴാം വാർഡിലെ ഉദയ കലാസമിതി, അംബേദ്കർ കലാസമിതി തുടങ്ങി വളരെ കലാസമിതികൾ അരിമ്പൂരിലുണ്ട്. മേൽ ക്ലബ്ബുകളുടെ നിലനിൽപിനും കെട്ടിടം ഇല്ലാത്തവക്ക് അതുണ്ടാക്കുന്നതിനും സന്മനസ്സുള്ളവരിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും പഞ്ചായത്തിൻെറ പരിധിക്കകത്തുനിന്ന് ഗ്രാൻറ് നൽകി സഹായിക്കേണ്ടത് അത്യാവശ്യമാണ്. ഇത്തരം ക്ലബ്ബുകളേയും മറ്റ് കലാ സാംസ്ക്കാരിക രംഗത്ത് പ്രവർത്തിക്കുന്നവരേയും ചേർത്ത് ഒരു ജനകീയ സമിതി അത്യാവശ്യമാണ്. ചടങ്ങുകളായി മാറുന്ന കേരളോത്സവം പോലുള്ള പരിപാടികൾ വളരെ ഗംഭീരമാക്കുവാൻ ഇതുകൊണ്ടു സാധിക്കും. കോളനികളിലും മറ്റും സ്ഥാപിച്ചിട്ടുള്ള ടി. വി. സെൻററുകൾ പുനരുദ്ധീകരിച്ച് വായനശാലകൾ കൂടിയാക്കണം. ഇത്തരം സെൻററുകൾ പഞ്ചായത്തിൻെറ മറ്റു ഭാഗങ്ങളിൽ കൂടി വേണം. പഞ്ചായത്തിലെ കുട്ടികളുടെ പാർക്ക് പുനരുദ്ധീകരിച്ച് കുട്ടികവുടെ ഗ്രന്ഥശാല കൂടി ആരംഭിക്കണം. ഇത്തരം പ്രവർത്തനങ്ങൾക്കായി ഈ ആസൂത്രണ പദ്ധതിയിൽ രൂപരേഖയുണ്ടാക്കണം.

**ലൈബ്രറികൾ, വായനശാലകൾ സംബന്ധിച്ച വിവരങ്ങൾ**

| വാർഡ് | എണ്ണം |
|---|---|
| 1<br>2<br>3<br>4<br>5<br>6<br>7<br>8<br>9<br>10 | 10 |

# വനിത

അധികാരം ജനങ്ങളി'ലേക്ക് എത്തിക്കുക എന്നതാണല്ലോ 9-ാം പഞ്ചവത്സര പദ്ധതിയുടെ മുഖ്യലക്ഷ്യം. ഈ ലക്ഷ്യം വെച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ കേരളമൊട്ടാകെ നടന്നുകൊണ്ടിരിക്കുന്നു. ഇതിൻെറ ഭാഗമായി കേരളത്തിലെ ഓരോ പഞ്ചായത്തു മേഖലകളും അസാധാരണമായ പുരോഗതിയിലേക്ക് കുതിച്ചുയരുമെന്ന പ്രത്യാശയാണ് ജനങ്ങൾക്കും ഗവണ്മെണ്ടിനുമുള്ളത്.

നൂതനമായ ആ പുരോഗതിയെ ലക്ഷ്യംവെച്ചുകൊണ്ടുള്ള വിചിന്തനങ്ങളും അതിനനുസൃതമായ പ്രവർത്തനങ്ങളും അരിമ്പൂർ പഞ്ചായത്തിലും ആവിഷ്ക്കരിക്കേണ്ടത് അനിവാര്യമാണ്. ഭൂമിശാസ്ത്രപരവും ചരിത്രപരവുമായ അവസ്ഥാവിശേഷങ്ങളെ കണക്കിലെടുക്കുമ്പോൾ വികസനത്തിൻ പാതയിൽ നിന്നും പിന്നോക്കാവസ്ഥയിലേക്ക് മാറികൊണ്ടിരിക്കുന്ന അവസ്ഥയാണ് നമ്മുടെ പഞ്ചായത്തിനുള്ളത്.

അരിമ്പൂർ പഞ്ചായത്തിലെ 10 വാർഡിലുമുള്ള മൊത്തം കുടുംബങ്ങളും ജനസംഖ്യയും കണക്കിലെടുക്കുമ്പോൾ പുരുഷന്മാരേക്കാൾ മുൻപന്തിയിലാണ് സ്ത്രീകളുടെ സ്ഥാനം. എന്നാൽ വളർച്ചയുടെ രംഗങ്ങളിലാകട്ടെ നേരെ മറിച്ചും. വിദ്യാഭ്യാസം, തൊഴിൽ, വ്യവസായം, കൃഷി, സഹകരണം എന്നീ മേഖലകളിൽ പ്രത്യേകിച്ചും സ്ത്രീകളുടെ പങ്ക് വളരെ ശോച്യാവസ്ഥയിലാണ്. കാർഷിക മേഖലയിൽ ഭാഗികമായി തൊഴിൽ ലഭ്യതയുള്ള കുറഞ്ഞ ഒരു ശതമാനം സ്ത്രീകൾ. വ്യവസായ യൂണിറ്റുകൾ, സഹകരണ രംഗങ്ങൾ, കൈത്തറി, പരമ്പരാഗത കൈതൊഴിലുകൾ എന്നിവയുടെ നിരക്ക് ശൂന്യം. ഇങ്ങിനെ പഞ്ചായത്തിലെ മൊത്തം സ്ത്രീകളുടെ എണ്ണവും അവർക്ക് മൊത്തം വികസനരംഗങ്ങളിലുള്ള പങ്കാളിത്തവും കണക്കിലെടുക്കുമ്പോൾ വളരെ പരിതാപകരമായ ഒരു അവസ്ഥയാണുള്ളത്. ചുരുക്കി പറഞ്ഞാൽ പഞ്ചായത്തിൻെറ തൻെറ മൊത്തം വികസനത്തിൻെറ പ്രധാന പങ്ക് വനിതകളിൽ നിക്ഷിപ്തമായിരിക്കുന്നതിനാൽ ആ മേഖലയിലുള്ള വ്യാപകമായ വളർച്ചയും ആസൂത്രബന്ധിതമായ വികസനവുമാണ് അഭിലഷണീയമായിട്ടുള്ളത്.

*വനിത വ്യവസായം*

വനിതകളുടെ ജീവിത നിലവാരം ഉയരുക എന്നുവെച്ചാൽ പഞ്ചായത്തിലെ ഓരോ വാർഡുകളിലേയും മൊത്തം കുടുംബങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുക എന്നുതന്നെയാണ് അർത്ഥം. ഇതിനായി പഞ്ചായത്ത് കേന്ദ്രീകരിച്ച്, വാർഡുകൾ തോറും (എല്ലാ വാർഡിലും) വനിതാ വ്യവസായ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്. ജീവിതത്തിൽ നിത്യോപയോഗം വരുന്ന ഉൽപന്നങ്ങൾക്ക് ഈ യൂണിറ്റുകളിൽ പ്രാമുഖ്യം നല്കാവുന്നതുമാണ്. കറി പൗഡർ, അച്ചാറുകൾ, ചിപ്സ്, കൊണ്ടാട്ടം, പലഹാരങ്ങൾ, പപ്പട നിർമ്മാണം, ചന്ദനത്തിരി, മെഴുകുതിരി, സോപ്പ്, റെഡിമെയ്ഡ് വസ്ത്രങ്ങൾ, കുട നിർമ്മാണം, കളിപാട്ടങ്ങൾ നിർമ്മിക്കൽ, കസേര നെയ്ത്ത്, ചൂരൽ നെയ്ത്ത്, പായ് നെയ്ത്ത് എന്നീ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്. കോഴിവളർത്തൽ, ആടു വളർത്തൽ, നഴ്സറി, പച്ചക്കറിയുൽപ്പാദനം എന്നിവയുടെ യൂണിറ്റുകളും ആരംഭിക്കാവുന്നതാണ്. മേൽപറഞ്ഞ കാര്യങ്ങളിൽ പരിശീലനം വേണ്ടവയും പരിശീലനം വേണ്ടാത്തവയുമായ കാര്യങ്ങൾ ഇനം തിരിച്ചും, മുതൽ മുടക്ക് കൂടുതൽ ആവശ്യമായവയും, അല്ലാത്തവയും ഇനം തിരിച്ചും, സ്ത്രീകളുടെ സന്നദ്ധ സംഘങ്ങളിൽ നിന്ന് പ്രാപ്തരായവരെ പ്രോത്സാഹിപ്പിച്ചും, ആവശ്യമായ വായ്പാ സൗകര്യങ്ങൾ ഏർപ്പെടുത്തിയും നടപ്പിലാക്കാവുന്നതാണ്. ഭാഗികമായി തൊഴിലവസരങ്ങളുള്ള കർഷക തൊഴിലാളി വനിതകൾക്കും ഇത്തരം യൂണിറ്റുകളിൽ 'പീസ് വർക്ക്' അടിസ്ഥാനത്തിൽ ജോലി ചെയ്യാവുന്നതാണ്.

പറഞ്ഞുവെച്ച കാര്യങ്ങളെകുറിച്ച് കൂടുതൽ ചിന്തിക്കുമ്പോഴാണ് അതിൻെറ പ്രായോഗിക സാദ്ധ്യതകളെ കുറിച്ച് ആരായേണ്ടിവരുന്നത്. പഞ്ചായത്തിലെ വാർഡുകൾ തോറും വ്യവസായിക യൂണിറ്റുകൾ ആരംഭിക്കുമ്പോൾ അതിന് ആവശ്യമായ ധനം എവിടെ നിന്ന് സമാഹരിക്കും ഓരോ പ്രോജക്ടിനും ആവശ്യമായ സംഖ്യ വായ്പയിലൂടെ നേടിയലും വായ്പാ സൗകര്യങ്ങൾ ഏർപ്പെടുത്തിയാലെ ഇത് സാധ്യമാവുകയുള്ളൂ. അതിന് ബാങ്കിങ്ങ് സൗകര്യങ്ങളും സാങ്കേതിക വിദഗ്ദ്ധമായ ഉപദേശങ്ങളും അത്യാവശ്യമാണ്. ഇവിടെയാണ് സഹകരണ

സംഘങ്ങളുടെ പ്രസക്തി.

*വനിത സഹകരണ സംഘം*

പുരോഗതിയുടെ കാര്യത്തിൽപിന്നോക്കാവസ്ഥയിൽ നില്ക്കുന്ന പഞ്ചായത്തിലെ (അരിമ്പൂർ ഗ്രാമപഞ്ചായത്ത്) വനിതാക്ഷേമത്തിന് വിഘാതമായി നില്ക്കുന്നത് സഹകരണ സംഘങ്ങളുടെ അഭാവമാണ്. പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു സഹകരണ സംഘം ആരംഭിക്കുകയും അതിന്റെ കീഴിൽ എല്ലാ വാർഡുകളിലും വനിതകളുടെ ജീവിത നിലവാരം ഉയർത്താൻ പര്യാപ്തമായ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുകയും വേണം. സഹകരണ സംഘം മുഖേന ഉൽപാദനവും വിപണനവും ചെയ്യാവുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നല്കേണ്ടതുമാണ്. യൂണിറ്റുകൾക്കാവശ്യമായ മൂലധനം വിദഗ്ദ്ധോപദേശം എന്നിവയും സഹകരണസംഘങ്ങൾ മുഖേന നല്കേണ്ടതാണ്. ഇത്തരത്തിൽ ആരംഭിക്കാവുന്ന തൊഴിലുകൾ നിരവധിയാണ്.

1. പാലും പാലുല്പന്നങ്ങളും
2. കുട നിർമ്മാണം
3. പനമ്പ്, കുട്ട, തഴപ്പായ നെയ്ത്ത്
4. തീപ്പെട്ടി വ്യവസായം
5. ഇലക്ട്രോണിക് ഉപകരണങ്ങളുടെ നിർമ്മാണം, അസംബ്ലിങ്ങ്

ഇത്തരം യൂണിറ്റുകളിൽ നിന്നുള്ള ഉല്പന്നങ്ങൾക്ക് വിപണന സാധ്യതകൾ കണ്ടെത്തുകയാണ് മുഖ്യം. അതിന് സഹകരണ സംഘങ്ങളുടെ സഹായം അത്യാവശ്യമാണ്.

പശുക്കൾക്കും തൊഴുത്തിനുമുള്ള ധനസഹായം, കുടനിർമ്മാണത്തിനുള്ള സംസ്കൃത പദാർത്ഥങ്ങളുടെ വിതരണം, ഈറ്റ, മുള, കൈതോല എന്നിവയുടെ ശേഖരണവും വിതരണവും തീപ്പെട്ടി നിർമ്മാണത്തിനുള്ള അസംസ്കൃത പദാർത്ഥങ്ങളുടെ വിതരണം, ഗുണമേന്മ നിശ്ചയിക്കൽ എന്നിവയും സഹകരണ സംഘങ്ങൾ മുഖേന നടത്താവുന്നതാണ്.

*ഗൃഹഭരണം*

കുടുംബിനികൾക്കും വീട്ടമ്മമാർക്കും ജീവിത നിലവാരം മെച്ചപ്പെടുത്തിയെടുക്കാൻ സാധ്യതകൾ അനുസരിച്ച് തൊഴിലുകളിൽ ഏർപ്പെടാവുന്നതും ഏർപ്പെടേണ്ടതുമാണ്. ഇത്തരത്തിൽ സാധ്യതയുള്ള തൊഴിലുകളും വിരളമല്ല.

1. അടുക്കളത്തോട്ട നിർമ്മാണം
2. കോഴിവളർത്തൽ, പന്നിവളർത്തൽ തുടങ്ങിയവ
3. കുറ്റിമുല്ല കൃഷി, ഔഷധസസ്യങ്ങളുടെ ഉൽപാദനം
4. തേനീച്ച വളർത്തൽ

മേൽ കാണിച്ച മേഖലകളിൽ ഒഴിവു സമയങ്ങളിലെ വിനോദം എന്ന നിലയിൽ ഏർപ്പെട്ടാൽ തന്നെ ഗണ്യമായ സാമ്പത്തിക വരുമാനം നേടിയെടുക്കാൻ സാധിക്കും. അതിനും സഹകരണ സംഘങ്ങളുടെ പിൻബലം അത്യാവശ്യമാണ്.

*ഖാദി യൂണിറ്റ്*

കുറഞ്ഞ വിദ്യാഭ്യാസവും വർദ്ധിച്ചു വരുന്ന തൊഴിലില്ലായ്മയും നേരിടുന്ന സ്ത്രീ വിഭാഗങ്ങൾക്ക് നൂലുൽപാദന മേഖലയിലൂടെ ഗണ്യമായ പുരോഗതി നേടാം. ഇതിന് വിവിധ വാർഡുകളിൽ ഖാദി യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്. നൂലുൽപാദനം, നെയ്ത്ത്, കളറിങ്ങ് എന്നിവ കൈതൊഴിലുകളായി സ്വീകരിക്കാവുന്നതാണ്.

# സഹകരണ മേഖല

അരിമ്പൂരിലെ സഹകരണ മേഖലയുടെ പ്രവർത്തനം ആരംഭിക്കുന്നതു തന്നെ 1930-ൽ എറവ് കേന്ദ്രമായി സ്ഥാപിച്ച 242-ാം നമ്പ്ര് പരസ്പര സഹായ സഹകരണ സംഘത്തിന്റെ ഉത്ഭവത്തോടുകൂടിയാണ്. പറങ്ങോടമേനോൻ എന്ന ഒരു സഹകാരിയാണ് ആദ്യത്തെ ചീഫ് പ്രമോട്ടർ. പിന്നീട് അരിമ്പൂരിലെ സഹകാരികൾ സംഘങ്ങൾ രൂപീകരിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ഒരു മത്സരം തന്നെ നടത്തുകയുണ്ടായി. 1946-ൽ അരിമ്പൂരിൽ ഐക്യനാണയ സംഘം ആക്ടനുസരിച്ച് 500-ാം നമ്പ്ര് പരസ്പര സഹായസംഘവും 728-ാം നമ്പ്ര് സഹകരണസംഘവും ആരംഭിച്ചു. പുത്തൻകോൾ, പായിക്കോൾ, ചാലാടി - പഴം കോൾ മുതലായ കോൾ മേഖലയുടെ പ്രവർത്തന സൗകര്യത്തിന് വേണ്ടി സ്ഥാപിച്ചതാണ് 186-ാം നമ്പ്ര് സഹകരണ സംഘം. അനാവശ്യമായ കിടമത്സരങ്ങളും അത് വഴി പ്രവർത്തന രംഗത്തുണ്ടായ തകരാറ് മൂലം അരിമ്പൂരിലെ സഹകരണ പ്രസ്ഥാനം തകരുകയും അതുവഴി ഏറെ പ്രവർത്തന സാധ്യതയുള്ള പ്രദേശമായ അരിമ്പൂരിൽ സഹകരണ രംഗം ഏറെ കുറെ നിഷ്പ്രഭമാണിന്ന്.

1. *എറവ് പരയ്ക്കാട് പരസ്പര സഹായ സഹകരണ സംഘം 242-ാം നമ്പ്ര്*

   ക്ലിപ്ത രഹിത ബാദ്ധ്യതയോടുകൂടി നാണയവിനിമയ സംഘമായി 1930-ൽ 25 അംഗങ്ങളുമായി ഈ സംഘം പ്രവർത്തനമാരംഭിച്ചു. ഇപ്പോൾ 320 അംഗങ്ങളുള്ള ഈ സ്ഥാപനം, കൊടയാട്ടി പടവ് കർഷക സംഘമായിട്ടാണ് പ്രവർത്തിക്കുന്നത്.

2. *500-ാം നമ്പ്ര് വിവിധോദ്ദേശ സഹകരണ സംഘം*

   ക്രഡിറ്റ് വിഭാഗത്തിൽ പെടുന്ന ഈ സംഘത്തിൽ ഇപ്പോൾ 4000 അംഗങ്ങൾ ഉണ്ട്. 1946-ൽ പ്രവർത്തനമാരംഭിച്ച ഈ സംഘത്തിൽ, പിന്നീട് 186-ാം സഹകരണ സംഘം ലയിച്ചു. പഞ്ചായത്തിലെ വിവിധ മേഖലകളിലായി 8 ലിഫ്റ്റ് ഇറിഗേഷനും, 8 റേഷൻ ഷാപ്പുകളും, 2 കൺസ്യൂമർ സ്റ്റോറും ഈ സംഘത്തിന്റെ കീഴിൽ പ്രവർത്തിച്ചിരുന്നു. പഞ്ചായത്തിലെ ബഹുഭൂരിപക്ഷം പാടശേഖരങ്ങൾക്കും, സാമ്പത്തിക സഹായം ചെയ്ത്, നേതൃത്വപരമായ പങ്ക് ഈ സ്ഥാപനം വഹിച്ചിരുന്നു. മുമ്പ് നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന 728-ാം നമ്പ്ര് സംഘം, പിന്നീട് കടബാദ്ധ്യതകളോടുകൂടി ഈ സംഘത്തിൽ ലയിച്ചു. നഷ്ടത്തിലായിരുന്നുവെങ്കിലും 1981 വരെ ഈ സംഘത്തിന്റെ പ്രവർത്തനം നടന്നുകൊണ്ടിരുന്നു. എന്നാൽ പിന്നീട് വായ്പകൾ ഒന്നും കൊടുക്കുവാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ നാല് കോൾപടവുകളുടെ നടത്തിപ്പിൽ ഒതുങ്ങി നിൽക്കുകയാണ് ഈ സംഘത്തിന്റെ പ്രവർത്തനം. സംഘത്തിന് 43¹/₂ സെൻറ് സ്ഥലത്തും 13 സെൻറ് സ്ഥലത്തും സ്വന്തമായി 2 ഇരുനില കെട്ടിടങ്ങളുണ്ട്. അതോടൊപ്പം ഉദ്ദേശം 84 ലക്ഷം രൂപം കട ബാദ്ധ്യതയും ഉണ്ട്.

3. *777-ാം നമ്പ്ര് എറവ് കാർഷിക വ്യവസായ പരസ്പര സഹായസംഘം*

   എറവ് പരയ്ക്കാട് വില്ലേജ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഈ സംഘം 1948-ൽ ആരംഭിച്ചു. ഇപ്പോൾ 362 അംഗങ്ങൾ ഉള്ള ഈ സംഘത്തിന്റെ മുഖ്യപ്രവർത്തനം ആറുമുറി പടവ് നടത്തിപ്പാണ്.

4. *ഹരിജൻ വെൽഫെയർ സഹകരണസംഘം*

   ഇപ്പോൾ കാര്യമായി പ്രവർത്തനമൊന്നും ഇല്ലാതെ അഡ്മിനിസ്ട്രേറ്റർ ഭരണത്തിൻ കീഴിൽ ഇരിക്കുന്ന ഈ സംഘം 342 അംഗങ്ങളോടുകൂടി, 1968-ൽ പ്രവർത്തനമാരംഭിച്ചു.

5. *ചക്കരച്ചെത്ത് വ്യവസായ സഹകരണ സംഘം*

   മനക്കൊടി കേന്ദ്രീകരിച്ച് ആരംഭിച്ച ഈ സംഘം ഇപ്പോൾ പ്രവർത്തനരഹിതമാണ്.

6. *R - 342 -ാം നമ്പ്ര് പുഴയ്ക്കൽ ബ്ലോക്ക് മെറ്റൽ & വുഡ്വർക്സ് ഇൻഡസ്ട്രീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി*

   കുന്നത്തങ്ങാടി കേന്ദ്രീകരിച്ച് ആരംഭിച്ച ഈ സംഘം സാമ്പത്തിക ബാദ്ധ്യതമൂലം ഇപ്പോൾ പ്രവർത്തന രഹിതമാണ്.

7. *അന്തിക്കാട് കൊപ്ര മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി*

അരിമ്പൂർ ആസ്ഥാനമായി പ്രവർത്തിച്ചിരുന്ന ഈ സംഘം ഇപ്പോൾ ലിക്വിഡേഷനിലാണ്. വെളുത്തൂർ സർവ്വേ 149-ൽ 81.സെൻറും സർവ്വേ 150-ൽ 1 ഏക്കർ 54 സെൻറും കൂടി മൊത്തം 2 ഏക്കർ 35 സെൻറ് ഭൂമി ഈ സംഘത്തിന് സ്വന്തമായി ഉണ്ട്.

8. *സെറി കാംച്ചറൽ സഹകരണ സംഘം*

ഖാദി വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിൻെറ കീഴിൽ ആരംഭിച്ച ഈ സംഘം ഇപ്പോൾ അഡ്മിനിസ്ട്രേറ്റർ ഭരണത്തിലാണ്.

9. *R9D എറവ് ക്ഷീരവ്യവസായ സഹകരണ സംഘം*

എറവ് വില്ലേജ് പ്രവർത്തന മേഖലയായി 30 അംഗങ്ങളോടുകൂടി 1974-ൽ ആരംഭിച്ച ഈ സംഘത്തിൽ ഇപ്പോൾ 169 അംഗങ്ങൾ ഉണ്ട്. പ്രതിദിനം ശേഖരിക്കുന്ന 140 ലിറ്റർ പാലിൽ 24 ലി. മാത്രമേ പഞ്ചായത്തിൽ ഉപയോഗിക്കുന്നുള്ളൂ. ബാക്കിയുള്ള പാൽ മിൽമയ്ക്ക് കൊടുത്തുവരികയാണ്. സംഘത്തിൽ 2 ജീവനക്കാർ ഉണ്ട്. സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ട്. സംഘത്തിന് കാലിത്തീറ്റ ഏജൻസിയും ഉണ്ട്. കറവമാടുകളെ വാങ്ങുന്നതിന് നാമമാത്രമായി സഹായവും ഈ സംഘം ചെയ്തുവരുന്നുണ്ട്.

10. *R47D അരിമ്പൂർ ക്ഷീരവ്യവസായ സഹകരണ സംഘം*

കുന്നത്തങ്ങാടിയിൽ 1976-ൽ 127 അംഗങ്ങളോടു കുടി പ്രവർത്തനമാരംഭിച്ച ഈ സംഘത്തിന് ഇപ്പോൾ 443 അംഗങ്ങൾ ഉണ്ട്. പ്രതിദിനം ശേഖരിക്കുന്ന 162 ലിറ്റർ പാലിൽ 82 ലിറ്റർ പഞ്ചായത്തിൽ തന്നെ വിതരണം ചെയ്യുന്നു. ബാക്കി സ്വതന്ത്രമായി വിൽക്കുന്നു. സംഘത്തിന് സ്വന്തമായി ഭൂമിയും കെട്ടിടവും ഉണ്ട്. 1995-ൽ ക്ഷീരോൽപ്പന്ന നിർമ്മാണ യൂണിറ്റ് ആരംഭിച്ചു. ഇതിൽ 4 വനിതാ ജീവനക്കാരുണ്ട്. കൂടാതെ സംഘത്തിൽ 5 ജീവനക്കാരും ഉണ്ട്.

11. *802 ചാലാടി - പഴംകോൾ കൂട്ടുകൃഷി സഹകരണസംഘം*

അരിമ്പൂർ ആസ്ഥാനമായി 1990 മുതൽ പ്രവർത്തിച്ചു വരുന്ന ഈ സംഘത്തിൻെറ പ്രവർത്തന മേഖല എറവ് - പരയ്ക്കാട് വില്ലേജുകളാണ്. 431 അംഗങ്ങളുള്ള ഈ സംഘത്തിൻെറ മുഖ്യ ലക്ഷ്യം കോൾ കൃഷി ആണ്. സംഘത്തിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ട്. ഇപ്പോൾ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്ന, ഈ സംഘത്തിൻെറ കീഴിൽ 730 ഏക്കർ കോൾ കൃഷി സംരക്ഷിക്കപ്പെടുന്നു.

12. *924 നമ്പ്ര് വിളക്കുമാടം അകംപാടം കൂട്ടുകൃഷി സഹകരണസംഘം*

വെളുത്തൂർ ആസ്ഥാനമായി 97 അംഗങ്ങളോടുകൂടി 1993 - ൽ പ്രവർത്തനം ആരംഭിച്ച, ഈ സംഘത്തിൻെറ പ്രവർത്തന മേഖല വെളുത്തൂർ - മനക്കൊടി വില്ലേജുകളാണ്. മുഖ്യലക്ഷ്യം കൃഷിയും.

*പരിഹാര നിർദ്ദേശങ്ങൾ*

1. നിലവിലുള്ള 500-ാം നമ്പ്ര് സഹകരണ സംഘത്തിന് ഭൂമിയും കെട്ടിടങ്ങളുമായി ഏകദേശം 1 കോടി രൂപയോളം ആസ്തിയുണ്ട്. ഇവ വിറ്റ് മുഴുവൻ ബാദ്ധ്യതകളും അവസാനിച്ചാലും, സംഘത്തിൻെറ പ്രവർത്തനം വീണ്ടും തുടരാൻ കഴിയും. ജില്ലാ സഹകരണ ബാങ്കിൻേറയും നബാഡിൻേറയും സഹായസഹകരണത്തോടുകൂടി ഈ സംഘത്തിന് നല്ല രീതിയിൽ പ്രവർത്തിക്കാൻ കഴിയും. ഇതുവഴി അരിമ്പൂരിലെ മുഴുവൻ ജനങ്ങൾക്കും വായ്പാ സൗകര്യം ലഭ്യമാവും. ഏതുവിധേനയും അരിമ്പൂർ ഒരു ക്രഡിറ്റ് സൗകര്യമുള്ള സംഘം കൂടിയേ തീരു. അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ അധികൃതർ ഉടനടി സ്വീകരിക്കണം.
2. സർക്കാരിൽ നിന്ന് ഹരിജനങ്ങൾക്ക് കൊടുക്കുന്ന മുഴുവൻ ആനുകൂല്യങ്ങളും ഹരിജൻ സംഘങ്ങൾ മുഖേന വിതരണം നടത്താൻ നിയമനടപടി ഉണ്ടായാൽ ഹരിജൻ വെൽഫെയർ സഹകരണ സംഘത്തിന് നല്ല രീതിയിലുള്ള പ്രവർത്തനം കാഴ്ചവെക്കാൻ കഴിയും. പഞ്ചായത്തിലെ മുഴുവൻ ഹരിജനങ്ങളേയും സംഘത്തിൽ അംഗങ്ങളായി ചേർക്കുകയും അഡ്മിനിസ്ട്രേറ്റർ ഭരണം അവസാനിപ്പിച്ച് ജനകീയ കമ്മറ്റിയുടെ കീഴിൽ സംഘത്തെ കൊണ്ടുവരികയും വേണം. കൂടുതൽ തൊഴിൽ സാധ്യതകൾ കണ്ടെത്തുന്ന പരിപാടികൾ ആസൂത്രണം ചെയ്ത് സംഘത്തിൻെറ പ്രവർത്തനം വിപുലീകരിക്കുകയും പഞ്ചായത്തിലെ ഹരിജനങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുകയും വേണം. സംഘത്തിൻെറ പ്രവർത്തനത്തിന് ഒരു ആസ്ഥാനം അനുവദിക്കു

കയും വേണം.

3. പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ക്ഷീര വ്യവസായ സഹകരണ സംഘങ്ങളുടെ പ്രവർത്തന പരിധി വർദ്ധിപ്പിച്ച്, പഞ്ചായത്തിലെ എല്ലാ ജനങ്ങൾക്കും ലഭ്യമാകത്തക്കവിധം സംഘത്തിൻെറ പ്രവർത്തനം വിപുലമാക്കണം. അരിമ്പൂരും മനക്കൊടിയും കേന്ദ്രീകരിച്ച്പുതിയ രണ്ട് ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ ആരംഭിക്കാൻ നടപടികൾ തുടങ്ങിയിട്ടുണ്ട് എന്ന് അറിയുന്നു. ഈ സംഘങ്ങൾ ഉടനടി പ്രവർത്തനം ആരംഭിക്കാൻ വേണ്ട നടപടികൾ കൈകൊള്ളണം. ഈ നാല് സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഏകീകരിച്ച് പാൽ സംസ്കരിച്ച് കൂടുതൽ ക്ഷീരോൽപ്പന്നങ്ങൾ നിർമ്മിക്കുവാൻ കഴിയണം. ഈ ക്ഷീരസംഘങ്ങൾ മുഖേന കൂടുതൽ കറവമാടുകളെ വിതരണം ചെയ്യുവാനുള്ള പദ്ധതികളും ആസൂത്രണം ചെയ്യേണ്ടതാണ്.

4. അരിമ്പൂർ കേന്ദ്രമാക്കി കാർഷിക ഉൽപ്പന്നങ്ങൾ (നെല്ല്, കൊപ്ര, അടയ്ക്ക, നേന്ത്രക്കായ) സംഭരിച്ച് സംസ്ക്കരിച്ച് വിപണനം ചെയ്യുന്നതിന് ഒരു മാർക്കറ്റിംങ്ങ് സഹകരണ സംഘം പഞ്ചായത്തിൽ ആവശ്യമാണ്. ഇതിനാവശ്യമായ പ്രവർത്തനം ലിക്വിഡേഷനിലിരിക്കുന്ന അന്തിക്കാട് കൊപ്ര മാർക്കറ്റിങ്ങ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കൈവശമുള്ള സ്ഥലം കേന്ദ്രമാക്കി ആരംഭിക്കാവുന്നതാണ്.

5. പഞ്ചായത്തിൽ റെഡിമെയ്ഡ് ഗാർമെൻറ്സ്, ഇലക്ട്രോണിക്സ്, ചിപ്പ്സ്, കുട്ട നെയ്ത്ത്, ബാഗ് നിർമ്മാണം, കറി പൗഡർ നിർമ്മാണം, പഴസംസ്ക്കരണം മുതലായ വിഭാഗങ്ങളെ ഉൾപ്പെടുത്തി വനിതാ വ്യവസായ സഹകരണസംഘം ആരംഭിക്കണം.

6. പഞ്ചായത്തിലെ അഭ്യസ്തവിദ്യരെ ഉൾപ്പെടുത്തി സഹകരണ പാരലൽ കോളേജ് ആരംഭിക്കണം. അതിനോടനുബന്ധിച്ച് ഒരു കമ്പ്യൂട്ടർ ട്രെയിനിങ്ങ് സെൻറർ വേണം.

7. പഞ്ചായത്തിൻെറ സമഗ്രമായ വികസനത്തിന് നാഷണലൈസ്ഡ് ബാങ്കിൻെറ ഒരു ശാഖ പഞ്ചായത്തിൽ ആരംഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

8. നിലവിലുള്ള നിയമത്തിന് വിധേയമായി 242-ാം നമ്പ്ര് സഹകരണ സംഘത്തിൻെറ സുഗമമായ പ്രവർത്തനത്തിന് ജില്ലാ സഹകരണ ബാങ്കിൽ നിന്ന് കൂടുതൽ സഹായം ലഭ്യമാക്കണം.

9. പഞ്ചായത്തിൽ സഹകരണ മേഖലയിൽ ഒരു കൺസ്യൂമർ സഹകരണ സംഘം എത്രയും പെട്ടെന്ന് ആരംഭിക്കുവാൻ മുൻകൈ എടുക്കണം.

## പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം

*നിർദ്ദേശങ്ങൾ*

1. അരിമ്പൂർ ഗ്രാമപഞ്ചായത്ത് അതിർത്തിയിൽപ്പെട്ട താമസയോഗ്യമായ വീടില്ലാത്ത മുഴുവൻ പട്ടികജാതി, പട്ടിക വർഗ്ഗക്കാർക്കും വീടുകൾ നിർമ്മിച്ച് കൊടുക്കുക. മുഴുവൻ കുടുംബങ്ങൾക്കും ശുചിത്വമുള്ള ആധുനിക രീതിയിലുള്ള കക്കൂസുകൾ നിർമ്മിച്ച് കൊടുക്കുക. വീടുപണികൾക്ക് പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക ഇപ്പോൾ കൊടുത്തുവരുന്ന ഗ്രാൻറ് വർദ്ധിപ്പിച്ച് കൊടുക്കുക. സർക്കാരിൽ നിന്ന് ധനസഹായത്തിലും അല്ലാതേയും പണിതിട്ടുള്ള വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ഗ്രാൻറ് അനുവദിക്കുക.

2. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ മുഴുവൻ വീടുകളും വൈദ്യുതീകരിക്കുക. തൊഴിലിന് ആവശ്യമായ വൈദ്യുതി അനുവദിക്കുക. വൈദ്യുതി ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക. വൈദ്യുതി ലഭിക്കാത്ത കോളനികളിൽ വൈദ്യുതി കണക്ഷൻ ആവുന്നതും വേഗം അനുവദിക്കുക. കോളനികളിലെ വൈദ്യുതി പോസ്റ്റുകളിൽ ആവശ്യമായ ബൾബുകൾ സ്ഥാപിക്കുക.

3. കോളനികളിൽ ശുദ്ധജലം എത്തിക്കുന്നതിന് ആവശ്യമായ പൈപ്പുകൾ ഇട്ട് ടാപ്പുകൾ സ്ഥാപിക്കുക. പുതിയ കിണറുകൾ കുഴിക്കുക. നിലവിലുള്ള കിണറുകൾ ശുചിയാക്കി ഉപയോഗയോഗ്യമാക്കുക. കുഴൽ കിണറുകൾ സ്ഥാപിക്കുക. വെളുത്തൂർ 10-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന Water Authority -യുടെ കീഴിലുള്ള ടാങ്കും ഇതിനോട് ബന്ധപ്പെട്ട 8-ാം വാർഡിലെ കുളവും പമ്പ് ഹൗസും പുനരുദ്ധരിച്ച് പ്രവർത്തനം

കാര്യക്ഷമമാക്കുകയാണെങ്കിൽ 8-ഉം 10-ഉം വാർഡുകളും 9-ാം വാർഡിലെ പകുതിയും 5-ാം വാർഡ് ഭാഗികമായും കുടിവെള്ള പ്രശ്നം പരിഹരിക്കാവുന്നതാണ്. ഇതിൻെറ ഗുണഭോക്താക്കളായി 165-ൽ പരം പട്ടികജാതി - പട്ടികവർഗ്ഗ കുടുംബങ്ങൾക്കും മറ്റുസമുദായത്തിലുള്ളവർക്കും ലഭിക്കുന്നതാണ്.

4. ഭൂപരിധി നിശ്ചയിക്കാതെ എല്ലാ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്കും കിണറുകളും കുളങ്ങളും കുഴിക്കുന്നതിനും പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിനും ധനസഹായം നൽകുക.

5. എല്ലാ കോളനികളിലേയും റോഡുകൾ ടാറിട്ട് സഞ്ചാരയോഗ്യമാക്കുക. റോഡുകൾക്ക് കാന നിർമ്മിക്കുക. ആവശ്യമായ സ്ഥലങ്ങളിൽ സൈഡ് കെട്ടുക.

6. പട്ടികജാതി - പട്ടിക വർഗ്ഗക്കാരുടെ തൊഴിൽ മേഖല സംപുഷ്ടമാക്കുന്നതിന് പരമ്പരാഗത തൊഴിലുകളായ തഴപ്പായ നെയ്ത്ത്, കുട്ട, പനമ്പ്, നെയ്ത്തുകളിൽ വ്യാപൃതരായവർക്ക് സ്വയം തൊഴിൽ ചെയ്യാൻവേണ്ട ധനസഹായം നല്കുക. മത്സ്യബന്ധനത്തിന് ആവശ്യമായ വള്ളം, വല മറ്റുപകരണങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടതായ സാമ്പത്തിക സഹായം അനുവദിക്കുക. മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന തൊഴിലാളികളെ ഇൻഷുർ ചെയ്ത് സംരക്ഷിക്കുക. തഴപ്പാ നെയ്ത്ത്, കുട്ട നെയ്ത്ത് എന്നിവയ്ക്ക് യൂണിറ്റ് തുടങ്ങുന്നതിന് വേണ്ട ഭൂമി, കെട്ടിടം എന്നിവക്ക് ധനസഹായം അനുവദിക്കുക. കൃഷിപ്പണികൾക്ക് വേണ്ടതായ ട്രില്ലർ, സ്പ്രെയർ, കലപ്പ, മൺവെട്ടി, പിക്കാസ്, വെട്ടുകത്തി, അരിവാൾ മുതലായവ സൗജന്യമായി അനുവദിക്കുക. ട്രൈസം സംവിധാനത്തിൽ പട്ടികജാതി പട്ടികവർഗ്ഗ യുവാക്കൾക്ക് കാർ ഡ്രൈവിംഗ്, ഓട്ടോറിക്ഷ ഡ്രൈവിംഗ്, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, മരപ്പണി, ചെരുപ്പ് നിർമ്മാണം, കുട നിർമ്മാണം, സ്ക്രീൻ പ്രിൻറിംഗ്, ഡി. ടി. പി. പരിശീലനം, ചൂരൽപണി, കൈത്തറി നെയ്ത്ത് സ്പ്രേ പെയിൻറിംഗ് മുതലായ തൊഴികുൾ പഠിക്കുന്നതിന് വേണ്ടതായ ധനസഹായം നല്കുക. ഇപ്പോൾ നല്കുന്ന ഗ്രാൻറ് വർദ്ധിപ്പിച്ച് നൽകുക. ആവശ്യമായവർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് വേണ്ടതായ ഉപകരണങ്ങൾ വാങ്ങുന്നതിന് കാലതാമസം കൂടാതെ ധനസഹായം നൽകുക.

പട്ടികജാതി - പട്ടികവർഗ്ഗക്കാർക്ക് കറവമാടുകളെ വാങ്ങുന്നതിനും കോഴിവളർത്തലിനും ധനസഹായം അനുവദിക്കുക. മത്സ്യം വളർത്തുന്നതിന് വേണ്ടതായ കുളം നിർമ്മിക്കുന്നതിന് ധനസഹായം നൽകുക.

7. എല്ലാ കോളനികളിലും മാതൃശിശുസംരക്ഷണ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുക. ആരോഗ്യസംരക്ഷണത്തിന് ആവശ്യമായ അഴുക്കുചാൽ നിർമ്മിക്കുക. ശുചീകരണ പരിപാടികൾ ആവിഷ്ക്കരിക്കുക. ഗർഭിണികൾക്കും, കുട്ടികൾക്കും പോഷകാഹാരം ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഗ്രാമപഞ്ചായത്തു തലത്തിൽ ഏർപ്പെടുത്തുക. രോഗപ്രതിരോധ കുത്തിവയ്പുകൾ മാതൃശിശുസംരക്ഷണ ഉപകേന്ദ്രം വഴി നൽകുക. കോളനികളിൽ, ആരോഗ്യവിദ്യാഭ്യാസ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക, പട്ടികജാതി പട്ടികവർഗ്ഗ കുടുംബിനികൾക്ക് ഇന്ന് നൽകികൊണ്ടിരിക്കുന്ന പ്രസവാനുകൂല്യം ഉയർത്തുക.

*വിദ്യാഭ്യാസം*

8. എല്ലാ കോളനികളിലും ബാലവാടിയും, ഫീഡിംഗ് സെൻററും സ്ഥാപിക്കുക. ബേബി കെയർ സെൻററുകൾ സ്ഥാപിക്കുക.

പട്ടികജാതി - പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സ്ക്കൂളുകളിലും കോളേജുകളിലും ലഭിക്കുന്ന ലംപ്സം ഗ്രാൻറും സ്റ്റൈപ്പൻറും കാലാനുസൃതമായി വർദ്ധിപ്പിക്കുക. സ്വകാര്യവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പട്ടികജാതി പട്ടിക വർഗ്ഗവിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്ന അത്യാവശ്യ ഫീസുകളും മറ്റു പിരിവുകളും സർക്കാർ സ്ഥാപനങ്ങളിലേതുമായി തുല്യമാക്കുക. പ്രൊഫഷണൽ കോഴ്സുകൾക്കുള്ള എൻട്രൻസ് കോഴ്സുകൾ സൗജന്യമാക്കുക. റിസർവേഷൻ പരിധി ജനസംഖ്യാനുപാതികമായി ഉയർത്തുക. കലാകായികരംഗങ്ങളിൽ പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് ആവശ്യമായ പരിശീലനം നൽകുക.

പട്ടികജാതി - പട്ടിക വർഗ്ഗ L.P. വിഭാഗം മുതലുള്ള കുട്ടികളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് ഉന്നത പരിശീലനം ലഭിക്കുന്നതിന് ആവശ്യമായ നവോദയ മുതലായ സ്ക്കൂളുകളിൽ അയക്കുക.

***കലാസാംസ്ക്കാരികം***

8. ആർട്ട്സ് - സ്പോർട്ട്സ് ക്ലബ്ബുകൾ, വായനശാലകൾ, ടി. വി. സെൻറർ, കളിസ്ഥലങ്ങൾ, ഹെൽത്ത് ക്ലബ്ബ് പ്രതിഭകളെ കണ്ടെത്തി പരിശീലനം നൽകുന്നതിന് Instructor മാരും ആവശ്യമായ ഉപകരണങ്ങളും നൽകുക.

***സഹകരണം:***

9. തൊഴിൽ മേഖലകളിൽ സഹകരണാടിസ്ഥാനത്തിൽ തൊഴിൽ സ്ഥാപനങ്ങൾ തുടങ്ങി പട്ടികജാതി പട്ടികവർഗ്ഗ തൊഴിലന്വേഷകർക്ക് തൊഴിൽ നൽകുന്നതിന് സത്വര നടപടികൾ കൈകൊള്ളുക.

സഹകരണ അടിസ്ഥാനത്തിൽ സ്പിന്നിംഗ് മിൽ, പട്ടികജാതി - പട്ടിക വർഗ്ഗ സ്ത്രീകൾക്ക് റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ സഹകരണ സംഘം രൂപീകരിക്കുക. സഹകരണാടിസ്ഥാനത്തിൽ, തഴപ്പാ നെയ്ത്ത്, മത്സ്യബന്ധനം, കൊട്ട, പനമ്പ് നെയ്ത്ത് മുതലായവയും നോട്ട് ബുക്ക് നിർമ്മാണം, ഫയൽ നിർമ്മാണം, പ്രിൻറിംഗ് പ്രസ്സ്, കളിപ്പാട്ട നിർമ്മാണം എന്നിവക്കും യൂണിറ്റുകൾ തുടങ്ങിയാൽ പട്ടികജാതിക്കാർക്ക് കൂടുതൽ തൊഴിലവസരങ്ങളും മെച്ചപ്പെട്ട ജീവിത നിലവാരവും ലഭിക്കും.

## 1995-96 പട്ടികജാതി പട്ടികവർഗ്ഗം

## മൊത്തം ജനസംഖ്യ 23829 ജനറൽ

| വാർഡ് | വീടുകൾ | പുരുഷൻ | സ്ത്രീകൾ | കുട്ടികൾ | മൊത്തം |
|---|---|---|---|---|---|
| I | 53 | 63 | 69 | 52 | 184 |
| II | 86 | 149 | 164 | 82 | 395 |
| III | 200 | 134 | 137 | 71 | 342 |
| IV | 65 | 135 | 160 | 23 | 318 |
| V | 83 | 136 | 118 | 69 | 333 |
| VI | 14 | 23 | 19 | 9 | 51 |
| VII | 85 | 140 | 145 | | 285 |
| VIII | 50 | 161 | 136 | 31 | 328 |
| IX | 39 | 107 | 128 | 22 | 257 |
| X | 90 | 146 | 134 | 98 | 378 |

# വിഭവ സമാഹരണം

പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങൾക്ക് പൂർണ്ണമായും സർക്കാരിനെ ആശ്രയിക്കേണ്ട അവസ്ഥയാണ് ഇന്ന് നിലനിൽക്കുന്നത്. വേണ്ടത്ര ഗ്രാൻറുകൾ കിട്ടുന്നില്ല. കിട്ടുന്നവതന്നെ യഥാസമയം കിട്ടുന്നില്ല. ലഭിക്കുന്നവ ഫലവത്തായ രീതിയിൽ പൂർണ്ണമായും വിതരണം ചെയ്യാറില്ല. പഞ്ചായത്തിൻെറ പ്രധാനമായ വരുമാനമാർഗ്ഗങ്ങൾ കെട്ടിട നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ, പ്രദർശന നികുതി, വിനോദ നികുതി, വസ്തുകൈമാറ്റ നികുതി, മുതലായവയാണ്. പഞ്ചായത്തിൻെറ ഭരണപരമായ ചെലവുകൾക്കാണ് വരുമാനത്തിൻെറ അധിക ഭാഗവും ചെലാകുന്നത്. തെരുവുവിളക്കുകൾ കത്തിക്കുന്നതിനും, ശുദ്ധ ജല വിതരണത്തിനും, പൊതു ജനാരോഗ്യ പരിപാടികൾക്കും, വിദ്യാഭ്യാസത്തിനുമായി ശേഷിച്ച സംഖ്യ ഉപയോഗിക്കുന്നു. ഇത് വളരെ കുറവാകയാൽ അതിപ്രധാനമായ ഈ ആവശ്യങ്ങൾ തൃപ്തികരമായ രീതിയിൽ നടപ്പിലാക്കാൻ സാധിക്കാതെ വരുന്നു.

JRY, V.R.M., M.I., മുതലായ ഇനങ്ങളിൽ ലഭിക്കുന്ന ഗ്രാൻറുകൾ ആവശ്യങ്ങൾക്ക് അപര്യാപ്തമായതുമാത്രമാണ്. കുളങ്ങളിൽ നിന്നും, തോടുകളിൽ നിന്നും, മത്സ്യം പിടിക്കാനുള്ള ലേലത്തിൽ നിന്നും ചെറിയ സംഖ്യ ലഭിക്കുന്നുണ്ട്.

പഞ്ചായത്തിലെ പ്രധാന കാർഷിക വരുമാനമാർഗ്ഗം നെല്ല്, തെങ്ങ്, വാഴ എന്നിവയിൽ നിന്നുള്ളതാണ്. അശാസ്ത്രീയമായ കൃഷി സമ്പ്രദായ രീതിയും കൃഷിഭൂമിയെ ക്രയവിക്രയ വസ്തുവായി കണക്കാക്കുന്ന കാഴ്ചപ്പാടും ഈ രംഗത്ത് വരുമാനം കുറയാൻ കാരണമാകുന്നു.

കെട്ടിടങ്ങളുടെ വളർച്ച നിരക്ക് വർദ്ധിക്കുന്നുണ്ടെങ്കിലും, കെട്ടിടനികുതിയിനത്തിൽ ആനുപാതികമായ വർദ്ധനവ് ഉണ്ടാകുന്നില്ല. ഈ ഇനത്തിൽ വരവു വർദ്ധിപ്പിക്കുന്നതിനാവശ്യമായ നീതിപൂർവ്വകവും, നിക്ഷ്പക്ഷവുമായ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കേണ്ടതാണ്.

ആകെയുള്ള ജനസംഖ്യയിൽ തൊഴിലില്ലാത്തവർ നല്ലൊരു ശതമാനമുണ്ട്. ശാരീരിക അദ്ധ്വാനത്തിന് വിമുഖത പ്രകടിപ്പിക്കുന്നവർക്ക് തൊഴിലിൻെറ മഹാത്മ്യവും, സേവനത്തിൻെറ മാധുര്യവും മനസ്സിലാക്കി അലസത ഉപേക്ഷിച്ച് കർമ്മോന്മുഖരാക്കാനുള്ള പദ്ധതികൾ തയ്യാറാക്കണം.

*നിർദ്ദേശങ്ങൾ*

- ബാങ്കുകളുടെ നയത്തിൽ മാറ്റം വരുത്തി വായ്പകൾ അർഹതയുള്ളവർക്ക് ലഭ്യമാക്കാനുള്ള സംവിധാനം ഉണ്ടാക്കുക. വായ്പകൾ യഥാസമയം തിരിച്ചടക്കുവാനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. അലക്ഷ്യമായ വായ്പ ഉപയോഗത്തിനും അനർഹമായ വായ്പാ വിതരണത്തിനുമെതിരെ നടപടികൾ എടുക്കുക.
- നികുതി ചുമത്തൽ നിഷ്പക്ഷവും നീതിപൂർവ്വകവുമാക്കി നികുതി പിരിവ് കാര്യക്ഷമമാക്കുക.
- പൊതുമരാമത്ത് പണികളിൽ ഇടത്തട്ടുകാരെ ഒഴിവാക്കി ജനപങ്കാളിത്തത്തോടെ നടത്തുകയും പരിശോധിക്കുകയും ചെയ്യുക.
- ആഢംബരപൂർണ്ണമായ കെട്ടിടങ്ങൾക്ക് അധിക നികുതി ചുമത്തുക.
- വിദേശവരുമാനമാർഗ്ഗമുള്ളവരെ കണ്ടെത്തി വ്യാവസായിക സംരംഭങ്ങൾ തുടങ്ങുവാനുള്ള പ്രേരണയും പ്രോത്സാഹനവും നൽകുക.
- കാർഷികവിഭവങ്ങൾ സംഭരിക്കുവാനും, സംസ്ക്കരിക്കുവാനും വിപണനം ചെയ്യുന്നതിനുമുള്ള സംവിധാനങ്ങൾ പഞ്ചായത്തിൽ തന്നെ നടപ്പിലാക്കുക.
- തൊഴിലില്ലാത്തതും, അദ്ധ്വാനശേഷിയുള്ളതുമായവരെ കണ്ടെത്തി വികസനപ്രവർത്തനങ്ങൾക്ക് പങ്കാളികളാക്കുക. അവർക്ക് പ്രോത്സാഹനവേതനം നൽകുക.

**വരവ് 1995 - 96 :**

| | | |
|---|---|---|
| കെട്ടിട നികുതി | : | 3,01,730.00 |
| തൊഴിൽ നികുതി | : | 98,310.00 |
| വിനോദ നികുതി | : | 51,876.00 |
| ലൈസൻസ് ഫീ | : | 8,477.00 |
| ഗ്രാൻറുകൾ | : | 5,90,093.00 |
| പ്രത്യേക ഗ്രാൻറുകൾ | : | 5,60,688.00 |

**ചിലവുകൾ :**

| | | |
|---|---|---|
| ഭരണ ചിലവ് | : | 4,04,253.00 |
| പൊതുമരാമത്ത് | : | 98,849.00 |
| വിദ്യാഭ്യാസം | : | 1,250.00 |
| ശുദ്ധജലം, പൊതുജനാരോഗ്യം | : | 16,665.00 |
| തെരുവുവിളക്കുകൾ | : | 1,41,555.00 |
| മറ്റുള്ളവ | : | 4,47,046.30 |




Ebenezer, Thrissur - 12. Ph: 361892, 360992